# 6
# "പക്വതയിൽ എത്തൽ"
# (6:1- 20)

### പക്വതയിലെത്തുവാനുള്ള
### മുന്നറിയിപ്പും
### പ്രബോധനവും (5:11-6:20)

ക്രിസ്തുവിന്റെ ഉപദേശത്തിന്റെ അഥവാ പഠിപ്പിക്കലിന്റെ മുഖ്യമായ ഉദ്ദേശം പക്വതയിലേക്ക് നടത്തുക എന്നതായിരിക്കണം. അതായിരുന്നു പൗലൊസിന്റെ പ്രാഥമികമായ ലക്ഷ്യം, അതായിരിക്കണം നമ്മുടേതും (ഫിലി. 3:12–14). ക്രിസ്തുവിൽ തികവുള്ള വ്യക്തികളാകുവാൻ നാം അവനെ പിന്തുടരുന്നു എങ്കിൽ, നമ്മുടെ ജീവിതത്തിൽ നാം ദൈവേഷ്ടത്തോട് അടുത്തു ചെല്ലും. എബ്രായ ലേഖനം 6 ൽ, ലേഖകൻ ആത്മിയ പക്വതയിലേക്ക് വളരുവാനുള്ള ചിന്തയാണ് ഊന്നി പറയുന്നത്.

### വിശ്വാസ ത്യാഗത്തെ മുന്നറിയിക്കുന്നു (6:1-8)

6:1–3

**1അതുകൊണ്ട് നിർജ്ജീവ പ്രവൃത്തികളെ കുറിച്ചുള്ള മാനസാന്തരം ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെ കുറിച്ചുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, 2നിത്യ ന്യായവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെ കുറിച്ചുള്ള ആദ്യ വചനം വിട്ട് പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക. 3ദൈവം അനുവദിക്കുന്ന പക്ഷം നാം അത് ചെയ്യും.**

**വാക്യം 1.** തൊട്ടു മുൻപിൽ പറഞ്ഞതുമായി ബന്ധിപ്പിച്ചുകൊണ്ടാണ്, **അതുകൊണ്ട്** എന്ന വാക്ക് ഈ ഖണ്ഡികയുടെ ആരംഭത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഒരാൾ പക്വതയിലേക്ക് എങ്ങനെ നീങ്ങും എന്ന് ലേഖകൻ പറയുവാൻ പോകുകയാണ്. വളർച്ചയുടെ ആവശ്യത്തെയും വളർച്ചയുടെ സ്വാഭാവികതയെയും മനസിലാക്കി കൊടുത്ത ശേഷം, അത് എങ്ങനെ സാധ്യമാകും എന്ന് ലേഖകൻ തന്റെ വായനക്കാരെ ബോധ്യമാക്കുകയാണ്.

**നാം** എന്ന വാക്ക് ഇവിടെ ഉപയോഗിച്ചതിനാൽ, തന്നെയും ആ ശൈശവദിശയിൽ തന്നെ കഴിയുന്ന ക്രിസ്ത്യാനികളുടെ ഗണത്തിൽ ഉൾപ്പെടുത്തി എന്ന് ധരിക്കരുത്. 2:3 ൽ പറഞ്ഞ "നമുക്ക്" എന്ന അർത്ഥത്തിലാണ് ഇവിടെ "നാം" എന്നു പറഞ്ഞിരിക്കുന്നത്, ഈ പ്രയോഗം എടുത്ത് കാണിച്ച് ലേഖനം പൗലൊസ് അല്ല എഴുതിയത് എന്ന് ചിലർ വാദിക്കുന്നു. 6:1 ലെ "നാം" എന്നു പറഞ്ഞിരിക്കുന്നതിൽ ലേഖകനും ഉൾപ്പെടാതിരിക്കുന്നതിനാൽ, 2:3 ലെ "നാം" എന്നു പറയുന്നതിലും ലേഖകൻ ഉൾപ്പെട്ടിരിക്കുവാൻ സാധ്യതയില്ല. ഈ വേദഭാഗം എടുത്ത് പൗലൊസ് അല്ല എബ്രായ ലേഖനം എഴുതിയത്

എന്ന് പറയുവാൻ സാധ്യമല്ല.

**ആദ്യ വചനം** എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെ കുറിച്ചുള്ള ഉപദേശമാണോ അതോ ക്രിസ്തുവിനാൽ നൽകപ്പെട്ട ആദ്യ വചനമാണോ? കെജെവിയിൽ "ക്രിസ്തുവിന്റെ ഉപദേശത്തിലെ ആദ്യ വചനം" എന്നാണ്. ഗ്രീക്ക് പ്രയോഗം അക്ഷരികമായി പറയുന്നത്, "ക്രിസ്തുവിന്റെ വചനത്തിന്റെ ആരംഭം" എന്നാണ്. കർത്താവ് ആദ്യം സംസാരിച്ച വചനം രക്ഷക്കുള്ളതായിരുന്നു (2:3), അപ്പോൾ ആ പ്രയോഗം വ്യക്തമാക്കുന്നത് *ക്രിസ്തുവിനാൽ പ്രാഥമികമായി നൽകപ്പെട്ട ഉപദേശം* എന്നാണ്. *ക്രിസ്തുവിനെ കുറിച്ചുള്ള* ഉപദേശങ്ങളേക്കാളധികം ഉൾപ്പെടുന്നതാണ് ലേഖനത്തിലെ ആദ്യ വചനത്തിൽ. ഇവിടെ പറഞ്ഞിരിക്കുന്ന ആറു കാര്യങ്ങൾ, പഴയ നിയമകാലത്തെ യെഹൂദന്മാരെ, ബാധിക്കുന്നതായിരുന്നു എന്ന് വാദിക്കപ്പെട്ടിരിക്കുന്നു. എങ്ങനെയായാലും, പ്രാരംഭ സമയം മുതൽ തന്നെ അവ "പ്രത്യേകമായ ക്രിസ്തീയ ഉപദേശമാണ്" എന്ന് സഭ മനസിലാക്കിയിരുന്നു.[1]

ആ വാക്കുകൾ അടിസ്ഥാനപരമായി ക്രിസ്തീയ ഉപദേശങ്ങളെ കുറിച്ചുള്ളതാണ്, അല്ലാതെ പുരാതന യെഹൂദ ഉപദേശങ്ങളല്ല എന്നാണ് ആ പ്രയോഗം വ്യക്തമാക്കുന്നത്. "യെഹൂദന്മാരായിരുന്നവർ ക്രിസ്തുവിലേക്ക് തിരിഞ്ഞുവന്നവരായിരുന്നു ഈ ലേഖനത്തിന്റെ ആദ്യ വായനക്കാർ."[2] ന്യായപ്രമാണത്തിലെ ഓരോ പോയിന്റും അവർ ക്രിസ്തീയ സന്ദർഭത്തിൽ മനസിലാക്കണമായിരുന്നു.[3]

എബ്രായ ലേഖനം അനുസരിച്ച്, പക്വതയിലേക്കുള്ള ആദ്യ പടി തുടരുന്നതാണ്: മുന്നോട്ട് ഗമിക്കുവാനുള്ള **സമർപ്പണം. പക്വത** (*ടെലെയിയോടെസ്*) എന്നത് "മുഴുവനും വളർന്ന," അല്ലെങ്കിൽ "പൂർണ്ണമായ" എന്നാണ് സൂചിപ്പിക്കുന്നത്. തികവുള്ള അല്ലെങ്കിൽ പൂർണ്ണതയുള്ള എന്നാണ് അത് വിവരിക്കുന്നത്. ക്രിസ്ത്യാനി പുറകോട്ടു മാറുകയോ ഉപേക്ഷിക്കുകയോ ചെയ്യരുത്; അവൻ ആത്മിയതയിൽ മുന്നോട്ട് ഗമിക്കുകയും വിശ്വസ്തമായി ദൈവത്തിന്റെ സത്യത്തിൽ ആഴമായി കാര്യങ്ങൾ ഗ്രഹിക്കയും ചെയ്യും.

"പക്വത" ഉള്ളവർക്ക് മാത്രമാണ് ക്രിസ്തുവിന്റെ ആഴമേറിയ കാര്യങ്ങൾ മനസിലാക്കുവാനും അനുഗ്രഹങ്ങൾ പ്രാപിപ്പാനും കഴിയുകയുള്ളു എന്നതിനാൽ, ആ ക്രിസ്ത്യാനികൾ പക്വത പ്രാപിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണെന്ന് ലേഖകൻ അവരെ ഓർപ്പിക്കുകയാണ്. അടിസ്ഥാനപരമായ ഉപദേശം വീണ്ടും അവരെ പഠിപ്പിക്കേണ്ടി വന്നതിനാൽ അവരെ ശാസിച്ച ശേഷം (5:12), ലേഖകൻ ഒരുപക്ഷെ ആ വായനക്കാരെ, അതേ ഉപദേശം വീണ്ടും പഠിപ്പിക്കുവാൻ ശ്രമിച്ചിരിക്കാം. പകരം ക്രിസ്തുവിന്റെ ഉയർന്ന പൗരോഹിത്യത്തെ ലേഖകൻ എടുത്ത് കാണിച്ച് അവരുടെ മനസിലാക്കൽ വിപുലപ്പെടുത്തുകയായിരുന്നു.

"പക്വതയിലേക്ക് പോകൽ" എന്ന പ്രയോഗം അർത്ഥമാക്കുന്നത് *ആത്മിയ* തികവിലേക്ക് ഉയരുവാൻ ശ്രമിക്കുക എന്നാണ്. ആ പരിശ്രമം പാപമില്ലാത്ത തികവിലേക്കല്ല. അത്തരം ശ്രമം നമ്മിൽ മാതൃകാപരമായി ഉണ്ടാകേണ്ടതാണ് (ഫിലി. 3:12–15), പക്ഷെ ഒരാൾക്ക് തന്റെ ആയുഷ്ക്കാലത്തിൽ പാപത്തെ മുഴുവൻ കീഴടക്കുവാൻ കഴിയുമോ? അത് "ഒരാൾക്ക് എത്ര ഉയരത്തിൽ ചാടുവാൻ കഴിയും? എന്നു ചോദിക്കുന്നതുപോലെയാണ്." റിക്കാർഡ് ഓരോ വർഷവും ഉയർന്നു കൊണ്ടിരിക്കും. പക്ഷെ അതിനെല്ലാം ഒരു പരിധിയുണ്ട് എന്ന് നമുക്ക് അറിയാം. "അവൾ ഒരു തികഞ്ഞ കുട്ടിയാണ്!" എന്നു പറയു

ന്നതുപോലെയാണ് തികവുള്ളവനാകുന്നത്. അതിനാൽ, അർത്ഥമാക്കുന്നത്, ഒരു സാധാരണ കുട്ടിയുടേതുപോലെ ശരീരിത്തിന്റെ എല്ലാ ഭാഗങ്ങളും പ്രവർത്തിക്കുക എന്നാണ്.

ഒരു കെട്ടിടത്തിന്റെ ബലത്തിന് **അടിസ്ഥാനം** ആവശ്യമാണ്, എന്നാൽ ഒരാളുടെ ആയുസിലെ സമയം മുഴുവൻ അടിസ്ഥാനത്തിനായി ചെലവിടുന്നത് ബുദ്ധിശൂന്യതയാണ്. ചിലർ സുവിശേഷത്തിലെ അടിസ്ഥാനകാര്യങ്ങളെ മാത്രം ചർച്ച ചെയ്തുകൊണ്ടിരുന്ന് ദൈവ വചനത്തിലെ പ്രധാനപ്പെട്ട പല കാര്യങ്ങളും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകും (മത്താ. 23:23). അത് പറയുമ്പോൾ സുവിശേഷത്തിലെ അടിസ്ഥാനപരമായ കാര്യങ്ങൾ ചർച്ച ചെയ്യേണ്ട എന്നു ധരിക്കരുത്. സത്യത്തിൽ വേരൂന്നി വളർന്നില്ല എങ്കിൽ, ഓരോ തലമുറയും വചനത്തിൽനിന്നും അകന്നു പോകുവാനിടയുണ്ട്.

നിഷേധ ഭാവത്തിലുള്ള നിർദ്ദേശമായി ലേഖകൻ പറയുന്നത്, വായനക്കാർ "ആദ്യ വചനം" **വിട്ട്** മുമ്പോട്ട് ഗമിക്കണം എന്നാണ്. "അടിസ്ഥാനം" എന്നതും "ആദ്യവചനം" എന്നു പറയുന്നതും ഒന്നു തന്നെയായിരിക്കണം, എന്നാൽ അവ എന്താണ്? അവ ജോഡികളായി ഈ വേദഭാഗത്ത് ആറു കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. ആദ്യ "രണ്ടെണ്ണം ആരംഭ അനുഭവങ്ങളാണ്. അടുത്ത രണ്ടെണ്ണം ആലങ്കാരിക പ്രകടനങ്ങളും, [അവസാനത്തെ] രണ്ടെണ്ണം ഭാവി സംഭവങ്ങളുമാണ്."[4]

ജീവനുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ രണ്ട് അടിസ്ഥാനങ്ങളുമായാണ് ലിസ്റ്റ് ആരംഭിക്കുന്നത്: **ദൈവത്തിങ്കലേക്കുള്ള വിശ്വാസവും നിർജ്ജീവ പ്രവൃത്തികളെ കുറിച്ചുള്ള മാനസാന്തരവും**.[5]

പാപത്തെ ഉപേക്ഷിച്ച് ക്രിസ്തീയ നടപ്പിന് തീരുമാനം എടുക്കുന്ന സമയത്ത് നാം മാനസാന്തരപ്പെടണം (*മെറ്റാനോയിയാ*; "മനസിന് മാറ്റം വരുത്തൽ"). അതുകൊണ്ട് മാനസാന്തരം എന്നു പറയുന്നത് അടിസ്ഥാനത്തിൽ പെടുന്നു, ക്രിസ്തീയ ജീവിതത്തിന്റെ ആദ്യമായുള്ളതാണ്. വരുവാനുള്ള രാജ്യത്തിനായി ഒരുങ്ങുവാൻ യെഹൂദന്മാരോട് ആവശ്യപ്പെട്ട ആദ്യ കാര്യങ്ങളിൽ ഉൾപ്പെട്ടതാണ് അത് (മർ. 1:4, 14, 15; പ്രവൃ 2:38; 3:19; 5:31).

"അനുതപിക്കുക" എന്ന അതേ വാക്കാണ് (*മെറ്റാമെലോമായി*). യൂദായെ കുറിച്ച് പറഞ്ഞപ്പോൾ മത്തായി 27:3 ൽ ഉപയോഗിച്ചത് ആ വാക്കാണ്. അവൻ തന്നെത്താൻ "അനുതപിച്ചു" (കെജെവി). എൻഎഎസ്ബിയിൽ "ദുഃഖം തോന്നി" എന്നാണ്, അതാണ് ആ സന്ദർഭത്തിൽ ശരിയായ തർജിമ. പൗലൊസ് ആ രണ്ട് വാക്കും 2 കൊരിന്ത്യർ 7:7–10 ൽ ഉപയോഗിച്ചിരിക്കുന്നു, അവിടെ രണ്ടും തമ്മിലുള്ള വ്യത്യാസം വളരെ എളുപ്പത്തിൽ അടുത്ത കാലത്തെ തർജിമകളിൽ കാണാം. നാം ദൈവത്തിനെതിരായി ചെയ്ത പാപത്തിൽനിന്നു ശരിയായ അനുതാപത്തോടെ മാറിയില്ലെങ്കിൽ ദൈവത്തിന്റെ നിത്യ ശിക്ഷാവിധി അനുഭവിക്കും എന്ന വിശ്വാസത്താൽ മാനസാന്തരപ്പെടും (ലൂക്കൊ. 13:3; പ്രവൃ. 17:30, 31). ശരിയായ മാനസാന്തരത്തിന്റെ പൂർണ്ണ വിവരണം ഇതാണ്: ദൈവത്തിന് ഹൃദയ വേദന ഉണ്ടാക്കിയ പാപങ്ങളെ വിട്ട് കളഞ്ഞ്, ശരിയായി അനുതപിച്ച്, മനസും മനോഭാവവും മാറ്റുവാനുള്ള ഉറച്ച തീരുമാനം പ്രകടിപ്പിക്കുന്നതാണ് മാനസാന്തരം. അതിൽ, ഒരേ ഒരു രക്ഷകനാണ് നമുക്ക് ഉള്ളതെന്ന് തിരിച്ചറിഞ്ഞ്, പാപവഴിയിൽ നിന്ന് കർത്താവിന്റെ വഴിയിലേക്ക് തിരിയുന്ന ജീവിതരീതിയും ഉൾപ്പെടുന്നു. സേവ്യർ. ഗ്രെയിത് എൽ. റീസ് വളരെ ലളിതമായി നിർവ്വചിച്ചു പറഞ്ഞിരിക്കുന്നത്

"പാപത്തെ കുറിച്ചുള്ള അനുതാപവും മാറ്റം വരുത്തേണ്ടത് മാറ്റം വരുത്തി പ്രവൃത്തികളിൽ മാറ്റം വരുത്തുവാൻ മനസിൽ മാറ്റം വരുത്തുന്നതാണ് അത്."[6]

പ്രവൃ. 3:19 ൽ മാനസാന്തരപ്പെട്ടു തിരിയുവാനാണ് പാപികളോട് പറഞ്ഞത് (അല്ലെങ്കിൽ "തിരിയുക"; എൻഐവി). ഇത് പ്രവൃ. 2:38 മായി താരതമ്യം ചെയ്താൽ, മാനസാന്തരത്തിന്റെ ഫലത്തിലേക്കാണ് തിരിയുന്നത് എന്നു കാണാം. അത് അങ്ങനെയെങ്കിൽ, മാനസാന്തരം ഒരാളുടെ ഇഷ്ടത്തെ അല്ലെങ്കിൽ മനസിനെ മാറ്റുന്നതാണ്; അത്തരം മാറ്റത്തെ തുടർന്ന്, അയാൾ തന്റെ പാപത്തെ ഉപേക്ഷിക്കുന്നു. അപ്പോൾ, ആ "തിരിയൽ," സ്നാനം ഏൽക്കുന്നതിലേക്ക് നയിക്കുന്നു.

"നിർജ്ജീവ പ്രവൃത്തികൾ" ഇവിടെയും 9:14 ലും മാത്രമാണ് ഉള്ളത്.[7] "ചത്ത" എന്ന വാക്ക് സാധാരണ വിശ്വാസത്തെയും (യാക്കൊ. 2:17), ശരീരത്തെയും (റോമ. 8:10), ഒരു വ്യക്തിയുടെ ആത്മിയമായ അവസ്ഥയെയും (റോമ. 6:11; എഫെ. 2:1, 5; കൊലൊ. 2:13) ബാധിക്കുന്ന വിധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അയാൾ നിർജ്ജീവ പ്രവൃത്തികളിൽ തന്നെ തുടർന്നാൽ മരണമായിരിക്കും ഫലം (റോമ. 6:21–23).

കഴിഞ്ഞ കാല പാപം അടക്കമുള്ള, "മരണത്തിലേക്ക് നയിക്കുന്ന സകല പ്രവൃത്തികളിൽനിന്നു നമ്മുടെ മനസാക്ഷിയെ ശുദ്ധീകരിക്ക[ലാണ്]" ഇവിടെ പറയുന്ന നിർജ്ജീവ പ്രവൃത്തികൾ എന്നാണ് സൈമൺ ജെ. കിസ്റ്റേമേക്കർ പറഞ്ഞത്.[8] "നിർജ്ജീവ പ്രവൃത്തികളെ" ന്യായപ്രമാണത്തിന്റെ പ്രവൃത്തികളായി മാത്രം ചുരുക്കുന്നത് കൂടുതൽ നിയന്ത്രിക്കുന്നതാണെന്ന് തോന്നുന്നു. സൽപ്രവൃത്തികൾ മാത്രം ഒരാളെ രക്ഷിക്കുകയില്ല, പാപപ്രവൃത്തികൾ ഒരാളെ ആത്മിയ മരണത്തിലേക്ക് നയിക്കുകയും ചെയ്യും. പാപി ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ, അത്തരം പ്രവൃത്തികളിൽ നിന്ന് അയാൾ തിരിയണം.

ലിസ്റ്റിൽ രണ്ടാമതായി പറയുന്നത് "ദൈവത്തിങ്കലേക്കുള്ള വിശ്വാസം" ആണ്. ക്രിസ്തുവിനെ കുറിച്ച്, പഴയ നിയമത്തിൽ സത്യം വെളിപ്പെടുത്തിയ ദൈവത്തിൽ കേന്ദ്രീകൃതമാണ് ആ വിശ്വാസം. യെഹൂദന്മാരോട് പ്രസംഗിച്ച ശക്തമായ രണ്ട് വിഷയങ്ങളായിരുന്നു വിശ്വാസവും മാനസാന്തരവും, എന്നാൽ പലപ്പോഴും മാനസാന്തരമാണ് ആദ്യം പറഞ്ഞിരിക്കുന്നത് (മർ. 1:14, 15; പ്രവൃ. 20:21). എബ്രായർ ദൈവത്തിൽ വിശ്വസിച്ചവരായിരുന്നു, പക്ഷെ അവർ തിരിഞ്ഞ് ക്രിസ്തുവിലേക്ക് വരണമായിരുന്നു. ആശ്രയവും അനുസരണവും അടങ്ങുന്ന വിശ്വാസത്തിന്റെ ശക്തി ഈ ലേഖനത്തിൽ ഊന്നി പറഞ്ഞിരിക്കുന്നു. ഈ സജീവമായ വിശ്വാസത്തിന്റെ സ്വഭാവത്തെ അദ്ധ്യായം 11 ലും, 4:2; 6:12; 10:22, 38, 39; 12:2; 13:7 ലും കാണാം.

**വാക്യം 2.** ലിസ്റ്റിലെ അടുത്ത രണ്ടെണ്ണം ആലങ്കാരിക പ്രകടനങ്ങളാണ്: **കഴുകലുകളും കൈവെപ്പും**.

സ്നാനം ക്രിസ്തുവിന്റെ ആദ്യ ഉപദേശങ്ങളിൽ പഠിക്കുവാനുള്ളതാണ് സ്നാനം. എങ്ങനെയായാലും, പുതിയ നിയമത്തിൽ "സ്നാനം" (*ബാപ്റ്റിസ്മാ*) എന്നതിന് സാധാരണ ഉപയോഗിക്കുന്ന വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്ന ബഹുവചന വാക്ക് (*ബാപ്റ്റിസ്മോസ്* എന്ന മൂലവാക്കിൽനിന്നുള്ളതാണ്). ഇത് പലരേയും യെഹൂദ കഴുകലുകളെ അല്ലെങ്കിൽ യെഹൂദമതാനുസാരികളുടെ കഴുകലുകളെയാണ് പറയുന്നത് എന്ന് കരുതുവാൻ കാരണമാകുന്നു.[9] പുതിയ നിയമത്തിൽ നാല് പ്രാവശ്യം വിവിധ സ്നാനങ്ങൾ എന്ന

വാക്ക് ഉപയോഗിച്ചിരിക്കുന്നു (മർ. 7:4, 5; എബ്രാ. 6:2; 9:10). മർക്കൊസിന്റെ സുവിശേഷത്തിലെ രണ്ട് വാക്യങ്ങൾ പഴയനിയമ കഴുകലുകളെ എടുത്തു കാണിക്കുവാൻ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു. "അംഗ ശുദ്ധീകരണം" അല്ലെങ്കിൽ "ആഘോഷപരമായ കഴുകൽ" ആയിട്ടാണ് എഫ്. എഫ്. ബ്രൂസ് കണ്ടത് (ആർഎസ്‌വി നോക്കുക).[10] ശരാശരി യെഹൂദ കുടുംബങ്ങളിൽ, കഴുകൽ ചടങ്ങുകൾക്കായി *മിഖാ ഓഫ്* എന്ന കുളം ഉണ്ടായിരുന്നതായി ഭൂഗർഭ ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. ശരിയായ കഴുകലിന് "ഒഴുക്കുള്ള" വെള്ളം ലഭിക്കുവാനായി മുകളിൽനിന്ന് കുളത്തിലേക്ക് വെള്ളം ഒഴുക്കുകയും കഴുകലിനു ശേഷം വെള്ളം പുറത്തേക്ക് പോകുവാനുള്ള സാഹചര്യവും ഉണ്ടായിരുന്നു. ഒരു പരീശൻ പുറത്തു പോയി ജാതികളെ സ്പർശിക്കുകയോ മറ്റോ ചെയ്ത് അശുദ്ധനായി വീട്ടിൽ കയറുന്നതിനു മുൻപ് കുളത്തിൽ ഇറങ്ങി സ്നാനം കഴിഞ്ഞ് ശുദ്ധമായ ശേഷമേ അകത്ത് പ്രവേശിക്കയുള്ളു.

അതിനു പുറമെ, യോഹന്നാൻ വരുന്നതിന് മുൻപ് (കഴുകൽ അല്ലാതെ) മറ്റു വിധത്തിലുള്ള സ്നാനം യെഹൂദന്മാർക്ക് കൽപിച്ചതായി തെളിവുകൾ ഇല്ല. സ്നാനം സാധാരണയുള്ളതായിരുന്നു എങ്കിൽ, യോഹന്നാനെ എന്തിനാണ് "സ്നാപകൻ" അല്ലെങ്കിൽ "സ്നാനപ്പെടുത്തുന്നവൻ" എന്നു വിളിച്ചത്? അവനെ അങ്ങനെ വിളിച്ചതിൽ നിന്നും അവനാണ് ആദ്യമായി മറ്റുള്ളവരെ, പ്രത്യേകിച്ച് യെഹൂദന്മാരെ സ്നാനപ്പെടുത്തിയത് എന്ന് വ്യക്തമാക്കുന്നു. യെഹൂദ മതാനുസാരികളുടെ കാര്യത്തിൽ ജാതിയിൽപെട്ടയാൾ സ്വയമായാണ് സ്നാനം ഏറ്റിരുന്നത്; എന്നാൽ യോഹന്നാന്റെയോ യേശുവിന്റെയോ സ്നാനം അപ്രകാരം ആയിരുന്നില്ല.

പാപത്തിൽ മരിച്ച വ്യക്തിക്കാണ്, മഹത്തായ ആജ്ഞയിലെ സ്നാനം (മത്താ. 28:19; മർ. 16:16), അത് യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ പങ്കാളിയാകുന്നതിനാണ് (റോമ. 6:3-5). സ്നാനങ്ങൾ എന്നു പറഞ്ഞിരിക്കുന്നതിൽ, യോഹന്നാന്റെ സ്നാനവും, യെഹൂദ മതാനുസാരികളുടെ സ്നാനവും, പഴയ നിയമ കഴുകലുകളും ഉൾപ്പെടുന്നതാണെങ്കിൽ, അവ "ക്രിസ്തീയ ഉപദേശം" ആയി അല്ലെങ്കിൽ "ക്രിസ്തുവിനെ കുറിച്ചുള്ള ഉപദേശം" ആയി പരിഗണിക്കുന്നത് എന്തുകൊണ്ട് (വാ. 1)? അത്തരം കഴുകലുകളെല്ലാം ക്രിസ്ത്യാനിത്വത്തിന്റെ ഒരുക്കം മാത്രമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആ കഴുകൽ ചടങ്ങുകൾ "ക്രിസ്തീയ ഉപദേശം" ആയി കണക്കാക്കിയേക്കാം. ഇത് അങ്ങനെയാകുവാൻ സാധ്യതയില്ല.

നേരെ മറിച്ച്, യോഹന്നാന്റെ സ്നാനത്തെ കുറിച്ച് ജോസെഫസ് പറയുവാൻ ഉപയോഗിച്ചത് *ബാപ്റ്റിസ്മോസ്* എന്ന വാക്ക് തന്നെയാണ്.[11] ആ വാക്ക് അദ്ദേഹം തെറ്റി ഉപയോഗിച്ചതായിരിക്കാം, പക്ഷെ യോഹന്നാന്റെ സ്നാനം യെഹൂദ കഴുകലുകൾ ആയിരുന്നില്ല എന്ന് ജോസെഫെസ് മനസിലാക്കിയിരുന്നു. അയാൾ *ബാപ്റ്റിസ്മോസ്* എന്ന വാക്ക് ശരിയായിട്ടാണ് ഉപയോഗിച്ചതെങ്കിൽ, യെഹൂദ കഴുകലുകളും സ്നാനവും തമ്മിലുള്ള വ്യത്യാസം എല്ലായ്പ്പോഴും നിലനിന്നിരുന്നില്ല എന്നു വേണം തീർച്ചപ്പെടുത്തുവാൻ. ബാപ്റ്റിസ്മോസ് ചെയ്യുന്നതുപോലെ, പ്രവൃത്തി മാത്രം അല്ലാതെ, "പ്രവൃത്തിയുടെ ഫലവും" കൂടെ ഉൾപ്പെടുന്നതാണ് "യെഹൂദ-ക്രിസ്തീയ" വാക്കായ *ബാപ്റ്റിസ്മാ* എന്നാണ് കിറ്റ്സെമേക്കർ പറഞ്ഞത്.[12] *ബാപ്റ്റിസ്മോസ്* എന്ന വാക്ക് യെഹൂദ കഴുകലുകൾക്ക് മാത്രമാണ് ഉപയോഗിച്ചതെങ്കിൽ (എബ്രാ. 9:10; മർ. 7:4, 5), എബ്രായർ 6:2 ലെ അർത്ഥം നാം പരിമിതപ്പെടുത്തണം.

“ബാപ്റ്റിസ്മോസ് എന്ന വാക്ക് എല്ലായ്പോഴും ക്രിസ്തീയ സ്നാനത്തെയല്ല സൂചിപ്പിക്കുന്നത് എങ്കിലും, ഇവിടെ അത് ഉചിതമായ വാക്കാണ്, കാരണം മറ്റു കഴുകലുകളും സ്നാനങ്ങളും കാണാവുന്നതാണ്.”[13] പ്രവൃത്തിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ക്രിസ്തീയ ഉപദേശത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽപെടുന്നതാണ് സ്നാനം (1 പത്രൊ. 3:21 നോക്കുക).

എഫെസ്യർ 4:5 ൽ, പൗലൊസ് “സ്നാനം ഒന്ന്” എന്നു പറഞ്ഞിരിക്കുന്നു എങ്കിലും, പുതിയ നിയമത്തിൽ പല വിധത്തിലുള്ള സ്നാനങ്ങൾ കാണാം.[14] പൗലൊസ് എഫെസ്യ ലേഖനം എഴുതുമ്പോൾ, വിശ്വാസത്തിന്റെ ഐക്യതക്ക് അപ്പോൾ നിലനിൽക്കുന്ന സ്നാനം ഒന്നുമാത്രമാണെന്നായിരിക്കണം അവൻ പറഞ്ഞത്. മഹത്തായ ആജ്ഞയിൽ എല്ലാവരും അനുസരിക്കുവാൻ കൽപിച്ചിരിക്കുന്നത് ആ സ്നാനമാണ്. യോഹന്നാന്റെ സ്നാനത്തിനു പകരം ക്രിസ്തുവിന്റെ സ്നാനം ക്രിസ്തുവിന്റെ യുഗത്തിലേക്ക് വന്നിരിക്കുന്നു എന്നാണ് പൗലൊസ് തറപ്പിച്ചു പറയുന്നത് (പ്രവൃ. 19:1–6 ൽ വ്യക്തമാക്കുന്നതുപോലെ). ദൈവ കരുണയാൽ നൽകപ്പെട്ട മറ്റു കഴുകലുകളെല്ലാം ക്രിസ്തുവിന്റെ ഉപദേശത്തിനുള്ള ഒരുക്കം ആയിരുന്നേക്കാം. അവയെ എല്ലാം പിന്നിലാക്കിയാണ് സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങിയത്.

അടുത്ത വാക്ക് “കൈവെപ്പ്” ആണ്. പഴയനിയമ കാലത്തെ ഈ പരിശീലനം പുതിയനിയമ കാലത്ത് ഒരു വ്യക്തിയാൽ അനുഗ്രഹം പകരുവാൻ, പ്രത്യേക വരത്തോടുകൂടിയും അല്ലാതെയും തുടരുകയാണ് (പ്രവൃ. 13:3) അല്ലെങ്കിൽ ദൈവികശക്തിയുള്ള ഒരാളാൽ നടത്തപ്പെടുന്നു, ഉദാഹരണത്തിന് ക്രിസ്തു, അല്ലെങ്കിൽ അപ്പൊസ്തലൻ. അത് ചെയ്തിരുന്നത്, യാഗം അർപ്പിക്കുമ്പോഴോ, അല്ലെങ്കിൽ ഒരാൾക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോഴോ, അല്ലെങ്കിൽ ഒരു ദൗത്യത്തിനായി മറ്റൊരാളെ നിയോഗിച്ച് അയക്കുമ്പോഴോ ആയിരുന്നു. ദൈവശ്വാസിയരായ അപ്പൊസ്തലന്മാർ തങ്ങളുടെ അധികാരത്തെ കാണിച്ചു കൊടുക്കുന്നതും ആത്മിയ വരങ്ങൾ അത്ഭുതകരമായി പകർന്നു കൊടുക്കുന്നതുമായിരുന്നു (പ്രവൃ. 6:6; 8:14–17; 19:1–6; റോമ. 1:11). യേശു കുട്ടികളെ അനുഗ്രഹിക്കുന്നതിനും രോഗികളെ സൗഖ്യമാക്കുന്നതിനും അവരുടെ മേൽ കൈ വെച്ചിരുന്നു (മത്താ. 19:13; മർ. 5:23). അപ്പൊസ്തലന്മാർ ഇത് രോഗികളെ സൗഖ്യമാക്കുവാനും (പ്രവൃ. 28:8), ചില പുരുഷന്മാരെ ചില പ്രവൃത്തികൾക്കായി തിരഞ്ഞെടുത്ത് നിയമിക്കുന്നതിനും (പ്രവൃ. 6:6; 1 തിമൊ. 5:22), ആത്മാവിന്റെ അത്ഭുത ശക്തി പകർന്നു കൊടുപ്പാനും കൈവെപ്പ് നടത്തിയിരുന്നു. പ്രാർത്ഥനയോടനുബന്ധിച്ച് അത് നടത്തിയിരുന്നതായി പ്രവൃത്തികൾ 8:14–17; 19:1–6 വ്യക്തമാക്കുന്നു.[15]

അപ്പൊസ്തലന്മാർക്ക് അല്ലാതെ മറ്റു പുരുഷന്മാർക്ക് ആർക്കും അത്ഭുത വരങ്ങൾ പകർന്നു കൊടുപ്പാൻ അധികാരം നൽകിയിരുന്നില്ല. അത്ഭുത വരങ്ങൾ പകർന്നു കൊടുക്കുന്നത് സഭയിൽ പിന്തുടരുമെന്ന് ദൈവം ഒരിക്കലും പറഞ്ഞിട്ടില്ല. സ്നാനവും കർത്തൃമേശയും തുടരുന്ന കൽപനകളായി നമുക്ക് മാതൃക കാണാം, പക്ഷെ ആത്മിക വരങ്ങൾ പകർന്നുകൊടുക്കുന്നത് തുടരുന്നതായി മാതൃകയില്ല. ആ കഴിവുള്ള ദൈവശ്വാസിയരായ പുരുഷന്മാർ മരിച്ചതൊടുകൂടെ, കൈവെച്ച് അത്ഭുതവരങ്ങൾ പകർന്നു കൊടുക്കുന്നത് അനാവശ്യമാകുന്നു. ഇന്ന് ആർക്കും കൈവെപ്പോടെ അത്ഭുത വരങ്ങൾ പകർന്നു കൊടുപ്പാൻ സാധ്യമല്ല. ഇന്ന് ആർക്കെങ്കിലും അതിനു കഴിയുമെന്ന് അവകാശപ്പെടുകയാണെങ്കിൽ, അവർക്ക് മരിച്ചവരെ ഉയർപ്പിക്കുന്നതടക്ക

മുള്ള അപ്പൊസ്തലന്മാരുടെ എല്ലാ അധികാരവും അവർ പ്രകടിപ്പിക്കണം (പ്രവൃ. 9:36–42).

അടിസ്ഥാന ഉപദേശങ്ങളിലെ അവസാന രണ്ടെണ്ണം, ഭാവി സംഭവങ്ങളാണ്: **മരിച്ചവരുടെ പുനരുത്ഥാനവും നിത്യ ന്യായവിധിയും.**

"മരിച്ച" (*നെക്റോൺ*) എന്നത് ബഹുവചന വാക്കാണ്. ഈ പുസ്തകത്തിൽ, യേശു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റ ശേഷം കല്ലറകളിലുള്ള പലരും പുനരുത്ഥാനം ചെയ്തതടക്കം, പല പുനരുത്ഥാനങ്ങളെ കുറിച്ച് പറയുന്നുണ്ട് (മത്താ. 27:51–53). ശാരീരിക ഉയർത്തെഴുന്നേൽപ്പ് മിക്ക യെഹൂദന്മാരും സ്വീകരിച്ചിരുന്നതായി തോന്നുന്നു. ഇതിൽനിന്ന് ഒഴിവുള്ളവർ ന്യൂനപക്ഷമായിരുന്ന സദൂക്യരായിരുന്നു (പ്രവൃ. 23:8). എങ്ങനെയായാലും, യേശുവുമായുള്ള മത്തായി 22:23–33 ലെ സംഭാഷണത്തിൽ അത് തർക്കവിഷയമായിരുന്നു. ഉയർത്തെഴുന്നേൽപ്പ് ഉപദേശത്തെ സാധൂകരിക്കുന്നതിന് ഉപയോഗിക്കാവുന്ന പഴയനിയമ വാക്യങ്ങളാണ് ഇയ്യോ. 19:26, യെശയ്യാവ് 26:19, ദാനിയേൽ 12:2.

പുതിയ നിയമ എഴുത്തുകാർ അതിന് കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നതിനാൽ, പുനരുത്ഥാനം ഒരു പുതിയനിയമ ഉപദേശമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു, എന്നാൽ ഒരുക്കമായിരുന്ന യെഹൂദന്മാരുടെ വിശ്വാസത്തിൽനിന്നും അത് നീക്കാവുന്നതല്ല. പുനരുത്ഥാനം എന്ന ആശയം പുതിയ നിയമത്തിൽ ഉടനീളം കാണാം (ലൂക്കൊ. 14:14; യോഹ. 5:28, 29; 11:24, 25; പ്രവൃ. 17:18, 32; റോമ. 1:4). യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽക്കുന്നതിനു മുൻപ് തന്നെ ശിഷ്യന്മാരുടെ മനസിൽ ആ വിഷയം നിറഞ്ഞു നിന്നിരുന്നു.

ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് നിമിത്തമാണ് നാം നമ്മുടെ ഉയർത്തെഴുന്നേൽപ് ഉറപ്പിക്കുന്നത് (പ്രവൃ. 17:31). വായനക്കാർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നതിനാൽ, അവർ ആദ്യവചനം വിട്ട് മുൻപോട്ട് ഗമിക്കണം എന്ന് അടിസ്ഥാനോപദേശ ലിസ്റ്റ് വ്യക്തമാക്കുന്നു.

"നിത്യന്യായവിധി" ആണ് ലിസ്റ്റിലെ ആറാമത്തേത്. നിത്യത മുഴുവൻ ബന്ധപ്പെട്ടതാണ് ഒരു ന്യായവിധി. ദൈവത്തിന്റെ പല ന്യായവിധികളും താൽക്കാലിക സ്വഭാവമുള്ളവയാണ്, എന്നാൽ സകല മനുഷ്യർക്കുമുള്ള അന്ത്യവും നിത്യവുമായ വിധിയെ കുറിച്ച് മത്തായി 25:31–46; പ്രവൃ 17:30, 31 ലും; 2 കൊരിന്ത്യർ 5:10 ലും പറഞ്ഞിരിക്കുന്നു. ഈ വാക്യങ്ങളും മറ്റു പല വാക്യങ്ങളും വ്യക്തമാക്കുന്നത്, നാം എല്ലാവരും "ദൈവത്തിന്റെ ന്യായാസനത്തിനു മുൻപാകെ നിൽക്കേണ്ടി വരും" എന്നാണ് (റോമ. 14:10). ആ ചിന്ത ഫേലിക്സിന്റെ മനസിൽ ഭയമുളവാക്കി (പ്രവൃ. 24:25), സുവിശേഷം കേട്ടിട്ടും മാനസാന്തരപ്പെടാത്ത ഓരോ വ്യക്തിയിലും അത് ഉണ്ടാകും.

എല്ലാ ക്രിസ്ത്യാനികൾക്കും ഉയർത്തെഴുന്നേൽപിനെ കുറിച്ചും ന്യായവിധിയെ കുറിച്ചും ബോധ്യമുണ്ടായിരിക്കണം, അല്ലെങ്കിൽ ഈ ലോകത്തിന്റെ പരീക്ഷണങ്ങളിലും കഷ്ടങ്ങളിലും അൽപം ഉത്തേജനം ലഭിക്കണം. ഒരാൾ ആരംഭത്തിൽ സുവിശേഷം അനുസരിക്കുന്നതിന് പ്രോൽസാഹകമാണ് ന്യായവിധി നാളിനെ കുറിച്ചുള്ള വിശ്വാസം (റോമ. 2:3–6). ഈ ആശയം ചുരുക്കമായി പഴയനിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട് (സഭാ. 12:14). പാപങ്ങൾക്കുള്ള താൽക്കാലിക ശിക്ഷയായിരുന്നു പഴയ നിയമത്തിലെ പല ന്യായവിധികളും. ഉദാഹരണത്തിന്, തങ്ങൾക്ക് വരുവാനുള്ള "ദൈവത്തിന്റെ ... ന്യായവിധിക്കായി" യിസ്രായേൽ ജനം ഒരുങ്ങേണ്ടിയിരുന്നു (ആമോ. 4:12). എബ്രായർ

9:27 ൽ ദൈവത്തിന്റെ നിത്യ ന്യായവിധി വെളിപ്പെടുത്തുകയും 12:25 ൽ അത് കൂടുതൽ അന്തർലീനമാക്കുകയും ചെയ്തിരിക്കുന്നു.

**വാക്യം 3.** ഈ ഭാഗം 6:1–3, ഈ വാക്കുകളാൽ ഉപസംഹരിക്കുന്നു: **ദൈവം അനുവദിക്കുന്ന പക്ഷം നാം അത് ചെയ്യും.** "ദൈവ സഹായത്താലും അവന്റെ അനുവാദത്താലും നാം പക്വതയിലേക്ക് സഞ്ചരിക്കും" എന്നായിരിക്കണം ലേഖകൻ അർത്ഥമാക്കിയത്. പക്വതയിലേക്ക് നയിക്കുന്ന ഉപദേശമാണ് ലേഖനം പുരോഗമിക്കുമ്പോൾ നൽകുന്നത് എന്നാണ് ബ്രൂസ് പറഞ്ഞത്.[16] യെഹൂദ മതവും ക്രിസ്ത്യാനിത്വവും ഒരേ സമയത്ത് കൊണ്ടുപോകാം എന്നായിരിക്കാം ഈ ലേഖനം എഴുതിയിരിക്കുന്ന ക്രിസ്ത്യാനികളിൽ ചിലർ വിചാരിച്ചിരുന്നത്. അതുകൊണ്ട് അന്യദേവനെ നമസ്ക്കരിച്ചിരുന്നവരിൽനിന്ന് പരിവർത്തനം ചെയ്തവരേക്കാൾ വിശ്വാസത്യാഗത്തിന്റെ അപകടം കൂടുതലും ഇവർക്കായിരുന്നു.

ആത്മാവിന്റെ ആഴമേറിയ സത്യത്തിലേക്കായിരുന്നു ലേഖകൻ വായനക്കാരെ നയിക്കുവാൻ ആഗ്രഹിച്ചത്, പക്ഷെ എല്ലാ ആത്മിയ വളർച്ചയും ദൈവേഷ്ടത്തിൽ അധിഷ്ഠിതമായിരുന്നു. പ്രാരംഭ ക്രിസ്ത്യാനികൾക്കിടയിലെ ഭക്തിയുള്ളവരുടെ സംസാരത്തിൽ മുഴങ്ങി കേട്ടിരുന്ന ഒന്നായിരുന്നു "ദൈവം അനുവദിച്ചാൽ" എന്ന പ്രയോഗം.[17] അത് നമുക്കും ബാധകമാണ്. ഇപ്രകാരമുള്ള ഒരു പ്രസ്താവന നാം നടത്തുമ്പോൾ, ദൈവമാണ് നിയന്ത്രിക്കുന്നത് എന്നു വ്യക്തമാക്കുകയാണ്.

**6:4–8**

**4ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗീയ ദാനം അനുഭവിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും 5ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ 6പിൻമാറി പോയാൽ 6തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളവരല്ല.**

അപായ സൂചനയുടെ സത്യം വെളിപ്പെടുത്തുന്നതാണ് എബ്രായർ 6:4–8: നാം "പക്വതയിലേക്ക് പോയില്ലെങ്കിൽ," നാം വിശ്വാസത്യാഗത്തിലേക്ക്, അല്ലെങ്കിൽ വിശ്വാസത്തിൽനിന്നു തന്നെ വീണുപോകുവാനിടയുണ്ട്.

വിശ്വാസ ത്യാഗത്തെ മുന്നറിയിക്കുന്ന വേദഭാഗമാണ് ഇത്. വിശ്വാസ ത്യാഗം അസാധ്യമാണെന്ന് വിശ്വസിക്കുന്നവർക്ക് ഈ വേദഭാഗം വളരെ വിഷമം ഉളവാക്കും. അത്തരത്തിൽ ആയിട്ടുള്ള വ്യക്തികൾ ഒരിക്കലും പരിവർത്തനം ചെയ്തവരല്ല എന്ന വാദമാണ് അവർ ഉന്നയിക്കുന്നത്. വാസ്തവത്തിലുള്ള ഒരു ക്രിസ്ത്യാനിക്ക് വീണു പോകുവാൻ കഴിയുകയില്ല എന്ന് ആർദർ ഡബ്ലിയു. പിങ്ക് പറഞ്ഞുവെങ്കിലും, അദ്ദേഹം വിലയുള്ള ഒരു പ്രസ്താവന നടത്തിയിരിക്കുന്നു: "[വിശ്വാസികൾ] എന്നു മാത്രം പറയുന്നവർക്ക് ഒന്നിൽ നിന്നും വീണുപോകുവാൻ ഇല്ലല്ലൊ."[18] ഇവിടെ പറയുന്നവർ വെറും വിശ്വാസികൾ മാത്രമല്ല എന്ന് അദ്ദേഹം അംഗീകരിക്കുന്നതായി മനസിലാക്കാം.

"തുടരുന്നതാണ്" പരിവർത്തനം തെളിയിക്കുന്നത് എന്നാണ് വേറെ ചിലർ കരുതുന്നത്. ആ വാദത്തെയും നമ്മുടെ വേദഭാഗം ഖണ്ഡിക്കുന്നു. യഥാർത്ഥത്തിൽ പരിവർത്തനം ചെയ്തവരാണ് ഇവിടെ പറയുന്ന വീണു

പോയ വ്യക്തികൾ എന്ന് ഇത് സൂചിപ്പിക്കുന്നു. ജീവിതം മുഴുവനും നാം വിശ്വസ്തരായി നിലകൊള്ളേണ്ടവരാണ്; എന്നാൽ ഒരാൾ സത്യസന്ധമായി പരിവർത്തനം ചെയ്തു എന്നു തെളിയിക്കുന്നത് അത് മാത്രമല്ല.

"നാം തുടങ്ങിയില്ലെങ്കിൽ, ഒരിക്കലും പൂർത്തിയാക്കുവാൻ കഴിയുകയില്ല" എന്നു പറഞ്ഞ്, വീണുപോകുവാൻ സാധ്യതയില്ല എന്ന് ജെയിംസ് റ്റി. ഡ്രാപ്പർ, ജൂനിയർ., പോലും വാദിച്ചു.[19] ഇവിടെ വിവരിച്ചിരിക്കുന്ന വിശ്വാസ ത്യാഗം സംഭവിച്ചവർ ക്രിസ്തീയ ജീവിതം ആരംഭിച്ചതാണ്, പക്ഷെ അവർ അത് വളർത്തിയില്ല. അത്തരം ആളുകൾ മനപ്പൂർവ്വമായി ക്രിസ്തുവിന്റെ യാഗത്തെ തള്ളിക്കളഞ്ഞവരാണ് എന്ന് 10:26 വ്യക്തമാക്കുന്നു. അങ്ങനെ ചെയ്തതിനാൽ, അവർ മാനസാന്തരത്താൽ അനുഭവിച്ചതിനെയാണ് തള്ളിക്കളഞ്ഞത്.

6:4–6 ൽ പറഞ്ഞിരിക്കുന്നവർ ഒരിക്കലും കർത്താവിനെ അറിയാത്തവർ ആയിരുന്നില്ല, തങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തിയ ക്രിസ്ത്യാനികളായിരുന്നു അവർ. വിശ്വാസ ത്യാഗത്തിന്റെ അപകടം, "ഭാവനയല്ല, യഥാർത്ഥത്തിലുള്ളതാണ്. അല്ലെങ്കിൽ ഈ ലേഖനത്തിൽ നൽകുന്ന ഉയർന്ന-നിലവാരത്തിലുള്ള പ്രബോധനം വിലയില്ലാത്തതും, നിരർത്ഥകവും, വിഡ്ഢിത്തവുമെന്ന നിലയിൽ തള്ളിക്കളയണം."[20]

ക്രിസ്തുവിന്റെ സംഭവത്തിലുള്ള വിശ്വാസം നഷ്ടപ്പെടുത്തി ഒരു ക്രിസ്ത്യാനി വീണു പോകുന്നത് ഖേദകരമത്രെ (റോമ. 11:22; ഗലാ. 5:4). ഒരു വ്യക്തി ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ ആ രക്ഷ എന്നേക്കും നിലനിർത്തുമെന്ന ഉറപ്പ് എബ്രായ ലേഖകൻ നൽകുന്നില്ല. ഒരിക്കൽ രക്ഷിക്കപ്പെട്ടയാൾ പിന്മാറിയാലും അവസാനം തിരിച്ചുവന്നു രക്ഷിക്കപ്പെടും എന്നും എബ്രായ ലേഖകൻ വിശ്വസിക്കുന്നില്ല. ക്രിസ്ത്യാനി "വീണു പോയാൽ" നിത്യമായി ആത്മാവ് നഷ്ടപ്പെട്ടുപോകുവാൻ സാധ്യതയുണ്ടെന്നാണ് ലേഖകൻ വിശ്വസിച്ചത് (വാ. 6).

ആ വീണു പോയ വ്യക്തികൾ വെറും ക്രിസ്ത്യാനികൾ മാത്രമായിരുന്നവരാണെന്ന് ആർക്കും തീർപ്പ് കൽപിക്കുവാൻ സാധ്യമല്ല, കാരണം അവർക്ക് പല ദൈവീകമായ അനുഗ്രഹങ്ങളും ലഭിച്ചിരുന്നു. ആത്മിയ വരങ്ങൾ നൽകിയ ദൈവത്തെ തന്നെ അവർക്കു വഞ്ചിക്കുവാൻ സാധിക്കുമോ? "വരുവാനുള്ള ലോകത്തിലെ ശക്തി" നൽകുവാൻ ദൈവത്തിന് മാത്രമെ കഴിയു (വാ. 5; എംഫസിസ് ആഡഡ്). "ശക്തികൾ" എന്നതിനുള്ള അതേ വാക്ക് (*ഡുനാമിസ്*) 2:4 ൽ തർജ്ജിമ ചെയ്തിരിക്കുന്നത് "അത്ഭുതങ്ങൾ" എന്നാണ്. ആ തട്ടിപ്പ് കാണിച്ച വിശ്വാസികൾക്ക് ദൈവം തന്റെ അത്ഭുത ശക്തി നൽകുമോ? ഇല്ല, അവനെ വഞ്ചിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട്, അവിടെ പറഞ്ഞിരിക്കുന്ന ആളുകൾ വാസ്തവത്തിൽ, ദൈവരാജ്യത്തിലേക്ക് പ്രവേശിച്ചവരായിരുന്നു. എങ്കിലും അവർ തങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തുകയും വീണുപോകയും ചെയ്തു.

**വാക്യം 4.** അവിശ്വസ്തരായി തീർന്നവർ ക്രിസ്ത്യാനികളായതു കൊണ്ട് ദൈവം നൽകിയ വലിയ അനുഗ്രഹങ്ങളിൽ **പ്രകാശന**[വും] ഉൾപ്പെട്ടിരുന്നു. അത് 2 കൊരിന്ത്യർ 4:3, 4 ൽ "സുവിശേഷത്തിന്റെ പ്രകാശം" കാണുന്ന[തിനെ] ആണ് ചിത്രീകരിച്ചിരിക്കുന്നത്. പിശാചിനാൽ തെറ്റിദ്ധരിക്കപ്പെട്ടവരാണ് പ്രകാശനം ലഭിക്കാത്തവർ. 10:32 ൽ ലേഖകൻ പറഞ്ഞു, "എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ച ശേഷം നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ച്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്ക് കൂട്ടാളികളായി തീർന്നും ഇങ്ങനെ

കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊൾവിൻ." 10:26 ൽ "സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം" എന്നു പറഞ്ഞതിന്റെ പര്യായമാണ് "പ്രകാശനം ലഭിച്ച ശേഷം" എന്ന് തോന്നുന്നു. ഈ ലേഖനം എഴുതിയപ്പോഴേക്കും, അവർ പാപത്തിന്റെ അന്ധകാരത്തിൽനിന്ന് പാപത്തെ അതിജീവിച്ചതിനാൽ അവരുടെ ആത്മാക്കൾ നിറയെ സുവിശേഷത്തിന്റെ പ്രകാശമായിരുന്നു.

യേശു ലോകത്തിന്റെ വെളിച്ചം ആണ് (യോഹ. 8:12), വെളിച്ചത്തിലായവർ വാസ്തവത്തിൽ പരിവർത്തനം ചെയ്യപ്പെട്ടവരാണ്. അയാൾ തുടർച്ചയായി വെളിച്ചത്തിൽ നടന്നാൽ (1 യോഹ. 1:7), ക്രിസ്തുവിന്റെ രക്തത്താൽ തുടർച്ചയായ പാപമോചനവും ലഭിക്കും വെളിച്ചത്തിൽ നടക്കുവാൻ ശ്രമിക്കുമ്പോൾ ഒരാൾ അറിയാതെ പാപം ചെയ്തേക്കാം. ആ പാപത്തെ കുറിച്ച് അയാൾക്ക് ബോധ്യമാകാതെ ഏറ്റുപറയുവാൻ സാധ്യമല്ല. അങ്ങനെയാകുമ്പോൾ, ക്രിസ്തുവിന്റെ രക്തം അയാളുടെ പാപം തുടർച്ചയായി പോക്കും. എന്നാൽ ഒരാൾക്ക് തന്റെ തെറ്റ് ബോധ്യമായാൽ അയാൾ തീർച്ചയായും ഏറ്റു പറയണം (1 യോഹ. 1:8–10). "മരണത്തിനായുള്ള ... പാപം" (1 യോഹ. 5:16) എന്നു പറയുന്നത്, സഹോദരനായ വ്യക്തി ഏറ്റു പറയാത്ത പാപമാണ് (1 യോഹ. 1:9), കാരണം ഏറ്റു പറയുന്ന പാപമെല്ലാം ക്ഷമിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. മനസ് തകർന്നവനും താഴ്മയുള്ളവനുമായ ഒരു വ്യക്തി താൻ അറിഞ്ഞും അറിയാതെയും ചെയ്തിട്ടുള്ള എല്ലാ തെറ്റുകൾക്കും ക്ഷമാപണം അപേക്ഷിക്കും. എഫെസ്യർ 5:8 ൽ "മുൻപ് ഇരുട്ടിൽ ആയിരുന്നവരെ" കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്നു. ലേഖകൻ ഇത് എഴുതുമ്പോഴേക്ക് അവർ "കർത്താവിൽ വെളിച്ചമായി" എന്നു പറയുന്നു. "ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചവരെ" കുറിച്ച് കൊലൊസ്യർ 1:13 വെളിപ്പെടുത്തുന്നു.

ഒരിക്കൽ പരിവർത്തനം ചെയ്യപ്പെട്ടവർ **സ്വർഗീയ ദാനം ആസ്വദിച്ചിരിക്കുന്നു**. ഇവിടെ പറയുന്ന ആളുകൾ "ആസ്വദിച്ചിട്ടേയുള്ളു, അല്ലാതെ വാസ്തവത്തിൽ രക്ഷിക്കപ്പെട്ടിരുന്നില്ല" എന്നാണ് കൃപയിൽനിന്നു വീണുപോകുവാൻ സാധ്യതയില്ല എന്ന് അവകാശപ്പെടുന്നവർ പറയുന്നത്. ആ കാഴ്ചപ്പാടിനെ നിഷേധിക്കുന്നതാണ് എബ്രായർ 2:9 ൽ യേശു മരണത്തെ "ആസ്വദി[പ്പാൻ]" എന്നു പറഞ്ഞിരിക്കുന്നത്. രണ്ട് വേദഭാഗങ്ങളിലും "ആസ്വദിക്കുക" എന്നതിന് (*ഗെയിയോമായി*) ഒരേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അവൻ ക്രൂശിൽ കിടന്നപ്പോൾ കുടിപ്പാൻ കണ്ടിവെണ്ണ കലർന്ന വീഞ്ഞുകുടിപ്പാൻ കൊടുത്തപ്പോഴും ഉപയോഗിച്ച വാക്ക് അതു തന്നെയാണ് (അല്ലാതെ വിഴുങ്ങുക എന്നല്ല) (മത്താ. 27:34), എന്നാൽ എബ്രായ ലേഖനത്തിൽ അതിന്റെ ഉപയോഗം വേറെയാണ്. യേശു മരണം ആസ്വദിക്കുക മാത്രമാണോ ചെയ്തത്, അതോ വാസ്തവത്തിൽ അനുഭവിച്ചോ? "ആസ്വദിക്കുക" എന്ന വാക്ക് കൊണ്ട് എബ്രായ ലേഖകൻ അർത്ഥമാക്കുന്നത് എന്തെങ്കിലും പൂർണ്ണമായും ഉൾക്കൊള്ളുന്നതിനെയാണ്. എന്തിലെങ്കിലും മുഴുവനായും പങ്കാളിയാകുക എന്നാണ് ആ വാക്ക് അർത്ഥമാക്കുന്നത്.[21] "ആസ്വദിക്കുക" എന്നാൽ ഒരാളുടെ ഉള്ളിലേക്ക് എന്തെങ്കിലും വലിച്ചെടുക്കുക എന്നാണ്. "ദൈവത്തിന്റെ നല്ല വചനം ആസ്വദിക്കുവാൻ" (വാ. 5) നമ്മുടെ സ്വഭാവം അതിലേക്ക് മുഴുവനായി ലയിക്കണം എന്നർത്ഥം.

"സ്വർഗീയ ദാനം" എന്നു പറയുന്നത് ക്രിസ്തുവിൽ ലഭിക്കുന്ന രക്ഷയായിരിക്കണം, അത് അവന് മാത്രം നൽകുവാൻ കഴിവുള്ള പുതുജീ

വൻ ആണ് (റോമ. 6:23). ആ ദാനം അവർക്ക് ലഭിച്ചിരിക്കയാൽ, ഇവിടെ പറഞ്ഞിരിക്കുന്നവർ തീർച്ചയായും രക്ഷിക്കപ്പെട്ടിരിക്കും. ചിലർ ഈ ദാനത്തെ പരിശുദ്ധാത്മാവ് എന്നാണ് വ്യാഖ്യാനിക്കുന്നത്. അത് ആയിരിക്കുവാൻ സാധ്യത കുറവാണ് കാരണം തൊട്ടു താഴെ അവർ "പരിശുദ്ധാത്മാവിനെ പ്രാപിക്കയും ചെയ്തവർ" എന്നു പറഞ്ഞിരിക്കയാണ്. പരിശുദ്ധാത്മാവ് ലഭിക്കുന്നവർ അവനിൽനിന്ന് "കുടിക്കുന്നവർ" ആയിരിക്കും എന്നാണ് യേശു പറഞ്ഞത് (യോഹ. 7:37–39). ഈ ആശയം പൗലൊസ് 1 കൊരിന്ത്യർ 12:13 ൽ പറഞ്ഞിരിക്കുന്നു. നാം ക്രിസ്തുവിൽ വിശ്വസിക്കുന്നിടത്തോളം ക്രിസ്തുവിൽ നമുക്ക് പുതുജീവൻ ഉണ്ട്. യോഹ 5:24 ഉം മറ്റു വേദഭാഗങ്ങളിലും ഉപയോഗിച്ച കാലം സൂചിപ്പിക്കുന്നത് "വിശ്വാസം സൂക്ഷിച്ചുകൊണ്ടിരിക്കണം" എന്നാണ്. ക്രിസ്ത്യാനികൾ ഇപ്പോൾ "നിത്യജീവന്റെ പ്രത്യാശ" ഉള്ളവരാണ് (തിത്തൊ. 1:2). ലഭിക്കാത്തതിനു വേണ്ടി കാത്തിരിക്കുന്നതാണ് പ്രത്യാശ എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു, അത് ലഭിച്ചു കഴിഞ്ഞാൽ അതിനുവേണ്ടിയുള്ള കാത്തിരിപ്പ് നിന്നു പോകയും ചെയ്യും (റോമ. 8:24, 25). യേശു മടങ്ങി വരുമ്പോഴാണ് ആ പ്രത്യാശ നിറവേറുന്നതും ലഭിക്കുന്നതും (എബ്രാ. 9:27, 28). പുതിയ നിയമത്തിൽ "ആത്മിക വരങ്ങൾക്ക്" പ്രത്യേകമായിട്ടാണ് "ദാനം" (*ഡോറിയാ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്.[22] എങ്ങനെയായാലും, യോഹന്നാൻ 4:10 ൽ, രക്ഷാ ദാനം എന്ന അർത്ഥത്തിലും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് കാണാം.

**പരിശുദ്ധാത്മാവ് പ്രാപിക്കുന്നതാണ്** മറ്റൊരു അനുഗ്രഹം. ലോകത്തിന് ലഭിക്കാത്തതാണ് പരിശുദ്ധാത്മാവ് (യോഹ. 14:17), എന്നാൽ അവനെ വാഗ്ദാനം ചെയ്തിരിക്കുന്നത് ക്രിസ്ത്യാനികൾക്കാണ് (ഗലാ. 4:6; നോക്കുക റോമ. 8:9). വാസ്തവത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കുമാണ് യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിരിക്കുന്നത് (യോഹ. 7:37–39), എന്നാൽ ക്രിസ്തു തേജസ്ക്കരിക്കപ്പെട്ട് സ്വർഗാരോഹണം ചെയ്യുന്നതുവരെ അവനെ നൽകിയിരുന്നില്ല. പ്രവൃത്തികൾ 2:38 ൽ പത്രൊസ് തന്റെ പ്രസംഗത്തിൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നതിനെ കുറിച്ച് പറഞ്ഞു. വിശ്വാസം മൂലമാണ് ആത്മാവിനെ നൽകുന്നത് എന്ന് വ്യക്തമാണ് (ഗലാ. 3:1, 2, 14), അങ്ങനെയാണ് ക്രിസ്തുവും നമ്മിൽ വസിക്കുന്നത് (എഫെ. 3:17).

പരിശുദ്ധാത്മ ദാനത്തെ പ്രാരംഭ സഭ എങ്ങനെയാണ് മനസിലാക്കിയിരുന്നത്? പ്രവൃത്തികൾ 5:32 പറയുന്നത് സ്വർഗത്തിൽ ക്രിസ്തുവിന്റെ തേജസ്ക്കരണത്തിനും അപ്പൊസ്തലന്മാരുടെ അത്ഭുത പ്രവൃത്തികൾക്കും പരിശുദ്ധാത്മാവ് സഹായിച്ചിരുന്നു. "തന്നെ അനുസരിക്കുന്നവർക്ക് ... നൽകുന്ന പരിശുദ്ധാത്മാവ്" എന്നാണ് പത്രൊസ് പിന്നെ പരിശുദ്ധാത്മാവിനെ കുറിച്ച് പറഞ്ഞത് (പ്രവൃ. 5:32). അപ്പൊസ്തലന്മാർക്ക് അത്ഭുത ശക്തി ലഭിച്ചത് (പ്രവൃ. 2:43; 3:1–9; 5:1–12 നോക്കുക). സുവിശേഷം അനുസരിച്ച മറ്റു ചിലരിലേക്ക് അവർ ഇത് പകർന്നു കൊടുക്കുകയും ചെയ്തു (പ്രവൃ. 8:14–17; 19:1–6). എങ്ങനെയായാലും, യേശു അപ്പൊസ്തലന്മാർക്ക് മാത്രമാണ് ആത്മാവിന്റെ അമാനുഷിക ശക്തി വാഗ്ദാനം ചെയ്തത് (യോഹ. 14:26; 15:26, 27; 16:12, 13). അപ്പൊസ്തലന്മാർക്കും മറ്റു ചിലർക്കും മാത്രമായി വാഗ്ദാനം ചെയ്ത അത്ഭുത ശക്തി ഇന്ന് എല്ലാ ക്രിസ്ത്യാനികൾക്കും ഉണ്ട് എന്ന് അവകാശപ്പെട്ടാൽ, നാം ഈ വേദഭാഗങ്ങളെ ദുരുപയോഗം ചെയ്യുകയാണ്.

പ്രവൃത്തികൾ 10:45, 46 ലെ "പരിശുദ്ധാത്മാവിന്റെ ദാനം" എന്നു

പറഞ്ഞിരിക്കുന്നതിൽ അന്യഭാഷയും ഉൾപ്പെട്ടിരുന്നു എന്നത് ആത്മാവിന്റെ അത്ഭുത ശക്തി തന്നെയായിരുന്നു. പെന്തെകൊസ്തു നാളിൽ പരിശുദ്ധാത്മ ശക്തി ലഭിച്ച അപ്പൊസ്തലന്മാർ ആദ്യമായി ഉപയോഗിച്ച വരം അന്യഭാഷ ആയിരുന്നു (പ്രവൃ. 2:4, 6–8).

പ്രവൃത്തികൾ 8 ൽ, ശമര്യക്കാർ വചനം കേട്ട് വിശ്വസിച്ച് സ്നാനം ഏറ്റു എങ്കിലും, അപ്പൊസ്തലന്മാർ അവിടെ എത്തുന്നതുവരെ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചിരുന്നില്ല. പരിശുദ്ധാത്മാവ് അവരുടെമേൽ വരേണ്ടതിന് പത്രൊസും യോഹന്നാനും അവരുടെ മേൽ കൈവെക്കണമായിരുന്നു. അപ്പോൾ പരിശുദ്ധാത്മാവിന്റെ ദാനം അന്നു ലഭിക്കുവാൻ അപ്പൊസ്തലന്റെ സാന്നിദ്ധ്യം ആവശ്യമായിരുന്നു. ശമര്യയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും സുവിശേഷ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത ഫിലിപ്പൊസിന് “പരിശുദ്ധാത്മാവിന്റെ ദാനം” പകർന്നു കൊടുപ്പാൻ കഴിഞ്ഞിരുന്നില്ല; കഴിഞ്ഞിരുന്നു എങ്കിൽ അവൻ ചെയ്യുമായിരുന്നു. പരിശുദ്ധാത്മാവിന്റെ വരം ആരിലും നേരിട്ട് നൽകിയിരുന്നില്ല (അപ്പൊസ്തലന്മാരുടെ കൈവെപ്പിനാലല്ലാതെ ആ ശക്തി പകർന്നു കൊടുത്തില്ല). പ്രവൃത്തികൾ 2 മുതൽ പ്രവൃത്തികൾ 11:15 ൽ കൊർന്നെല്യോസിന്റെ ഭവനത്തിൽ സംഭവിച്ചത് വിവരിച്ചിരിക്കുന്നതു വരെ അതായിരുന്നു രീതി. “പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെ മേൽ വന്നതുപോലെ” അവരുടെ മേൽ വന്നു എന്നാണ് പത്രൊസ് പറഞ്ഞത്. ഇടക്ക് അതുപോലെയുള്ള സംഭവങ്ങൾ നടക്കാതിരുന്നതിനാലാണ്, “ആദിയിൽ” സംഭവിച്ചതുമായി പത്രൊസ് താരതമ്യം ചെയ്ത്, രേഖപ്പെടുത്തിയിരിക്കുന്നത് 2:1–4 ലാണ്.

പിന്നീട്, പ്രവൃത്തികൾ 19:1–7 ൽ, എഫെസൊസിലെ പന്ത്രണ്ട് പേർ യോഹന്നാന്റെ സ്നാനം ഏറ്റിരുന്നു എങ്കിലും, യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏറ്റപ്പോഴായിരുന്നു അവർക്ക് പരിശുദ്ധാത്മ ദാനം ലഭിച്ചത്. യോഹന്നാനു ശേഷം മറ്റാരെങ്കിലും അവരെ പഠിപ്പിച്ച് “യോഹന്നാന്റെ സ്നാനം” കഴിപ്പിച്ചതായിരിക്കണം (അപ്പൊല്ലൊസ് ആയിരിക്കാം).

അപ്പോഴേക്കും വചനം ഉറപ്പിക്കുവാനുള്ള അത്ഭുതങ്ങൾ ചെയ്തിരുന്നത് അവസാനിച്ചിരിക്കാം. എങ്ങനെയായാലും, സുവിശേഷം അനുസരിച്ചതിനാൽ, എഫെസ്യർ 5:17, 18 ൽ പറഞ്ഞിരിക്കുന്നതുപോലെ, പരിശുദ്ധാത്മ നിറവ് ആളുകൾക്ക് ലഭിച്ചിരിക്കാം. ആ “നിറവ്” പൂർണ്ണമായ അനുസരണമുള്ള ക്രിസ്ത്യാനികളിലാണ് കാണപ്പെടുന്നത്. തുടർന്ന്, ഓരോ വേദഭാഗവും ശ്രദ്ധയോടെ വായിച്ച്, നടന്നത് അത്ഭുതകരമായ ആത്മിയ പ്രവർത്തനങ്ങളാണോ അതോ അനുസരിച്ച വിശ്വാസത്തിന്റെ ഫലമായുണ്ടായ സ്വാഭാവിക ആത്മിക പ്രവർത്തനങ്ങളാണോ എന്ന് വിലയിരുത്തണം.

ആത്മാവിന്റെ സാന്നിധ്യം അവന്റെ വചനം മുഖാന്തരം മനസിലാക്കുമ്പോൾ, ക്രിസ്ത്യാനിയിൽ വിശ്വാസം ജനിച്ചു (റോമ. 10:17). ആത്മാവാണ് വചനം, എന്ന് അത് പറയുന്നില്ല, പക്ഷെ പാപികളുടെ ഹൃദയങ്ങളിൽ ഫലപ്രദമായി പാപികളിലും വിശുദ്ധന്മാരിലും പ്രവർത്തിക്കുന്നത് “വാൾ” മുഖാന്തരമാണ് (എഫെ. 6:17). നമ്മുടെ ഹൃദയങ്ങളെ കുത്തി തുളക്കുവാനുള്ള ശക്തി, സംസാരിച്ചതോ അല്ലെങ്കിൽ എഴുതപ്പെട്ടതോ ആയ ദൈവത്തിന്റെ വചനത്തിന് ഉണ്ട് (പ്രവൃ. 2:37), അത് കേട്ട് പാപത്തെ കുറിച്ച് ബോധ്യമായി പരിവർത്തനം ജനിപ്പിക്കയും ചെയ്യും (യോഹ. 16:8; എബ്രാ. 4:12, 13). യേശു പറഞ്ഞു, “ജീവിപ്പിക്കുന്നത് ആത്മാവാകുന്നു,” ജഡം ഒന്നിനും ഉപകരിക്കുന്നില്ല എന്നും “ഞാൻ നിങ്ങളോട് കൽപിച്ച വചനം ജീവനും ആത്മാവും

ആകുന്നു" എന്നും അവൻ പറഞ്ഞു (യോഹ. 6:63). അപ്പോൾ, പുതു ജീവൻ ലഭിക്കുന്നത്, യേശുവിന്റെ വചനങ്ങൾ മുഖാന്തരമാണെന്ന് നാം കാണുന്നു. ആത്മാവ് നമ്മിൽ വസിക്കുകയും നമ്മിൽ ശുദ്ധീകരണ പ്രവൃത്തികൾ ചെയ്യുന്നു എന്നും അവൻ നൽകിയ വചനം സാക്ഷ്യപ്പെടുത്തുന്നു (പ്രവൃ. 20:32). ഒന്നാം നൂറ്റാണ്ടിൽ പൊതുവായി നടന്ന അത്ഭുത അന്യഭാഷയോ, അത്ഭുത രോഗശാന്തിയോ ഇന്ന് നടക്കുന്നു എന്നു പറയുന്ന തെളിവുകൾ നമുക്ക് സ്വീകരിക്കാവുന്നതല്ല.

ആത്മാവ് ലോകത്തെ വാഴുന്നത് നമ്മുടെ നന്മക്കായിട്ടാണ്-അതിനെ നാം "ദൈവ കരുണ" എന്നു വിളിക്കുന്നു-അത് ദൈവത്തിന്റെ മറ്റൊരു പ്രവർത്തന മേഖലയാണ്. ആളുകൾ സുവിശേഷം കേട്ട് പ്രതികരിക്കുമ്പോൾ, നമ്മുടെ പരിവർത്തനത്തിലും ശുദ്ധീകരണത്തിലും അവൻ പ്രവർത്തിക്കും. ആത്മിയ വളർച്ചക്കുള്ള മാർഗങ്ങളെല്ലാം നാം തിരിച്ചറിയണം. അവ വചനത്തിലുള്ള നമ്മുടെ വിശ്വാസമനുസരിച്ചാണ് വരുന്നത് (1 പത്രൊ. 2:1, 2), അവന്റെ കരുണാധിക്യപ്രകാരമുള്ള പ്രവൃത്തികൾ നമ്മുടെ ഗുണത്തിനായിട്ടാണ് (റോമ. 8:28).

"പരിശുദ്ധാത്മാവിന്റെ കൂട്ടാളികൾ" എന്ന പ്രയോഗം കാണിക്കുന്നത് ആത്മാവ്-അനുഗ്രഹിച്ച ആളുകൾ പോലും പാപത്തിലേക്ക് വീണുപോകുവാൻ സാധ്യതയുണ്ട് എന്നാണ്. പത്രൊസിന് ജാതികളോടുള്ള മനോഭാവം ഒരിക്കൽ കുറ്റപ്പെടുത്തുന്ന സാഹചര്യം തന്നെയുണ്ടായതായി നമുക്ക് അറിയാം (ഗലാ. 2:11). പരിവർത്തനം ചെയ്യപ്പെട്ട ശിമോനിൽ അത്യാഗ്രഹ മനോഭാവം കടന്നു കൂടിയപ്പോൾ പത്രൊസ് പറഞ്ഞത് "നീ കയ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു" എന്നാണ് (പ്രവൃ. 8:18-24).

**വാക്യം 5. ദൈവത്തിന്റെ നല്ല വചനം ആസ്വദിച്ചവർ** എന്നതാണ് അടുത്ത പ്രയോഗം. യേശു ചിലപ്പോഴൊക്കെ ഉപയോഗിക്കാറുള്ള *ലോഗോസ്* എന്ന വാക്കല്ല ഇവിടെ "വചനം" എന്നതിന് ഉപയോഗിച്ചിരിക്കുന്നത് (യോഹ. 1:1, 2, 14) പുതിയ നിയമത്തിൽ ആ വാക്ക് സുവിശേഷത്തിന് പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. മറിച്ച്, ഇവിടെ *രേമാ* എന്നത് "വാക്ക്" എന്നതിനാണ് സാധാരണ ഉപയോഗിക്കുന്നത്. ദൈവം അരുളിച്ചെയ്യുന്നതിനും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു; പലപ്പോഴും *ലോഗോസും രേമായും* ഒരേ അർത്ഥമാണെന്ന് തോന്നുന്ന വിധത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ക്രിസ്തുവിനെയും അവന്റെ പ്രവൃത്തികളെയും ഉൾപ്പെടുത്തിയാണ് *രേമാ* ഉപയോഗിച്ചിരിക്കുന്നത്. ആ വാക്ക് "സുവാർത്ത," അല്ലെങ്കിൽ "സുവിശേഷം" എന്ന വാക്കിന് തുല്യമാണ് എന്നത്രെ നെയിൽ ആർ. ലൈറ്റ്ഫുട് പറഞ്ഞത്.[23] ആ "നല്ല വചനം" അനുസരിച്ചതിനാൽ നാം വിശുദ്ധീകരിക്കപ്പെട്ടു (യോഹന്നാൻ 17:17 ൽ "വചനം" എന്ന വാക്ക് വിശുദ്ധീകരണത്തിന് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തികൾ 20:32 ൽ ലോഗോസ് ആണ്, അത് തന്നെയാണ് 1 പത്രൊ. 1:22, 23 ലും ഉപയോഗിച്ചിരിക്കുന്നത്). വചനം "ആസ്വദിക്കുക" എന്നു പറഞ്ഞാൽ രക്ഷിക്കുന്ന വിശ്വാസത്താൽ സത്യ സന്ദേശത്തെ നാം അനുസരിക്കുക എന്നാണ് (എബ്രാ. 5:8, 9). ഈ സത്യത്താലാണ് നാം വിശുദ്ധീകരിക്കപ്പെട്ടതും വീണ്ടും ജനിക്കപ്പെട്ടതും. കൊരിന്ത്യരെ പൗലൊസ് "സുവിശേഷത്താൽ ജനിപ്പിച്ചു" എന്നാണ് പറഞ്ഞത് (1 കൊ. 4:15; കെജെവി). എൻഎഎസ്ബിയിൽ, "സുവിശേഷത്താൽ ഞാൻ നിങ്ങളുടെ പിതാവായി" എന്നാണ്.

"നല്ല വചനം ആസ്വദിച്ചതിനാലാണ്" നമുക്ക് വിശ്വാസം ലഭിച്ചത്, അതാണ് "ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും"

(എബ്രാ. 11:1). സുവിശേഷം കേട്ടു വിശ്വസിക്കുന്നതാണ് ആ വിശ്വാസം, അങ്ങനെ നിത്യ വീണ്ടെടുപ്പ് എന്ന ഉറപ്പും ലഭിക്കുന്നു!

ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ആളുകൾക്ക് എങ്ങനെയോ **വരുവാനുള്ള ലോകത്തിന്റെ ശക്തിയും** ലഭിച്ചിരിക്കുന്നു. "ശക്തി" (*ഡുനാമിസ്* എന്ന വാക്കിൽനിന്നു വന്നതാണ്). അതേ വാക്കാണ് 2:4 ൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതുമായുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്. "വരുവാനുള്ള ലോകം" എന്ന പ്രയോഗം സാധാരണ "മശിഹാ യുഗത്തെ" ആണ് പറയുന്നത്. ആ പ്രയോഗത്തിന്റെ വിവിധ രൂപങ്ങൾ പുതിയനിയമത്തിൽ, ആറു പ്രാവശ്യം കാണാം, അതിൽ മൂന്നു പ്രാവശ്യം സുവിശേഷ വിവരണങ്ങളിലും (മത്താ. 12:32; മർ. 10:30; ലൂക്കൊ. 18:30) മൂന്നു പ്രാവശ്യം ലേഖനങ്ങളിലും ആണ് (എഫെ. 1:21; 2:7; എബ്രാ. 6:5).

"വരുവാനുള്ള ലോകം" എന്നു പറയുന്നത് ഭാവിയിൽ സംഭവിപ്പാനുള്ളതാണെങ്കിൽ, നമുക്ക് ചോദിക്കാം, "ഭാവിയിൽ സംഭവിക്കുവാനുള്ളതാണെങ്കിൽ, നമുക്ക് ഇപ്പോൾ അനുഭവിക്കുവാൻ കഴിയുന്നത് എങ്ങനെ?" ഈ ലേഖനം എഴുതുന്ന സമയത്ത്, അവിടെയുള്ള ക്രിസ്ത്യാനികൾ ആ ശക്തി ആസ്വദിച്ചിരുന്നു. അപ്പോഴും സംഭവിക്കുവാനുള്ളതാണെങ്കിൽ, അവർ "വിശ്വാസത്താൽ" ആയിരിക്കാം അനുഭവിച്ചത്. ഉദാഹരണത്തിന്, വരുവാനുള്ള ക്രിസ്തുവിന്റെ നാൾ അബ്രഹാം വിശ്വാസത്താൽ കണ്ടിരുന്നതായി പറയുന്നു (യോഹ. 8:56). ഫലത്തിൽ, അവൻ അതിനടുത്ത് എത്തുന്നതിനു മുൻപ് തന്നെ അവൻ സ്വർഗത്തെ കണ്ടു (എബ്രാ. 11:10). "അദൃശ്യനായ ദൈവത്തെ" മോശെ കണ്ടതായി പറയുന്നു (11:27). ആ സന്ദർഭത്തിൽ പറയുന്ന ശക്തി എന്തായാലും, അത് "പരിശുദ്ധാത്മാവിന്റെ കൂട്ടാളി[കൾ]" ആകുന്നതിൽ നിന്നു വ്യത്യസ്തമാണ്.

**വാക്യം 6. എന്നിട്ടും പിന്മാറി പോയാൽ** എന്നതു സൂചിപ്പിക്കുന്നത് ദൈവത്തിന്റെ കൃപയിൽനിന്നു വീണുപോകുവാൻ സാധ്യതയുണ്ട് എന്നു തന്നെയാണ്. ആർഎസ്‌വിയിൽ *"പിന്നെ അവർ വിശ്വാസ ത്യാഗത്തിനിരയായാൽ"* എന്നാണ് (എംഫസിസ് ആഡഡ്). എൻഐവിയിൽ "അവർ തെറ്റി പോ*യാൽ*" എന്നാണ് (എംഫസിസ് ആഡഡ്). അവരുടെ മുൻപിൽ മറ്റുള്ളവർക്ക് സംഭവിച്ചതിനെയാണ് ലേഖകൻ മുന്നറിയിക്കുന്നത് എന്നാണ് ലൈറ്റ്ഫുട് പറഞ്ഞത്.[24] അത് ഒരിക്കലും സംഭവിക്കുവാനിടയില്ല എന്ന് ആൽബെർട്ട് ബാർണെസ് പറഞ്ഞതിന് എതിരാണ് അത്.[25] അത് ഒരിക്കൽ രക്ഷിക്കപ്പെട്ടിട്ട് പിന്നെ തെറ്റിപ്പോയവരെ കുറിച്ചുള്ള പ്രസ്താവന ആണ് ഇത്. ആ അനുഗ്രഹങ്ങളെല്ലാം ലഭിച്ചതിനാൽ അവരുടെ പരിവർത്തനം ആത്മാർത്ഥമായിരുന്നു എന്ന് സ്പഷ്ടം, പക്ഷെ അവർ വിശ്വാസത്തിൽനിന്നും കൃപയിൽനിന്നും വീണുപോയി.

ഈ മുന്നറിയിപ്പ് 1 തിമൊഥെയൊസ് 1:19 മായി താരതമ്യം ചെയ്യാവുന്നതാണ്, "ചിലരുടെ വിശ്വാസക്കപ്പൽ തകർന്നു പോയാതായിട്ടാണ്" അവിടെ പറഞ്ഞിരിക്കുന്നത്. പൂർണ്ണമായ വിശ്വാസത്യാഗമാണ് ഇവിടെ വരച്ചു കാണിച്ചിരിക്കുന്നത്. എബ്രായർ പിന്മാറ്റത്തിലായവർ ആയിരുന്നു, പക്ഷെ അവർ വിശ്വാസത്യാഗത്തിൽ എത്തിയില്ല.

ചിലരെ **പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ** കഴിവുള്ളതല്ല എന്നു പറയുവാൻ കാരണം എന്ത്?[26] നമ്മുടെ വേദഭാഗത്ത് പറയുന്നവർ അനവധി അനുഗ്രഹങ്ങൾ പ്രാപിച്ചിട്ട് പിന്മാറി തങ്ങൾക്ക് തന്നേ വീണ്ടും ദൈവപുത്രനെ **ക്രൂശിക്കുന്ന**[വരും] **അവന്ന് ലോകാപവാദം വരുത്തുന്ന**

[വരുമാണ്]. ഇവിടെ വർത്തമാനകാലത്തിൽ ഉപയോഗിച്ച ഗ്രീക്ക് പാർട്ടിസിപ്പിൾ *അനസ്ടൗറൗൺടാസ്* സൂചിപ്പിക്കുന്നത് (*അനസ്ടൗരൂ*വിൽ നിന്ന് "ക്രൂശിക്കുന്ന"). "മാനസാന്തരത്തിലേക്ക് പുതുക്കുവാൻ" കഴിയാത്ത വിധത്തിൽ അവരുടെ ഹൃദയങ്ങൾ കഠിനപ്പെട്ടുപോയി എന്നു സ്പഷ്ടം. എങ്ങനെയായാലും, തുടർച്ചയായ ക്രൂശിക്കൽ നിർത്തണം, അങ്ങനെയായാൽ, അവർക്ക് തങ്ങളുടെ ഹൃദയങ്ങളെ മാനസാന്തരത്തിലേക്ക് പുതുക്കുവാനും വിശ്വാസ ത്യാഗം ഒഴിവാക്കുവാനും കഴിയും. പിന്നെ അവർക്ക് ക്രിസ്തുവിന്നു "ലോകാപവാദം" വരുത്താതിരിപ്പാനും കഴിയും. ഇവിടെ ഉപയോഗിച്ച "ലജ്ജ"ക്കുള്ള അതേ വാക്കാണ് യോസേഫ് മറിയക്ക് "ലോകാപവാദം" (*പാരാഡെയിഗ്മായിസോ* ൽനിന്ന്) വരുത്താതിരിപ്പാൻ അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു എന്നു പറഞ്ഞപ്പോഴും ഉപയോഗിച്ചത്.

**സിൻസ്** എന്ന വാക്കിന് "കാരണം" എന്നും തർജിമ ചെയ്യാം (എൻഏഎസ്ബിയുടെ ചില എഡീഷനുകളുടെ മാർജിനിൽ കൊടുത്തിരിക്കുന്നതുപോലെ) "വയിൽ" എന്ന ഇംഗ്ലീഷ് വാക്ക് (വർത്തമാന കാല പാർട്ടിസിപ്പിളിനോടുകൂടെ) ചേർക്കാവുന്നതാണ്. അത്തരം വ്യാഖ്യാനം, ആ വ്യക്തിയെ നിഷ്പ്രഭമാക്കുന്നതാണ്.

"പിന്മാറ്റത്തിലായവർ" അതിൽ വിഷമം നേരിടുന്നവരായിരുന്നില്ല. അവരുടെ വിശ്വാസ ത്യാഗം പൂർണ്ണമായിരുന്നു. അവ രണ്ടും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയണം. വിശ്വാസത്യാഗത്തിലായവർ "ശപിക്കപ്പെട്ടവരുടെ" ഗണത്തിൽ പെടുന്നവരാണ് (ഗലാ. 1:8, 9).

എന്തുകൊണ്ടാണ് അയാൾ അത്ര പ്രത്യാശയില്ലാത്തവൻ ആകുന്നത്? കാരണം അയാൾ മാനസാന്തരപ്പെടുവാൻ കഴിയാത്ത വിധത്തിൽ തന്റെ ഹൃദയത്തെ കഠിനമാക്കി. അത്തരം വ്യക്തികൾ ശിക്ഷാവിധിക്ക് യോഗ്യരാണ്, കാരണം അവർ ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കുക മാത്രമല്ല, ലോകത്തിന്റെ മുൻപിൽ ക്രിസ്തുവിനെ നിന്ദിച്ചവരാണ്. അവരുടെ വിശ്വാസ ത്യാഗത്താൽ, അവർ ക്രിസ്തുവിന്റെ ക്രൂശിനെ അപഹാസ്യമാക്കി. അത്തരം കഠിന ഹൃദയരായ പാപികളിൽനിന്ന് പരിവർത്തനത്തിനുള്ള തന്റെ ശക്തിയെ ദൈവം നീക്കി കളയും.[27] മൽസരികൾ തങ്ങളുടെ മൽസരം തുടർന്നാൽ, അവർ ക്രിസ്തുവിനെ പരസ്യമായി ലജ്ജിപ്പിക്കുകയാണ്. അവർ യേശുവിനെ ക്രൂശിൽ തറച്ചപ്പോൾ, അവനെ പരിഹസിച്ചവരോട് ചേർന്നിരിക്കുകയാണ്. അവിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനെ വീണ്ടും അക്ഷരികമായി ക്രൂശിക്കുവാൻ സാധ്യമല്ല, കാരണം അവൻ സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുകയാണ്, പക്ഷെ അവരുടെ പ്രവൃത്തികൾ അവനെ ക്രൂശിൽ തറച്ചതിനോടും പരിഹസിച്ചതിനോടും താരതമ്യം ചെയ്യാം.

ഒരു വിശുദ്ധന്റെ ജീവിതത്തിൽ സ്വാഭാവികമായും ദിവസവും സംഭവിക്കേണ്ടതാണ് മാനസാന്തരം. ഏറ്റവും ചുരുങ്ങിയത് വിഡ്ഢിത്തം പറയുകയോ, തെറ്റിപ്പോകുകയോ, അല്ലെങ്കിൽ മറ്റൊരാളോട് മോശമായി പെരുമാറുകയോ ചെയ്തിരിക്കാം. അങ്ങനെ സംഭവിക്കുമ്പോൾ, "എന്നോട് ക്ഷമിക്കണം, അറിയാതെ സംഭവിച്ചതാണ്, മനഃപ്പൂർവ്വമായിരുന്നില്ല" എന്നു പറയുന്നതാണ് ഒരു വിശുദ്ധന്റെ കർത്തവ്യം. അത് ആത്മാർത്ഥമായിരിക്കുകയും വേണം. പിന്മാറി ഹൃദയകാഠിന്യത്തിലായവർക്ക് കർത്താവിനോട് അത്തരം മനോഭാവം ഉണ്ടായിരിക്കുകയില്ല; അയാൾ തന്റെ പാപങ്ങളെ കുറിച്ച് ഒരു അനുതാപവും

ഇല്ലാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. ശിക്ഷ ഒഴിവാക്കുവാൻ അയാൾക്ക് ആഗ്രഹമുണ്ടെങ്കിലും, അയാൾക്ക് അതിനു കഴിയുകയില്ല.

പിന്മാറി പോയ പാപികൾക്ക് മാനസാന്തരപ്പെടുവാൻ ഒരു അവസരവും ഇല്ല എന്നു പറയുന്നത് അതിരുകവിഞ്ഞ പ്രസ്താവനയായിരിക്കും; പുരാതന സഭയിൽ അങ്ങനെ പഠിപ്പിച്ചിരുന്നു. അത് 1 യോഹന്നാൻ 1:7–10 ന്റെ ലംഘനവും, നിരന്തരമായി പാപത്തിൽ ജീവിക്കുന്നയാൾക്ക് ദൈവപൈതലിനേക്കാൾ കരുണ ലഭിക്കുമെന്ന അർത്ഥം വരുത്തുന്നതുമായിരിക്കും. വാസ്തവത്തിൽ, പാപത്തിൽനിന്ന് രക്ഷിക്കപ്പെട്ടിട്ട്, വീണ്ടും അതിൽ കുടുങ്ങി തോറ്റുപോയാൽ, “അയാളുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ വഷളാകും” എന്നാണ് പറഞ്ഞിരിക്കുന്നത് (2 പത്രൊ. 2:20–22). അത്തരം ആളുകൾ ഒരിക്കലും പരിവർത്തനം ചെയ്തില്ലെങ്കിൽ, അവർ “ആദ്യത്തെ” അവസ്ഥയിൽ നിന്നു മോചനം പ്രാപിച്ചിട്ടില്ല; അതുകൊണ്ട് അവർക്ക് “ഒടുവിലത്തെ” സ്ഥിതി യായി എന്നു പറയുവാനും സാധ്യമല്ല.

ഒരു ക്രിസ്ത്യാനിക്ക് തിരിച്ചു വരുവാൻ കഴിയാത്ത വിധത്തിൽ പ്രത്യാശയില്ലാതായി തീരുവാൻ കഴിയുമോ? അവരെ “വീണ്ടും മാനസാന്തരത്തിലേക്ക് തിരിച്ചു വരുത്തുന്നത് അസാധ്യമോ?” ചില ആളുകൾ ആ വാക്ക് അൽപം കടുത്തു പോയെന്ന് വിചാരിച്ച് അതിനെ “പ്രയാസമാണ്” എന്നു പഠിപ്പിക്കുന്നു.[28] വേറെ ചിലർ അതിനെ കുറച്ചുകൂടെ മൃദുവാക്കി പറയുന്നത്, “മനുഷ്യർക്ക്” അത് “അസാധ്യമാണ്.” വേറൊരർത്ഥത്തിൽ അവർ പറയുന്നത് “അത്തരം വ്യക്തികളെ മാനസാന്തരപ്പെടുത്തുവാൻ മനുഷ്യർക്ക് കഴിയുകയില്ലെങ്കിലും, ദൈവത്തിന് സകലവും സാധ്യമാണ്” എന്നത്രെ. എങ്ങനെയായാലും, “മാനുഷികമായി” എന്ന വാക്ക് വേദഭാഗത്ത് ഇല്ല; ന്യായീകരിക്കാനാകാത്ത രീതിയിൽ ഈ വേദഭാഗത്തെ കൈകാര്യം ചെയ്യുന്നത് മുന്നറിയിപ്പിന്റെ യാഥാർത്ഥ്യത്തെ ഇല്ലാതാക്കുന്നതാണ്. ഒരാൾ യഥാർത്ഥത്തിൽ പരിവർത്തനം ചെയ്ത ശേഷം പിന്മാറി വീണ്ടും വിശ്വാസത്തിലേക്ക് തിരിച്ചു വരുവാൻ കഴിയാത്ത വിധത്തിൽ അയാളുടെ ഹൃദയം കഠിനപ്പെട്ടേക്കാം എന്നാണ് വേദഭാഗം വ്യക്തമാക്കുന്നത്. ദൈവശ്വാസിയനായ ഒരു എഴുത്തുകാരനാണ് ആ വസ്തുത വെളിപ്പെടുത്തിയത് എന്ന കാരണത്താൽ അത് ദൈവികമായും മാനുഷികമായും വാസ്തവം തന്നെയാണ്! അത്തരം വ്യക്തികൾക്ക് ഇവിടെ പറയുന്നതുപോലെ വാസ്തവത്തിലുള്ള അനുതാപം അസാധ്യമാണ്.

“അസാധ്യം” എന്ന് ഇവിടെ പറയുന്നതിനെ ചിലർ മനുഷ്യർക്ക് അസാധ്യമെങ്കിലും ദൈവത്തിന് സാധ്യം എന്നു വ്യാഖ്യാനിക്കുന്നുണ്ട്, അത്തരം വിവേചനം എന്നു പറയുന്നത് ഒട്ടകം “സൂചിക്കുഴയിൽ കൂടെ കടക്കും” എന്നു പറയുന്നതുപോലെയാണ് (മർ. 10:25–27).[30] വിശ്വാസത്യാഗത്തിലായവരെ സഹക്രിസ്ത്യാനികൾക്ക് മാനസാന്തരത്തിലേക്ക് വരുത്തുവാൻ സാധ്യമല്ല എന്നാണ് വേറെ ചിലർ വിശ്വസിക്കുന്നത്. എബ്രായ ലേഖനത്തിൽ പറയുന്ന “അസാധ്യം” എന്ന വാക്കിന്റെ ഉപയോഗം നാം കൂടുതലായി പഠിക്കണം. ദൈവത്തിന് തെറ്റുപറ്റുവാൻ *സാധ്യമല്ല* എന്നാണ് എബ്രായ ലേഖനം പറയുന്നത് (6:18), മൃഗയാഗങ്ങൾക്ക് പാപങ്ങളെ നീക്കുവാൻ *സാധ്യമല്ല* (10:4), വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ *സാധ്യമല്ല* (11:6). തെറ്റിപ്പോകുന്നത് വാസ്തവത്തിൽ അപകടം തന്നെയാണ്, അത് “സൈദ്ധാന്തികമായ അസാധ്യം” അല്ല. വിശ്വാസ ത്യാഗത്തിന്റെ മൊത്തത്തിലുള്ള സ്വഭാവം

അതാണ്, എന്നാൽ മറ്റു ഭാഗങ്ങളിൽ നാം വായിക്കുന്നത് അനുതാപപ്പെടുന്ന ക്രിസ്ത്യാനിക്ക് തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തിലേക്ക് തിരിച്ചുവരാം എന്നാണ് (1 യോഹ. 1:7–10; 2:1, 2; ഗലാ. 6:1, 2). യോഹന്നാൻ 21:15–19 ലെയും ലൂക്കൊ. 24:54–62 ലെയും പത്രൊസിന്റെ കാര്യം നോക്കുക.

മടങ്ങി വരാതിരിക്കുന്ന ഒരു സ്ഥിതിയിലെത്തും. പാപത്തിൽ തുടർച്ചയായി ജീവിക്കുന്നയാൾ, ദൈവ കൃപ എത്താത്ത നിലയിലായിരിക്കും. മറ്റു വേദഭാഗങ്ങൾ പഠിപ്പിക്കുന്നത് "പരിശുദ്ധാത്മാവിനെതിരായ ദൂഷണത്തെ" കുറിച്ചാണ് (മത്താ. 12:31, 32; മർ. 3:28, 29 നോക്കുക).[31] ആ തത്വം എബ്രായർ 10:26–29 ൽ അന്തർലീനമായിരിക്കുന്നു.

**വാക്യങ്ങൾ 7, 8.** ഒരാളെ സുവിശേഷം അറിയിക്കുമ്പോൾ, സംഭവിക്കുന്നതിനെ കാർഷികമായ ഫലത്തെ ഉപയോഗിച്ച് ചിത്രീകരിച്ചിരിക്കുന്നു.

ഇവിടെ രണ്ട് അടിസ്ഥാന **പശ്ചാത്തലത്തെ** താരതമ്യം ചെയ്തിരിക്കുന്നു-ഓരോന്നിലും ഒരേ തരത്തിലുള്ള മണ്ണാണ്, നവോന്മേഷത്തിന് ഒരേരീതിയിൽ **മഴ**[യും] ലഭിക്കുന്നു-ഒരേതരത്തിൽ ഉത്പന്നങ്ങൾ **മുളച്ച് വളരുന്നില്ല**. ഒരു സ്ഥലത്ത് എന്തോ കാരണത്താൽ **മുള്ളും പറക്കാരയും** വളരുന്നു. അതുപോലെ, ക്രിസ്ത്യാനികൾക്ക് ഒരേ അനുഗ്രഹങ്ങൾ ലഭിക്കുന്നു എങ്കിലും, ചിലർ കൃപയിൽ വളരുമ്പോൾ, മറ്റു ചിലർ പാപത്തിലേക്ക് മടങ്ങി പോകുന്നു. ദൈവത്തിൽ നിന്നുള്ള അനുഗ്രഹത്തിന് എങ്ങനെ പ്രതികരിക്കുന്നു എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ദൈവത്താൽ-ലഭിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിച്ചിട്ട് ധാർമ്മികമായി അധപതിക്കുമ്പോൾ എത്ര ശിക്ഷാവിധിക്ക് പാത്രമായി തീരും! വാക്യം 4 മുതൽ 6 വരെ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ ലഭിച്ചവർ കർത്താവിനെ ത്യജിച്ചു കളഞ്ഞാൽ പിന്നെ ശിക്ഷാവിധി മാത്രമാണ് അവശേഷിക്കുന്നത്.

യെശ. 5:1–10 ലും യിരെമ്യാവ്. 2:21. ലും മനുഷ്യരെ ചെടികളുമായി താരതമ്യം ചെയ്തിരിക്കുന്നു. കൂടുതൽ ഫലം പുറപ്പെടുവിക്കേണ്ടതിന് ദൈവം ഫല വൃക്ഷങ്ങളെയും മനുഷ്യരേയും അനുഗ്രഹിക്കുന്നു. അത് യേശു യോഹ. 15:2 ൽ പഠിപ്പിച്ചത് നമ്മെ ഓർമ്മിപ്പിക്കുന്നു: "എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കികളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു."

കർഷകൻ ഭൂമിയിൽ അദ്ധ്വാനിച്ചാലും, ചില നിലം വിലയില്ലാത്തതും ഒന്നും പുറപ്പെടുവിക്കാത്തതും ആണ്, എന്നാൽ കള മാത്രം മുളച്ചു വരും, അതു **ചുട്ടു** കളവാൻ ഉള്ളതാണ്. ഫലം പുറപ്പെടുവിക്കാതെ വിശ്വാസത്യാഗത്തിൽ ആയവരെ കുറിച്ച് യേശു പറഞ്ഞത് അതാണ് (യോഹ. 15:5, 6). ഫലം പുറപ്പെടുവിക്കാത്ത കൊമ്പുകളെ ചുട്ടുകളയുമെന്ന ഊന്നൽ അക്ഷരീകമായി കാണാവുന്ന സംഭവമാണ്.[32]

## ദൈവീക വാഗ്ദാനങ്ങളുടെ ഉറപ്പ് (6:9–20)

### 6:9–12

**[9]എന്നാൽ പ്രിയമുള്ളവരെ, ഞങ്ങൾ ഇങ്ങനെ സംസാരിക്കുന്നു എങ്കിലും നിങ്ങളെക്കുറിച്ചു ശുഭമേറിയതും രക്ഷക്കു ഉതകുന്നതും വിശ്വസിക്കുന്നു. [10]ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും**

**മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല. [11]എന്നാൽ നിങ്ങൾ ഓരോ രുത്തൻ പ്രത്യാശയുടെ പൂർണ്ണ നിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരു പോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. [12]അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദ ത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും.**

ദൈവത്തിൽ നിന്ന് അകന്നു പോകുന്നതിന്റെ അപകടത്തെ വായനക്കാ രോട്, മുന്നറിയിച്ച ശേഷം ലേഖകൻ തന്റെ സന്ദേശം, അദ്ധ്യായം 3 ലേത് പോലെ കൂടുതൽ ക്രിയാത്മകതയിലേക്ക് തിരിയുന്നു. വാക്യം 6 ലെ വിശ്വാ സത്യാഗികൾ ദൈവ പുത്രനെ അത്ഭുത ദൃശ്യത്തോടെ കണ്ടിരുന്നു, 6:9–12 ൽ വിവരിച്ചിരിക്കുന്ന ആളുകൾ അതിനെതിരായിരുന്നു. അവർ സ്നേഹത്തോടെ അവന്റെ നാമത്തെ പ്രകീർത്തിച്ചു. ഈ ഭാഗത്ത് പ്രബോധിപ്പിക്കുന്ന കാര്യ ങ്ങൾ ഓരോ ക്രിസ്ത്യാനിയും ഹൃദയംഗമമാക്കണം.

**വാക്യം 9**. ഉയർന്ന നിലവാരം പിന്തുടരുവാനാണ് ലേഖകൻ വായനക്കാ രോട് ആവശ്യപ്പെടുന്നത്. ആത്മീയമായി വളരുവാൻ, അവർ **രക്ഷയ്ക്ക് ഉത കുന്ന കാര്യങ്ങളിൽ** ശ്രദ്ധിക്കണം.

**നാം** എന്ന വാക്ക് ഉപയോഗിച്ച് ലേഖകൻ തന്നെയും ഗുണഭോക്താ ക്കളോട് ചേർത്തു പറയുന്നു (2:1, 3; 3:6 ലേതു പോലെ) മറ്റു ചിലപ്പോൾ, അദ്ധ്യായം 4 ലെ ഓരോ “നാം” എന്നതിൽ എല്ലാ ക്രിസ്ത്യാനികളേയും ഉൾപ്പെ ടുത്തിയിരിക്കുന്നു. ചിലപ്പോൾ “നാം” എന്നു പറയുന്നത് ഉപദേഷ്ടാവിനേ യും സദസ്സിനേയും ഉൾപ്പെടുത്തിയാണെന്ന് തോന്നുന്നു (2:5; 5:11; 9:5 ലേതു പോലെ). മറ്റു ചിലപ്പോൾ സംഭവത്തിൽ ഉൾപ്പെട്ട രണ്ടോ മൂന്നോ വ്യക്തിക ളേയും തന്നേയും ചേർത്തു ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു. അത് 2:5 ലും, 13:18 ലും കാണാം. 6:9 ൽ ലേഖകനേയും മറ്റൊരാളെയും ഉൾപ്പെടുത്തി പ റയുന്നതാണെന്ന് തോന്നും.

ഇതാദ്യമായി ലേഖനം എഴുതുന്ന ഗുണഭോക്താക്കളെ **പ്രിയർ** എന്ന് വിളിച്ചിരിക്കുന്നു. ആ വാക്ക് ഔപചാരികതയ്ക്ക് അപ്പുറമായ മര്യാദയെ കാണിക്കുന്നു; ആ ആളുകളോട് ലേഖകനുള്ള ആത്മാർത്ഥമായ ബന്ധത്തെ പ്രകടമാക്കുകയാണ്. കാരണം അവർ സഹോദരങ്ങളോട് സ്നേഹം പ്രകടമാ ക്കിയിരിക്കുന്നു (വാ. 10), അവർ “പ്രിയർ” എന്നു വിളിക്കപ്പെടുവാൻ യോഗ്യ രായിരുന്നു. ലേഖകൻ ഉറച്ച ഭാഷയിൽ **ഈ രീതിയിൽ** അവരെ സംബോധന ചെയ്തു എങ്കിലും (6:4–6), അപകടത്തെ അവൻ സ്നേഹത്തിൽ മുന്നറിയി ക്കുകയായിരുന്നു. എബ്രായ ക്രിസ്ത്യാനികളുടെ നല്ല സ്വഭാവങ്ങളെ അവൻ **ബോധ്യമാക്കി**, പൗലൊസ് അത്തരത്തിലാണ് റോമൻ സഹോദരങ്ങളെ ബോധ്യമാക്കിയത്, “നന്മ നിറഞ്ഞവർ” (റോമ. 15:14).

“രക്ഷയ്ക്ക് ഉതകുന്നത്” എന്ന പ്രയോഗം വ്യക്തമാക്കുന്നത് ആ സഹോ ദരന്മാർ ഇപ്പോഴും രക്ഷിക്കപ്പെട്ട അവസ്ഥയിലാണ്, പക്ഷെ അവർ ആത്മീയ മായി വളരേണ്ടിയിരുന്നു. രക്ഷ ലഭിച്ച ശേഷവും, അവർ യഥാർത്ഥ വിശ്വാസ ത്തിൽ ദൈവത്തെ അനുസരിക്കുവാൻ ആഗ്രഹിക്കണം. എങ്ങനെയായാലും, 6:4–6 ൽ പറഞ്ഞിരിക്കുന്നതു പോലെ, അവർ പ്രോത്സാഹിക്കപ്പെടണം.

“രക്ഷയ്ക്ക് ഉതകുന്ന കാര്യങ്ങൾ” എന്ന് പറയുന്നതിന്റെ അർത്ഥം രക്ഷി ക്കപ്പെട്ടതിന്റെ ഫലമായി ഉണ്ടാകുന്നതാണ്, അത്തരം വളർച്ച വിശ്വാസത്തിലും ഫലം പുറപ്പെടുവിക്കുന്നതിലും കാണാം. അത് ധർമ്മോപകാരത്തിലേക്ക്

വിരൽചൂണ്ടുന്നതായി മത്തായി. 25:34-40 ൽ വാഗ്ദാനം ചെയ്തിരിക്കുന്നു. മത്തായി 25 രക്ഷ നേടിയെടുക്കാവുന്ന പ്രവൃത്തികളെ കുറിച്ചല്ല പറയുന്നത്, എന്നാൽ വേദ ഭാഗം നിത്യമായ പ്രതിഫലങ്ങളെ വെളിപ്പെടുത്തുന്നു. തീർച്ചയായും, വിശ്വസ്തരുടെ വലിയ സേവനത്തിന്, ദൈവം വലിയ പ്രതിഫലം നൽകും; അല്ലെങ്കിൽ, യേശു പഠിപ്പിച്ച താലന്തുകളുടെ ഉപമ നിരർത്ഥകമായി തീരും (മത്താ. 25:14-30). ഓരോരുത്തന്റെ "പ്രവൃത്തികൾക്കനുസരിച്ചാണ്" ന്യായം വിധിക്കപ്പെടുന്നത് (റോമ. 2:6; വെളി 20:12 നോക്കുക).

**വാക്യം 10.** ‘‘ദൈവം പൂർണ്ണമായും നീതിമാനാണ്,’’ എന്ന് പറയുന്ന പ്രയോഗമാണ് **ദൈവം അനീതിയുള്ളവനല്ല** എന്നത്. ഒരു ശിഷ്യൻ എന്ന പോലെ ഒരു ഗ്ലാസ് പച്ച വെള്ളം കൊടുക്കുന്ന നമ്മുടെ നല്ല **പ്രവൃത്തി**[കൾ] അവൻ ഓർമ്മിക്കും (മത്താ. 10:42). എന്നിരുന്നാലും നാം സുവിശേഷമനുസരിച്ചില്ലെങ്കിൽ, നമ്മുടെ സൽപ്രവൃത്തികൾ നമ്മെ രക്ഷിക്കുകയില്ല, അതുപോലെ നാം സുവിശേഷം അനുസരിച്ചിട്ട് പിൻമാറിപ്പോയാലും നമ്മുടെ ആ അനുസരണം നമ്മെ രക്ഷിക്കുകയില്ല.

നീതിമാൻ ആകയാൽ, നാം ചെയ്ത ദയാ പ്രവൃത്തികൾ അവൻ **മറക്കുകയില്ല**. ആ വാഗ്ദാനം അവന്റെ മനസലിവിനെ കാണിക്കുന്നതും, അവന്റെ നീതി പിന്തുടരുവാൻ നമ്മെ പ്രചോദിപ്പിക്കുന്നതുമാണ്. അത് ഒരു പ്രോൽസാഹനമായി കാണണം, അല്ലാതെ ആത്മിയമായി വളരാതെ അലസതയിൽ കഴിയുവാനുള്ളതല്ല.

തുടർച്ചയായി ധർമ്മോപകാര പ്രവൃത്തികൾ ചെയ്യണമെന്ന് എബ്രായ ലേഖനം പറയുന്നു എങ്കിലും, അവർ വചനം പഠിക്കുന്നത് ഉപേക്ഷിക്കുകയായിരുന്നു (5:12). ആത്മിയമായി മറ്റു മേഖലകളിലുള്ള കുറവുകൾ സൽപ്രവൃത്തികളാൽ നികത്താമെന്ന് "ക്രിസ്ത്യാനികൾ" എന്നു പറയുന്നവർ കരുതുന്നു. വ്യക്തിപരമായ ബൈബിൾ പഠനം കൂടാതെ ഒരു ക്രിസ്ത്യാനി തന്റെ സാധാരണ പരിശീലനത്തിൽ തന്നെ മുമ്പോട്ട് പോയി വളരാതിരുന്നേക്കാം. അവർ അപകടരായ ക്രിസ്ത്യാനികളായി വീഴാതിരിക്കുന്നതു കാണാം. അവർ **വിശുദ്ധന്മാരെ ശുശ്രൂഷിച്ചതും**, അപ്പോൾ അവർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികളും ദൈവം ഓർക്കുന്നു. അവർ തടവുകാരോട് ദയവ് കാണിച്ചിരുന്നു (10:34), അത് ചെയ്തത് തങ്ങളുടെ ജീവനെ പോലും ഗണ്യമാക്കാതെയാണ്. ആ പ്രവൃത്തികൾ അവർ തുടരാതിരുന്നു എങ്കിൽ, വിശ്വാസത്തിൽനിന്നും അകന്നു പോകുമായിരുന്നു.

മറ്റുള്ളവരോട് സ്നേഹം പ്രകടിപ്പിക്കുന്നവർ **അവന്റെ നാമത്തെ സ്നേഹിക്കുന്നവരാണ്**. "നാമം" എന്നത് ക്രിസ്തുവിനെ തന്നെയാണ് പ്രതിനിധീകരിക്കുന്നത്, യെഹൂദന്മാർ ആ വാക്ക് ദൈവത്തിനാണ് ഉപയോഗിച്ചിരുന്നത്. അവർ ദൈവനാമം വളരെ അപൂർവ്വമായിട്ടാണ് ഉപയോഗിച്ചിരുന്നത്. കർത്താവിന്റെ ഉപദേശപ്രകാരമായിരുന്നു ആ ക്രിസ്ത്യാനികൾ സൽപ്രവൃത്തികൾ ചെയ്തിരുന്നത്. അവർ അപ്പോഴും മറ്റുള്ളവരുടെ വിഷമ സന്ധികളിൽ വ്യക്തിപരമായി ‘‘ശുശ്രൂഷിച്ചു’’ (*ഡയാകോണെയോ*) കൊണ്ടാണിരുന്നത്. അന്യോന്യം ഭാരങ്ങളെ ചുമപ്പാനാണ് ശരീരത്തിലെ അംഗങ്ങളോട് പൗലൊസ് അപേക്ഷിച്ചത് (1 കൊ. 12:26).

"വിശേഷാൽ സഹവിശ്വാസികളെയും" സഹായിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം (ഗലാ. 6:10). സഭ ആരംഭിച്ചപ്പോൾ യെരുശലേമിലെ സഭയിൽ അതു നടന്നതായി നമുക്ക് കാണാം (പ്രവൃ. 4:32-35). ഒന്നാം നൂറ്റാണ്ടിലെ

ക്രിസ്ത്യാനികൾ ദരിദ്രരെ സഹായിക്കുവാൻ സന്നദ്ധരായിരുന്നു (പ്രവൃ. 15:4; ഗലാ. 2:10). ഈ വേദഭാഗം അനുസരിച്ച് സഭയുടെ പ്രത്യേക സാഹചര്യത്തിൽ അത് തുടർന്നിരുന്നതായി നമുക്ക് കാണാം. രോഗികളെ സന്ദർശിക്കുന്നതും തടവിലുള്ളവരെ ചെന്നു കാണുന്നതും അവന്നു ചെയ്യുന്നതാണെന്ന് യേശു പറഞ്ഞിരുന്നു (മത്താ. 25:36, 40).

ഇവിടെ പറയുന്ന ശ്രദ്ധയോടെയുള്ള കരുതൽ “വിശുദ്ധന്മാരോട്” ഉള്ള താണ്, അതായത്, ജീവിക്കുന്ന ക്രിസ്ത്യാനികളോടുള്ള കടമയാണ് അത്. ഒരാളെ “വിശുദ്ധൻ” എന്നു വിളിക്കുവാൻ, അയാൾ മരിക്കണം എന്നില്ല; ആ വാക്കിന് “വിശുദ്ധീകരിക്കപ്പെട്ടവൻ” എന്നു മാത്രമെ അർത്ഥമുള്ളു. പഴയ നിയമത്തിൽ യിസ്രായേലിനെ ദൈവം വിശുദ്ധീകരിച്ചിരുന്നു (സങ്കീ. 85:8; ദാനി. 7:21–27), ഇപ്പോൾ ആ വാക്ക് ബാധകമായിരിക്കുന്നത് പുതിയ നിയമ ക്രിസ്ത്യാനികളെയാണ്.

**വാക്യം 11.** മറ്റുള്ളവരെ സഹായിക്കുവാനുള്ള ആ വായനക്കാരുടെ കരുതൽ **അവരുടെ ജീവിതാവസാനം വരെ** തുടരണമായിരുന്നു. കർത്താവിൽനിന്ന് നമുക്ക് ഒഴിവ് കാലം എടുത്തു പോകുവാൻ സാധ്യമല്ല. കർത്താവിനോടു കൂടെയുള്ള നമ്മുടെ നടപ്പ്, പോരാട്ടവും പരീക്ഷണവും നേരിട്ടാലും ഉൽസാഹത്തോടെ നിലനിർത്തണം (എബ്രാ. 12:6, 7).

ഇവിടെ പറയുന്ന **ആഗ്രഹം** യേശുവിന് തന്റെ ശിഷ്യന്മാരോടുകൂടെ പെസഹ കഴിപ്പാൻ തോന്നിയ വാഞ്ഛ തന്നെയാണ് (*എപിതുമെയിയോ*; ലൂക്കൊ. 22:15). ആ സന്ദർഭത്തിൽ, അവൻ അതിനായി “താൽപര്യത്തോടെ ആഗ്രഹിച്ചു” എന്നു ഊന്നി പറയുവാനാണ് ആ വാക്ക് ഉപയോഗിച്ചത്.

ലേഖകന് വായനക്കാരായ വിശുദ്ധന്മാരോട് മനസലിവ് തോന്നി എന്നു തോന്നുന്നു. “അവരെ ഓരോരുത്തരേയും അവന് പേർ ചൊല്ലി വിളിക്കുവാൻ കഴിഞ്ഞിരുന്നു” എന്ന പ്രതീതിയാണ് ഒരാൾക്ക് അനുഭവപ്പെടുക.[33] ഒരാൾക്ക് എങ്ങനെ വളരുവാൻ കഴിയുമെന്ന് പത്രൊസ് പറഞ്ഞതുപോലെയാണ് (2 പത്രൊ. 1:5–11). “അധികം ശ്രമിപ്പിൻ” എന്നാണ് അവൻ ശിഷ്യന്മാരെ പ്രബോധിപ്പിച്ചത് (വാ. 10). ക്രിസ്തീയ മനോഗുണങ്ങളെ നാം വളർത്തുന്നതിനാൽ, “ദൈവം നമ്മെ” വിളിച്ചു എന്ന് നമുക്ക് ഉറപ്പിക്കാം എന്നാണ് പത്രൊസ് പറഞ്ഞത്. അതായത്, രക്ഷിക്കപ്പെട്ടിരിക്കുന്നു (2 പത്രൊ. 1:10 നോക്കുക). ആ ക്രിസ്ത്യാനികളുടെ ഉറപ്പ് വർദ്ധിച്ചു വരേണ്ടതിന്നു പകരം, കുറഞ്ഞു വരികയായിരുന്നു.

**പ്രത്യാശയുടെ പൂർണ്ണ നിശ്ചയം** എന്നു പറയുന്നത്, ഭാവിയെ കുറിച്ചുള്ള വെറും തോന്നൽ അല്ല, മറിച്ച് ദൈവം വാഗ്ദാനം ചെയ്തതിലുള്ള വിശ്വാസത്തെ ആസ്പദമാക്കിയുള്ളതാണ് (11:1 നോക്കുക). പുതിയ നിയമത്തിൽ “പ്രത്യാശ” എന്നതിന്റെ അർത്ഥം, “ഉറപ്പുള്ള പ്രതീക്ഷയാണ്.” ക്ഷമയോടെ യോജിച്ചു പോകുന്നതാണ് വാസ്തവത്തിലുള്ള വിശ്വാസവും പ്രത്യാശയും. വിശ്വാസത്തിൽനിന്നും പുറപ്പെടുന്നതാണ് ക്രിസ്തുവിലുള്ള തീർപ്പ്. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന വചനത്തിലുള്ള വിശ്വാസം മൂലമാണ് നാം പ്രത്യാശയുള്ളവരായി തീരുന്നത്. ഒരാൾ സ്വയം പ്രസാദിപ്പിക്കുന്ന ജീവിതം നയിച്ചാൽ ഒരിക്കലും വാസ്തവത്തിലുള്ള ഉറപ്പ് കാണുകയില്ല. പ്രത്യാശയെ–അടിസ്ഥാനമാക്കിയുള്ള വിശ്വാസം അല്ല അത്. പൗലൊസ് 1 കൊരിന്ത്യർ 13:13 ൽ ഊന്നി പറഞ്ഞിരിക്കുന്നതാണ് “സ്നേഹം” (വാ. 10), “പ്രത്യാശ” (വാ. 11), “വിശ്വാസം” (വാ. 12).

നമ്മുടെ രക്ഷയെ കുറിച്ച് പൂർണ്ണമായ ഉറപ്പ് നമ്മിൽ വരുന്നത് നാം വചന പരിജ്ഞാനത്തിൽ വളരുമ്പോഴാണ്. വിശുദ്ധ ജീവിതം നയിക്കുവാനുള്ള **ഉൽസാഹമാണ്** നമ്മുടെ ഹൃദയങ്ങളിൽ "പൂർണ്ണ നിശ്ചയം" ലഭിക്കുന്നത്. സ്വർഗം പ്രതിഫലമായി ലഭിക്കുമെന്നുള്ള ആഗ്രഹമാണ് അത്തരം ഉറപ്പിനു കാരണമാകുന്നത് (എബ്രാ. 11:6). സമർപ്പിത വിശ്വാസമാണ് പ്രത്യാശ തീർച്ചയു ള്ളതാക്കി മാറ്റുന്നത്. ദൈവേഷ്ടം മനസിലാക്കുവാൻ നമ്മെ സഹായിക്കുന്ന തിരുവെഴുത്തുകൾ നിരന്തരമായി പഠിക്കുന്നതും അതിൽ ഉൾപ്പെടുന്നു.

**വാക്യം 12**. രക്ഷ ലഭിച്ചു എന്ന് ഉറപ്പാക്കുവാൻ, എബ്രായ ക്രിസ്ത്യാ നികളോട് പറഞ്ഞത് അവരുടെ **അലസത** അഥവാ "മടി" നീക്കി കളയുവാ നാണ് (*നോത്രോസ്*; 5:11 നോക്കുക). ആ വാക്ക് "മാന്ദ്യത" എന്ന വാക്കിന് തുല്യമാണ്. പതുക്കെ അല്ലെങ്കിൽ അലസരായി തീരുന്നതിനു പകരം, അവർ വിശ്വസ്തരുടെ **അനുകാരികൾ** ആകേണ്ടിയിരുന്നു, അവരെ കുറിച്ച് വിശദ മായി അദ്ധ്യായം 11 ൽ വിവരിച്ചിരിക്കുന്നു. അത് നമ്മെ പൗലൊസിന്റെ പ്ര സ്താവനകളെയാണ് ഓർപ്പിക്കുന്നത് (1 കൊ. 11:1; എഫെ. 5:1; 1 തെസ്സ. 1:6; 2:14). "അനുകാരികൾ" (*മിമെറ്റസ്*) എന്നതിന്റെ കൃത്യമായ വാക്കാണ് അവൻ ഉപയോഗിച്ചത്, ആ വാക്കിൽനിന്നാണ് നമുക്ക് "ഇമിറ്റേറ്റ്," "മിമിക്," "മിമെ" എന്നീ വാക്കുകൾ ലഭിച്ചത്.

വിശ്വസ്തരായി മരിച്ചവർ ജീവനിൽ പ്രവേശിക്കയും ദൈവ വാഗ്ദാന ങ്ങൾ അവകാശമാക്കുകയും ചെയ്തിരിക്കുന്നു. ലാസറും (ലൂക്കൊ. 16:22, 25) യേശുവും മരണ ശേഷം ആത്മാവിൽ "ജീവിച്ചു (1 പത്രൊ. 3:18). ആ വായ നക്കാർ തങ്ങൾക്ക് മുൻപ് വിശ്വസ്തരായി ജീവിച്ചവരെ അനുകരിച്ച് ജീവിച്ചി രുന്നു എങ്കിൽ, ദൈവത്തിന്റെ വാഗ്ദാന നിവർത്തീകരണപ്രകാരം അവർക്ക് ലഭിച്ച അതേ പ്രതിഫലം ഇവർക്കും ലഭിക്കുമായിരുന്നു. വിശ്വാസത്തോടെ അവർ ക്ഷമയോടെ സഹിച്ചാൽ, തീർച്ചയായും അതേ പ്രതിഫലം ലഭിക്കും. നമുക്കും പ്രതിഫലം ലഭിക്കുന്നത് അങ്ങനെയാണ്. കാലദൈർഘ്യം നേരിടു ന്നതുകൊണ്ടോ ഭാരങ്ങൾ ഏറി വരുന്നതുകൊണ്ടോ നാം തളർന്നു പോകരു ത്. മഹത്വത്തിൽ നമുക്ക് ലഭിക്കുവാനിരിക്കുന്ന പ്രതിഫലത്തിന്റെ "ഘനം" ഓർത്താൽ, ഈ ലോകത്തിലെ കഷ്ടങ്ങൾ "ലഘു" ആണ് (2 കൊ. 4:17, 18).

**വിശ്വസ്തർ** തങ്ങളുടെ വിശ്വാസത്തിൽ മരിച്ചതിനാൽ, ഇപ്പോൾ അവർക്ക് **വാഗ്ദാനങ്ങൾ** (*ക്ലെരോനോമൗൺടൺ*, ഒരു പ്രെസെന്റ് പാർട്ടിസിപ്പിൾ ആണ്) **അവകാശമാക്കു**[വാൻ] കഴിഞ്ഞു. മറ്റൊരർത്ഥത്തിൽ, "വാഗ്ദാനം ചെയ്തത് പ്രാപിച്ചിട്ടുമില്ല," കാരണം അവർക്ക് അന്തിമമായ പ്രതിഫലം ലഭിച്ചിട്ടില്ല (എബ്രാ. 11:39). ആ പ്രതിഫലം അവസാനത്തോളം വിശ്വസ്തരായി ജീവിച്ച വർക്കുള്ളതാണ്. വിശ്വസ്തരായവർ "ഒരിക്കലും നശിച്ചുപോകയില്ല" കാരണം അവർ തുടർച്ചയായി വചനം കേട്ട് വിശ്വസിച്ചിരുന്നു (യോഹ. 10:27, 28). നിത്യമായി രക്ഷ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവർ തുടർച്ചയായി രക്ഷകന്റെ വാക്കുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യും.

ദൈവത്തിന്റെ വാഗ്ദാനങ്ങൾ ലഭിക്കുന്നതിന് **ക്ഷമ** (*മാക്രോതുമിയ*) ആവശ്യമാണ്, അതിനർത്ഥം, "സഹനശക്തി" അല്ലെങ്കിൽ "ആളുകളോട് ദീർഘക്ഷമ കാണിക്കുക" എന്നാണ്. "ക്ഷമ" എന്നതിനുള്ള സാധാരണ വാക്ക് *ഹുപോമോനെ* എന്നതിന്റെ അർത്ഥം, സന്തോഷ മനോഭാവത്തോടെ പരീ ക്ഷണം അഥവാ ബുദ്ധിമുട്ട് സഹിക്കുക. വിശ്വാസത്തിൽ സ്ഥിരോൽസാഹ മില്ലാത്തവർക്ക് അവകാശം ലഭിക്കുകയില്ല,

അവകാശിക്ക് പ്രത്യാശയുണ്ട്; അയാൾക്ക് അവകാശം ലഭിക്കുമ്പോൾ, പ്രത്യാശ നിറവേറപ്പെടുന്നു. അവരാണ് 1:14 ലെ ശേഷിച്ചവർ, “രക്ഷ കൈവശമാക്കിയവരെ” കുറിച്ചാണ് അവിടെ പറയുന്നത്.[34] “തന്റെ ജനത്തെ അവരുടെ ‘പാപങ്ങളിൽ നിന്ന്’ രക്ഷിപ്പാനാണ് ക്രിസ്തു വന്നത് (മത്താ. 1:21), അല്ലാതെ അവരിൽ നിന്നല്ല. നരകത്തിന്റെ പൈതലായി ജീവിച്ചിട്ട് സ്വർഗ്ഗം അവകാശമാക്കും എന്ന് തോന്നുന്നതിനേക്കാൾ മോശമായ മറ്റൊന്ന് ഉണ്ടായിരിക്കയില്ല.”[35]

**6:13–20**

**13ദൈവം അബ്രഹാമിനോടു വാഗ്ദത്തം ചെയ്യുമ്പോൾ തന്നേക്കാൾ വലിയവനെക്കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു: 14“ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും” എന്ന് അരുളിച്ചെയ്തു. 15അങ്ങനെ അവൻ ദീർഘക്ഷമയോടിരുന്നു വാഗ്ദത്ത വിഷയം പ്രാപിച്ചു. 16തങ്ങളെക്കാൾ വലിയവനെക്കൊണ്ടല്ലോ മനുഷ്യർ സത്യം ചെയ്യുന്നത്; ആണ അവർക്ക് ഉറപ്പിനായി സകല വാദത്തിന്റെയും തീർച്ചയാകുന്നു. 17അതുകൊണ്ടു ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്ക് തന്റെ ആലോചന മാറാത്തത് എന്ന് അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ച് ഒരു ആണയാലും ഉറപ്പുകൊടുത്തു. 18അങ്ങനെ നമ്മുടെ മുൻപിൽ വച്ചിട്ടുള്ള പ്രത്യാശ പിടിച്ചു കൊൾവാൻ ശരണത്തിനായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിനു ഭോഷ്ക് പറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു. 19ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ; അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്തേക്കു കടക്കുന്നതുമാകുന്നു. 20അവിടേക്കു യേശു മല്ക്കീസെദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാ പുരോഹിതനായി മുമ്പുകൂട്ടി നമുക്കു വേണ്ടി പ്രവേശിച്ചിരിക്കുന്നു.**

അലസൻമാരായിരിക്കരുത് എന്ന് എബ്രായരെ പ്രബോധിപ്പിച്ചശേഷം ലേഖകൻ വിശ്വാസത്തിന്റെയും ക്ഷമയുടെയും വലിയ മാതൃക അവരെ ഓർപ്പിച്ചു. അബ്രഹാമിനെ കുറിച്ച് രണ്ടാം പ്രാവശ്യവും ലേഖകൻ പറഞ്ഞു (2:16 നോക്കുക). അതിനു ശേഷം അവന്റെ പേർ അടിക്കടി കാണുന്നു. ഒരു പക്ഷെ, യിസ്രായേലിന്റെ പൂർവ്വ പിതാവിനെ ന്യായപ്രമാണത്തിൽ നിന്ന് എടുത്തു കാണിച്ച് എബ്രായ ക്രിസ്ത്യാനികളെ ഉണർത്തുകയായിരിക്കാം. അബ്രഹാമിന് ഒരു “സന്തതി” വാഗ്ദാനം ചെയ്തിട്ട് 430 വർഷങ്ങൾക്ക് ശേഷം ന്യായപ്രമാണം കൊടുത്തത് എങ്ങനെ എന്ന് അവൻ കാണിച്ചു കൊടുക്കുകയായിരുന്നു. ആ പ്രത്യേക വാഗ്ദാനം ക്രിസ്തുവിന്റെ വരവോടു കൂടെയാണ് നിറവേറിയത് (ഗലാ. 3:16–19).

**വാക്യം 13. ദൈവത്തി**[ന്റെ] **വാഗ്ദാനം അബ്രഹാമിന്** നൽകിയത് ഉല്പത്തി 12:1–7; 15:5; 17:5–8; ലും 22:15–18 ലും രേഖപ്പെടുത്തിയിരിക്കുന്നു. അബ്രഹാമിന് ദൈവം നല്കിയ വാഗ്ദാനം നിറവേറി എന്ന് കാണിക്കുവാനാണ് അബ്രഹാമിന്റെ പേർ ഇവിടെ ഉദ്ധരിച്ചത്. “മരിച്ചവരിൽ നിന്ന് ... നിഴലായി” യിസഹാക്കിനെ തിരിച്ചു നൽകി (അല്ലെങ്കിൽ “ആലങ്കാരികമായി”; എബ്രാ. 11:19; എഎസ്‌വി), എന്നാണ് പ്രത്യേകമായി ബ്രൂസ് അതിനെ വ്യാഖ്യാനിച്ചത്, “അത് വാഗ്ദാനം ‘ലഭിച്ചതായിരുന്നു.’ ”[36] അങ്ങനെ അവന്റെ “സന്താന”

വാഗ്ദാനം ചെയ്തത് ഉറപ്പിച്ചു. ആ വാഗ്ദാനത്തിന്റെ ഒരു ഭാഗം-ക്രിസ്തുവിലുള്ള രക്ഷയാണ് (ഗലാ. 3:26-29)-അത് ക്രിസ്തുവിന്റെ മരണം വരെ ലഭിച്ചിരുന്നില്ല. അബ്രഹാമിനോടു കൂടെ യെഹൂദ പശ്ചാത്തലത്തിലുള്ളവർക്കും, ജാതികളിൽ നിന്നുള്ളവർക്കും അവസാനം സ്വർഗ്ഗത്തിൽ രക്ഷ പൂർണ്ണമായി ലഭിക്കുന്നു (മത്താ. 8:11 നോക്കുക).

പുതിയ നിയമത്തിൽ വിശ്വാസത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ, അബ്രഹാമിനെ കുറിച്ച് പറയുന്നു. പിന്നീട് വരുവാനിരുന്ന മല്ക്കീസെദെക്കിന് അബ്രഹാം കീഴ്പ്പെട്ടിരുന്നത് തെളിയിക്കുന്നത് ദൈവത്തിന്റെ വാഗ്ദാനത്തെ അവൻ വിശ്വസിച്ചിരുന്നു എന്നാണ്. അത് വ്യക്തമാക്കുന്നത് ക്രിസ്തുവിന് കീഴ്പ്പെട്ട് വിശ്വസ്തതയോടെ ഇരിക്കണം എന്നാണ്, 7:1-10 ൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ക്രിസ്തു പുതിയ "മല്ക്കീസെദെക്ക്" ആണ്.

അബ്രഹാമിന് ഉള്ള വാഗ്ദാനവും പ്രതിജ്ഞയും ഉല്പത്തി 22:15-18 ൽ രേഖപ്പെടുത്തിയിരിക്കുന്നു; മറ്റൊരു ഭാഗത്തും അബ്രഹാമിന് ദൈവം നൽകിയ വാഗ്ദാനം ആണയോടു കൂടെ ഉറപ്പിച്ചിട്ടില്ല. എന്തായിരുന്നു ആ വാഗ്ദാനം? അവൻ വ്യക്തിപരമായി അനുഗ്രഹിക്കപ്പെടും, അവന് അസംഖ്യം പിൻഗാമികൾ ഉണ്ടാകും, അവന്റെ സന്തതിയിൽ കൂടെ മശിഹാ വരും (ഗലാ. 3:16), ആ "സന്തതി," മുഖാന്തരം അവൻ വിശ്വാസികളുടെ പിതാവായി തീരും. ക്രിസ്തുവിന്റെ ഭാഗമായി തീരുന്ന എല്ലാ ക്രിസ്ത്യാനികളും, അങ്ങനെ "അബ്രഹാമിന്റെ സന്തതി" യായും വിശ്വാസത്തിൽ അവന്റെ "പിൻഗാമികൾ" ആകും (ഗലാ. 3:26-29).

ഒരു ആണ അനാവശ്യമെന്ന് തോന്നാം, എന്നാൽ ഫിലൊ പറഞ്ഞത് മാനുഷികമായി ഒരു ആവശ്യം നിറവേറ്റുന്നതിന് അത് ആവശ്യമാണ് എന്നായിരുന്നു.[37] ഒരു പക്ഷെ അബ്രഹാമിന് ഉറപ്പ് ആവശ്യമായതിനാലായിരിക്കാം ദൈവം ആണയിട്ടത്. ദൈവം അബ്രഹാമിന് നൽകിയ വാഗ്ദാനങ്ങൾ അധികവും ദൂരവ്യാപകമായി സംഭവിക്കേണ്ടതായിരുന്നു. ആ വാഗ്ദാനങ്ങൾ നിറവേറുവാൻ താമസമുള്ളതിനാലും അബ്രഹാമിന്റെ വിശ്വാസം നിലനിർത്തേണ്ടതിനാലും ആണ് ആണയുടെ ആവശ്യം.

**വാക്യങ്ങൾ 14, 15.** ദൈവം പറഞ്ഞു, **"ഞാൻ നിന്നെ അനുഗ്രഹിക്കുകയും നിന്നെ വർദ്ധിപ്പിക്കുകയും ചെയ്യും"** (വാ. 14). പഴയ നിയമത്തിലെ എബ്രായ ഭാഷയിൽ അക്ഷരീകമായിട്ടാണ് കെജെവിയിൽ വാഗ്ദാനം പ്രതിഫലിപ്പിക്കുന്നത്; "ഐശ്വര്യമായി ഞാൻ നിന്നെ അനുഗ്രഹിക്കും" (ഉല്. 22:17). "അനുഗ്രഹം" എന്നതിന്റെ ഇരട്ട ഉപയോഗം ഊന്നി പറഞ്ഞിരിക്കുന്നത് തീർച്ചപ്പെടുത്തുവാനാണ്. വാഗ്ദാനം തീർച്ചയുള്ളതും ചേർത്തിരിക്കുന്ന ദൈവത്തിന്റെ ആണ അതിനെ കൂടുതൽ ഉറപ്പിക്കുന്നതുമാണ്. മനുഷ്യർ തമ്മിൽ ഉടമ്പടി ചെയ്തിട്ട്, ലംഘിക്കപ്പെട്ടാൽ ശിക്ഷിക്കേണ്ടതിന് ഉയർന്ന അധികാരിയെ ആണ് സമീപിക്കുന്നത്. ദൈവത്തിന് അങ്ങനെ ചെയ്യുവാൻ സാധ്യമല്ല. കാരണം ദൈവത്തേക്കാൾ ഉയർന്നവൻ ആരുമില്ലല്ലോ. അതുകൊണ്ട് താൻ വാഗ്ദാനം നിറവേറ്റുമെന്ന് തന്നെക്കൊണ്ട് തന്നെ ആണയിട്ട് ഉറപ്പിക്കുകയാണ്. മനുഷ്യർ ദൈവത്തെ കൊണ്ട് ആണയിടുമ്പോൾ, അവൻ ദൈവമാണെന്ന് വിശ്വസിക്കുകയും പ്രതിഫലം അവനിൽ നിന്നാണ് എന്ന് മനസ്സിലാക്കുകയും വേണം (എബ്രാ. 11:6), അവനെ അനുസരിക്കാത്തവരെ അവൻ ശിക്ഷിക്കുകയും ചെയ്യും; അല്ലെങ്കിൽ ആണയിട്ടതിന് പ്രയോജനമില്ലാതാകും.

എബ്രായ ലേഖനം "വാഗ്ദാനത്തിന്റെ," പുസ്തകമാണ്. ആ വാക്ക് നാമ

രൂപത്തിലും ക്രിയാരൂപത്തിലും പതിനെട്ട് പ്രാവശ്യം കാണാം, അത് മറ്റ് പുതിയ നിയമ പുസ്തകങ്ങളേക്കാൾ അധികമാണ്.[38] ദൈവം അവന് **വാഗ്ദാനം** ചെയ്തത് അബ്രഹാം ക്ഷമയോടെ കാത്തിരുന്നത് കൊണ്ട് **ലഭിച്ചു.** ഉല്. 12:1-3 ൽ ദൈവം അബ്രഹാമിന് വാഗ്ദാനം ചെയ്തത് നിറവേറിയത് അബ്രഹാമിന് എഴുപത്തി-അഞ്ച് വയസ്സ് പ്രായമായപ്പോൾ ആയിരുന്നു. പിന്നീട് ഒരു ഇരുപത്തി-നാല് വർഷം കൂടെ കാത്തിരുന്ന ശേഷമാണ് യിസഹാക്കിന്റെ ജനനം സംഭവിക്കുന്നത്. യിസഹാക്കിനെ യാഗം കഴിക്കുവാൻ ദൈവം അബ്രഹാമിനെ പരീക്ഷിച്ച ശേഷം തന്നെക്കൊണ്ട് തന്നെ ആണയിട്ട് വാഗ്ദാനം ഉറപ്പിക്കുകയായിരുന്നു (ഉല്. 22:16). തന്റെ കൊച്ചു മക്കളായ യാക്കോബിനെയും ഏശാവിനെയും അബ്രഹാം ജീവിച്ചിരുന്ന് കണ്ടിരിക്കാം. എങ്ങനെയായാലും, വിശ്വാസത്താൽ, അബ്രഹാം ക്രിസ്തുവിന്റെ നാൾ കാണുകയും സന്തോഷിക്കുകയും ചെയ്തു (യോഹ. 8:54-56). **ക്ഷമയോടെ കാത്തിരുന്ന**[തായിട്ടാണ്] അബ്രഹാമിന്റെ വിശ്വാസത്തെ കുറിച്ച് വിവരിച്ചത്. ഓരോ പരീക്ഷണവും നേരിട്ട് വിശ്വാസത്താൽ അവൻ ശക്തനായി തീർന്നു (റോമർ. 4:20); എന്നാൽ വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങളിൽ പലതും, ലഭിക്കേണ്ടതിന് മരണത്തിന് അപ്പുറവും കാത്തിരിക്കേണ്ടി വന്നു. നിറവേറൽ ഉടനെ ആയിരുന്നു എങ്കിൽ ആണയുടെ ആവശ്യം ഉദിക്കുന്നില്ല.

ദൈവം അബ്രഹാമിന് നൽകിയ ആണയുടെ ഉറപ്പ് വ്യക്തമാക്കുന്നത് അവൻ വളരെ നാൾ ജീവിച്ചിരുന്ന സന്തതി പരമ്പരകളെ കാണുമെന്നും, ദൈവം അവനെ ശത്രുക്കളിൽ നിന്ന് സംരക്ഷിക്കുകയും, അവൻ ബഹുജാതികളുടെ പിതാവായി തീരുകയും ചെയ്യും-ഭൗതികമായി മാത്രമല്ല, വിശ്വാസത്തിലും ആത്മീയമായ സന്തതിയുടെ കാര്യത്തിലും അത് വാസ്തവമാണ് (ഗലാ. 3:7, 26-29).

**വാക്യം 16. ഉറപ്പ്,** *ബെബായിയോസിസ്*, എന്നതിൽ നിന്നാണ് തർജിമ ചെയ്തത്, ഏകദേശം എഴുന്നൂറ് വർഷങ്ങളിലധികം ആ വാക്ക് ഒരു വില്പന ഔദ്യോഗികമായി നിയമമാക്കുന്നതിന് ഉപയോഗിച്ചിരുന്നു.[39] നാം എന്തെങ്കിലും വാങ്ങുമ്പോൾ, ആ സാധനത്തിന്റെ വിലയുടെ ഒരു ഭാഗം മുൻകൂറായി നൽകുകയും ബാക്കി ഭാവിയിൽ നൽകുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. അത്തരം നൽകലിന് മുൻകൂർ കൊടുത്തത് കഴിച്ചുള്ള ബാക്കി തുക നൽകാമെന്ന് **പ്രതിജ്ഞയും** നൽകും. ബാക്കി തുക നൽകുവാൻ കഴിഞ്ഞില്ലെങ്കിൽ, കൊടുക്കാതിരിക്കുന്നയാൾ വാക്കു പാലിക്കാത്തതിനാൽ ശിക്ഷയ്ക്ക് അർഹനാണ്.

ലോകത്തുള്ള മിക്കവാറും രാജ്യങ്ങളിൽ ഇത്തരം പ്രതിജ്ഞകളിൽ ഏർപ്പെടുന്നവർ അതിനെ ഗൗരവമായിട്ടാണ് കണക്കാക്കിയിരുന്നത്. ആളുകൾ തങ്ങളുടെ പ്രതിജ്ഞയെ ഗൗരവമായി കാണാതിരുന്നാൽ ആത്മാർത്ഥതയില്ലായ്മ സൂചിപ്പിക്കുന്നത് ധാർമ്മികത നഷ്ടപ്പെട്ടതായിട്ടാണ്. വാഗ്ദാനം ചെയ്ത അവകാശം ഒരിക്കലായി നൽകുന്നതും എന്നേക്കും ഉള്ളതും ആകുവാനാണ് ദൈവം നിശ്ചയിച്ചത്. എല്ലാ സംശയവും ദൂരികരിക്കുന്നതാണ് അവന്റെ വാഗ്ദാനവും പ്രതിജ്ഞയും.

യേശു ക്രിസ്തു ഭൂമിയിൽ ജീവിച്ചപ്പോഴേക്കും, യെഹൂദന്മാർ-പ്രത്യേകിച്ച് പരീശന്മാരും ന്യായ ശാസ്ത്രിമാരും-"കുറവുള്ള ആണകൾ" രൂപപ്പെടുത്തിയിരുന്നു. അവർ ആ വ്യവസ്ഥ തങ്ങളിൽ തന്നെ രഹസ്യമായി വെച്ചിരുന്നു, എന്നാൽ യേശു അവരുടെ കാപട്യ പരിശീലനത്തെ പുറത്ത് കൊണ്ടു

വന്നു (മത്താ. 23:16-22). "എന്റെ താടിയാണെ" അല്ലെങ്കിൽ "ദൈവത്തിന്റെ ആലയമാണെ" എന്ന് പറയുന്നത് അവരെ ബാധിക്കാത്ത വിധത്തിലുള്ളതായിരുന്നു. ആണയിട്ടയാൾ അത് നടപ്പാക്കിയില്ലെങ്കിൽ അയാളെ നുണയൻ എന്ന് വിളിക്കും, അയാളെ കുറ്റക്കാരൻ എന്ന് വിധിക്കുവാൻ രണ്ടോ മൂന്നോ സാക്ഷികൾ ആവശ്യമാണ് (എബ്രാ. 10:27, 28; നോക്കുക ആവ. 17:6; 19:15; മത്താ. 18:16; യോഹ. 8:17, 18; 2 കൊ. 13:1). ആ വ്യവസ്ഥയ്ക്ക് വിരുദ്ധമായി, സത്യം പറയുവാനാണ് യേശു തന്റെ ശിഷ്യന്മാരോട് കല്പിച്ചത്, അപ്പോൾ ആണ-ഇടേണ്ട ആവശ്യം തന്നെ വരുന്നില്ല (മത്താ. 5:33-37; യാക്കൊ. 5:12). ആണയെ സംബന്ധിച്ച് അവന്റെ ഉപദേശം, കോടതിയിൽ സത്യം മാത്രം ബോധിപ്പിക്കും എന്ന പ്രസ്താവന തന്നെ ഒഴിവാക്കാം. അവനെ ആണയിടുവാൻ നിർബ്ബന്ധിക്കുന്ന സമയം വരെ, ദൈവ പുത്രനാണോ എന്ന ചോദ്യത്തിന് അവൻ സ്വയമായി ഉത്തരം പറഞ്ഞിരുന്നില്ല (മത്താ. 26:63, 64).

**വാക്യം 17.** എബ്രായർ **വാഗ്ദാനത്തിന്റെ അവകാശികൾ** ആയിരുന്നു, എന്നാൽ അവർക്ക് ക്രിസ്തുവിലുള്ള **ദൈവത്തി**[ന്റെ] അവകാശങ്ങൾ വീണ്ടും ഉറപ്പിച്ച് കൊടുക്കേണ്ടിയിരുന്നു. എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിനോടു കൂടെ "കൂട്ടവകാശികൾ" (അല്ലെങ്കിൽ "സഹ-അവകാശികൾ"); കെജെവി, അതിനർത്ഥം നാം അവനോടൊപ്പം തുല്യ അവകാശികൾ എന്നാണ് (റോമർ. 8:17). അബ്രഹാമിന്റെ പൈതൃകത്തിൽ കൂടെ ലഭിക്കുന്ന അവകാശം യഹൂദന്മാർക്ക് മാത്രമല്ല, ക്രിസ്തുവിലായി തീർന്ന ജാതികൾക്കും ഉള്ളതാണ്, അതുകൊണ്ട് നമുക്കുള്ള അവന്റെ വാഗ്ദാനങ്ങൾ **മാറ്റമില്ലാത്തതാണ്**, അല്ലെങ്കിൽ "ഇളകാത്തത്" ആണ് (കെജെവി).

ദൈവത്തിന്റെ ചില വാഗ്ദാനങ്ങൾ നിബന്ധനയോടു കൂടിയതാണ്; നാം അവ പാലിച്ചില്ലെങ്കിൽ നിറവേറപ്പെടുകയില്ല. അപ്പോൾ, എങ്ങനെ ഉടമ്പടി ഉറപ്പുള്ളതാകും? ഉറപ്പുള്ളവനായിട്ടാണ് നാം ദൈവത്തിൽ ആശ്രയിക്കുന്നത്. മാനുഷികമായ നിബന്ധനകൾ ഒന്നും കൂടാതെ ദൈവ വാഗ്ദാനങ്ങളിൽ നമുക്ക് ആശ്രയിക്കാൻ കഴിയും. ഉദാഹരണമായി, നമ്മുടെ പ്രവൃത്തികൾ എന്തായാലും, ലോകം അവസാനിക്കുക തന്നെ ചെയ്യും.

**വാക്യം 18.** തന്റെ വാഗ്ദാനത്തിൽ അവൻ വിശ്വസ്തനായിരിക്കുമെന്ന് അബ്രഹാമിനോട് പറഞ്ഞത് രണ്ടു സാക്ഷികളെ നൽകിയിട്ടായിരുന്നു. അത് അവന്റെ ഇഷ്ടത്തോട് പൂർണ്ണമായി യോജിക്കുന്നതായിരുന്നു. ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദാനം, അവന്റെ ഇളക്കമില്ലാത്ത ആണയോടു കൂടിയാണ് നൽകിയത്; അങ്ങനെ **മാറ്റമില്ലാത്ത രണ്ട് കാര്യ**ങ്ങളാണ് അവന്റെ വാഗ്ദാനവും ആണയും.

**ദൈവത്തിന് ഭോഷ്ക് പറയുന്നത് അസാധ്യമാണ്** അല്ലെങ്കിൽ അവന്റെ സ്വഭാവം സ്ഥിരത ഇല്ലാത്തത് അല്ല, ആവശ്യമെങ്കിൽ, അവനത് ചെയ്യുവാൻ കഴിയും. അവനൊരു പ്രപഞ്ചം സൃഷ്ടിക്കുവാൻ കഴിയും അല്ലെങ്കിൽ മരിച്ചവരെ ഉയിർപ്പിക്കുവാൻ കഴിയും, എന്നാൽ അവനെ തന്നെത്താൻ നിഷേധിക്കുവാനോ, ഭോഷ്ക് പറയുവാനോ സാധ്യമല്ല (2 തിമൊ. 2:13). അവൻ തന്റെ ആണ ലംഘിച്ചാൽ അവൻ തന്റെ നിയമത്തെ തന്നെ ലംഘിക്കുകയാണ്. അപ്പോൾ നമുക്കറിയാവുന്ന സ്നേഹവാനായ ദൈവം തന്നെ ഇല്ലാതാകും.

പുരാതന ലോകം മുഴുവൻ ദൈവത്തിന് ഭോഷ്ക് പറവാൻ സാധ്യമല്ല എന്ന് വിശ്വസിച്ചിരുന്നു. ആർ. സി. എച്ച്. ലെൻസ്കി എഴുതി, "ആരെങ്കിലും ക്രിസ്തുവിൽ നിന്ന് അകന്ന് യെഹൂദ മതത്തിലേക്ക് തിരിഞ്ഞു പോയാൽ,

ദൈവത്തെ അവർ ഇരട്ട നുണയനാക്കി മാറ്റുന്നു; അവന്റെ വാഗ്ദാനം ഒന്നു മല്ലാതാക്കുകയും, അവന്റെ ആണ കള്ള സാക്ഷ്യമാക്കുകയും ചെയ്യുന്നു."[40]

**നാം ... ദൈവത്തിൽ അഭയം തേടിയത്** ഒരു കൊലപാതകി മറ്റൊരു പട്ടണത്തിലേക്ക് അഭയം തേടുന്നത് പോലെയാണ്[41] (സംഖ്യാ. 35; യോശു. 20), അല്ലെങ്കിൽ ഒരു കടൽ യാത്രക്കാരൻ കൊടുങ്കാറ്റിൽ നിന്ന് സുരക്ഷിതമായ തുറമുഖത്തേക്ക് രക്ഷപ്പെടുന്നത് പോലെയാണ്. പുരാതനമായ ആളുകൾ പ ല വിധത്തിലുള്ള ഭീകര ആക്രമണങ്ങളിൽ നിന്ന് അഭയം തേടുന്നത് അവ രുടെ ദൈവാലയങ്ങളിലായിരുന്നു. പുതിയ നിയമ കാലത്ത്, ക്രിസ്ത്യാനികൾ അഭയം തേടിയിരുന്നത് ദൈവത്തിന്റെ പുതിയ ആലയത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിലാണ്. ക്രിസ്തുവിൽ നമുക്ക് പൂർണ്ണമായ സുരക്ഷിതത്വമുണ്ട് അത് അവനിൽ ആയി തീർന്നവർക്കാണ്. നാം "തിരശ്ശീലക്കകത്ത് പ്രവേശിക്കു മ്പോൾ" (വാ. 19), യേശുവിന്റെ കരങ്ങളിൽ നാം സുരക്ഷിതരാകും.

ആ സുരക്ഷിതത്വമെന്ന് പറയുന്നത് എല്ലാ അടിമത്വത്തിൽ നിന്നും ഉള്ള സ്വാതന്ത്ര്യമാണ്. നമ്മൾ എല്ലാവരും ദൈവത്തിന്റെ സുരക്ഷിതത്വവും ബലവും ആഗ്രഹിക്കുന്ന ഒരു സമയം ഉണ്ടാകും. സങ്കീർത്തനങ്ങൾ 46:1, 2: അനേകം പേർക്ക് പ്രോത്സാഹനമായി തീർന്നിട്ടുണ്ട്.

> ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു;
> കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.
> അതു കൊണ്ട് ഭൂമി മാറിപ്പോയാലും,
> പർവ്വതങ്ങൾ കുലുങ്ങി സമുദ്രമധ്യേ വീണാലും, നാം ഭയപ്പെടുകയില്ല

നാം ഈ ലോകത്തിൽ നിന്ന് ഓടി പോകുന്ന അഭയാർത്ഥികളാണ്, അത് പെ ട്ടെന്ന് തന്നെ അപ്രത്യക്ഷമായേക്കാം. നമ്മുടെ വിശുദ്ധ സ്ഥലം സ്വർഗ്ഗമാണ്, അല്ലാതെ ഭൂമിയിലുള്ള ആലയത്തിലല്ല. നമ്മുടെ പ്രത്യാശ നമ്മെ മുന്നോട്ട് നയിച്ച് കൊണ്ടിരിക്കുന്നു; നമുക്കു "മുൻപിൽ വെച്ചിരിക്കുന്ന പ്രത്യാശ," വിശ്വാസം മൂലം ഉള്ളതും, "വരുവാനുള്ള നഗരവും ആണ്'" (13:14).

ദൈവം നമുക്ക് **ശക്തമായ പ്രോത്സാഹനം** നൽകുവാൻ ആഗ്രഹിച്ചു. "പ്രോത്സാഹനം" എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നത് *പാരാക്ലിസിസ്* ആണ്, അതിന് "സാന്ത്വനം," "ആശ്വാസം," അല്ലെങ്കിൽ "പ്രബോധനം" എന്നാണ് അർത്ഥം. ആ ചിന്തകളെല്ലാം ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. ആ വാഗ്ദാനങ്ങളിൽ നിന്നാണ് നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ പ്രചോദനങ്ങൾ; നമുക്ക് അതിൽ ഉറച്ച് നിൽക്കുവാൻ കഴിയും. നാം അവനോട് അപേക്ഷിച്ചാൽ പരീക്ഷണങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ദൈവം നമുക്ക് പോക്കു വഴി ഒരുക്കും, അതിനായി കാത്തിരിക്കയും, പ്രയോ ജനപ്പെടുത്തുകയും വേണം (1 കൊ. 10:13).

**വാക്യം 19**. യോഹന്നാൻ 14:1, 2 ൽ പറയുന്നതുപോലെ, **വാ**ഗ്ദാന ങ്ങളിന്മേലാണ് നാം നമ്മുടെ **പ്രത്യാശ** വളർത്തുന്നത്, അത് തീർച്ചയുള്ള **ആത്മാവിന്റെ നങ്കൂരമാണ്**. നങ്കൂരം ശരിക്ക് ഇട്ടുകഴിഞ്ഞാൽ കപ്പൽ കാറ്റിൽ അലയുകയില്ല. അതുപോലെയാണ് നാമും. നങ്കൂരം ബലമുള്ളതാണെങ്കിൽ, അത് വളയുകയോ ഒടിയുകയോ ചെയ്യുകയില്ല; അത് ഉറപ്പിച്ചു കെട്ടിയാൽ, നമ്മുടെ ജീവിത കപ്പൽ ഭദ്രമായിരിക്കും. നാം നമ്മുടെ മഹത്തായ പ്രത്യാശ നഷ്ടമാക്കിയാൽ, പിന്നെ എല്ലാം നഷ്ടപ്പെടും. പുരാതന ലോകത്തിന്

പരിചയമുള്ള ഉപമയായിരുന്നു നങ്കൂരത്തിന്റേത്. സോക്രേറ്റ്സ് പറഞ്ഞു, "ഒരു കപ്പലിന് ഒരു നങ്കൂരത്തിൽ മാത്രം ആശ്രയിപ്പാൻ സാധ്യമല്ല, അല്ലെങ്കിൽ ഒരു പ്രത്യാശയിൽ മാത്രം ആശ്രയിപ്പാൻ കഴിയുകയില്ല."[42] കടൽ യാത്രക്കാരൻ തന്റെ നങ്കൂരം കടലിനടിയിലേക്കാണ് ഇടുന്നതെങ്കിൽ, ക്രിസ്ത്യാനി തന്റെ നങ്കൂരം ഉറപ്പിക്കേണ്ടത് സ്വർഗത്തിലാണ്, കാരണം അവിടേക്കാണ് യേശു **തിരശീലക്കകത്തുകൂടെ** പോയിരിക്കുന്നത് (6:19; നോക്കുക 9:24). നമ്മുടെ നങ്കൂരം ക്രിസ്തു ആണ്–"മഹത്വത്തിന്റെ പ്രത്യാശയുടെ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" (കൊലൊ. 1:27; നോക്കുക 1 തിമൊ. 1:1).

"നാം സുരക്ഷിത തുറമുഖത്തിന്റെ അടിത്തട്ടിലേക്കാണ് നങ്കൂരം ഇട്ടിരിക്കുന്നത്" എന്ന് ലേഖകൻ പറയുമെന്നായിരിക്കാം ഒരാൾ പ്രതീക്ഷിക്കുന്നത്. മറിച്ച് അവൻ "അലങ്കാരബഹുലമായ തന്ത്രമായി"[43] ക്രിസ്തുവിന്റെ മഹാപൗരോഹിത്യ വിഷയത്തിലേക്ക് മടങ്ങി വരികയാണ്.

**വാക്യം 20**. പഴയ നിയമ പുരോഹിതന്മാരെല്ലാം ആരാധകരെ തിരശീലക്ക് പിന്നിലേക്കാണ് നയിച്ചിരുന്നത്, **യേശുവിന്** കഴിഞ്ഞതുപോലെ നമുക്ക് **മുന്നോടി** ആകുവാൻ പഴയ നിയമപുരോഹിതന്മാർക്ക് കഴിഞ്ഞില്ല. *പ്രോഡ്രോമോസ്* എന്ന വാക്ക്, സൈന്യത്തിനു മുൻപിൽ സഞ്ചരിക്കുന്ന സ്കൗട്ടിനെയാണ് പ്രതിഫലിപ്പിക്കുന്നത്. "തിരശീലക്കകത്തേക്ക് പ്രവേശിക്കുവാൻ കഴിയുന്ന ഒരു പ്രത്യാശയാണ് നമുക്ക് ഉള്ളത്" (എൻആർഎസ്വി), അത് സൂചിപ്പിക്കുന്നത് ആലങ്കാരികമായി സ്വർഗീയ മഹിമയെ കാണിക്കുന്നതാണ് ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലം (നോക്കുക 9:11, 12). നമുക്ക് വേണ്ടി യേശു തന്റെ രക്തവുമായി പോയത് അവിടേക്കാണ്.

യേശു ഒരു ദിവസം വന്നു നമ്മെ അവനോടുകൂടെ സ്വർഗത്തിലേക്ക് കൊണ്ടു പോകും. സ്വർഗീയമായവയുടെ നിഴലിൽ മാത്രമെ ഭൗമിക പുരോഹിതന്മാർക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ഭൗതികവും ആത്മികവുമായ ലോകത്തെ വേർതിരിക്കുന്നതായിരിക്കാം "തിരശീല." അത്യുൽകൃഷ്ടമായ സ്ഥാനത്തേക്ക് പ്രവേശിച്ച ശേഷം, യേശു നമുക്ക് പിൻപറ്റുവാൻ "ഒരു പുതുവഴി" ഒരുക്കി (10:20–22). ആ വാഗ്ദാനങ്ങൾ "ഉറപ്പുള്ളതും തീർച്ചയുള്ളതും ആണ്" (വാ. 19), കാരണം ദൈവത്തിന്റെ വചനം സത്യമാണെന്ന് എല്ലായ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അവൻ ഒരു പോയിന്റിൽ തെറ്റിയാൽ നാം അവനെ അസത്യവാദിയെന്നും അവന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുവാൻ പറ്റാത്തതെന്നും നാം പറയും.

യേശുവിന് മുന്നോടിയായി യോഹന്നാൻ സ്നാപകൻ ഉണ്ടായിരുന്നതുപോലെ, നമുക്ക് വഴി ഒരുക്കിയവനും, സ്ഥലം ഒരുക്കിക്കൊണ്ടിരിക്കുന്നവനും ആയ യേശു മുന്നോടിയായി ഉണ്ട് (യോഹ. 14:1–3, 6). "മുന്നോടി" എന്ന വാക്ക് സൂചിപ്പിക്കുന്നത്, ആദ്യമായി മുന്തിരിവള്ളിയിൽ കായ്ക്കുന്നതും ചക്കിലേക്ക് ആട്ടുവാൻ ആദ്യം പാകമാകുന്നതുമായ മുന്തിരിക്കുലയെയാണ്.[44] ശത്രുവിന് അതിശയം തോന്നാത്ത വിധത്തിൽ സൈന്യത്തിനു മുൻപിൽ അയക്കുന്ന സ്കൗട്ടിനെയാണ് ആ വാക്ക് ഗ്രീക്ക് എഴുത്തുകളിൽ അർത്ഥമാക്കുന്നത് എന്നാണ് ബ്രൂസ് പറഞ്ഞത്.[45] അഹരോൻ ദിനന്തോറും ദൈവാലയത്തിൽ പോയിരുന്നു എങ്കിലും അവൻ ഒരിക്കലും "മുന്നോടി" ആയിരുന്നില്ല. യേശു നമ്മുടെ സ്കൗട്ടാണ്. നമുക്ക് വഴി ഒരുക്കുവാൻ വളരെ മുൻപ് തന്നെ പോയി.

നമുക്ക് "വഴി തെളിക്കുന്നവൻ" ആയി സ്വർഗത്തിൽ പ്രവേശിച്ച്, അന്തിമ ലക്ഷ്യത്തിലേക്കുള്ള വഴിയിൽ ചിലപ്പോൾ പാറയും കാണാം, എങ്കിലും, ന

മുക്ക് കയറിപ്പോകുവാൻ അവൻ അടയാളപ്പെടുത്തിയിരിക്കുകയാണ്. യേശു മരിച്ചപ്പോൾ, ദൈവത്തിനു മാത്രം ചെയ്യുവാൻ കഴിയുന്ന വിധത്തിൽ, യെരുശലേം ദൈവാലയത്തിലെ തിരശീല മുകൾ തൊട്ട് അടി വരെ രണ്ടായി കീറി (മത്താ. 27:51); മഹത്വത്തിലേക്കുള്ള വഴി തുറന്നതിനാൽ ഇപ്പോൾ ദൃശ്യമായി.

വാക്യം 20 അവസാനിപ്പിക്കുന്നത് അവൻ **മല്ക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കുമുള്ള മഹാപുരോഹിതനായി തീർന്നു** എന്നു പറഞ്ഞുകൊണ്ടാണ്. (5:6, 10; 6:20; 7:1–15 ലെ ചർച്ചകൾ നോക്കുക.)

## കൂടുതൽ പഠനത്തിന്:
## സ്നാനം (6:2)

ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനപരമായ ഉപദേശങ്ങളുടെ ഭാഗമായിരുന്നു യേശു കൽപിച്ച സ്നാനം എന്ന് പുതിയനിയമ സഭയിലെ അംഗങ്ങൾക്ക് അറിയാമായിരുന്നു. അത് രാജ്യത്തിലേക്ക് അഥവാ അവന്റെ ശരീരത്തിലേക്ക് പ്രവേശിക്കുന്നതിനുള്ളതായിരുന്നു എന്നും അവർക്ക് അറിയാമായിരുന്നു (1 കൊ. 12:13). അത് ഒരിക്കലും ആവർത്തിക്കപ്പെടേണ്ട ഒരു കൽപനയല്ല എന്നും അവർക്ക് അറിയാമായിരുന്നു അത് മറക്കാതെ ഓർമ്മിക്കേണ്ട സത്യമാണെന്നും അവർക്ക് അറിയാമായിരുന്നു. അത് കൽപനകളിൽ കാണിച്ചിരിക്കുന്നു (പ്രവൃ. 10:48), "ക്രിസ്തുവിനെ പ്രസംഗിക്കുമ്പോൾ" കേട്ട് അനുസരിക്കേണ്ടതാണെന്ന് പ്രവൃത്തികളുടെ പുസ്തകം വ്യക്തമാക്കുന്നു (8:29–39), കർത്താവിന്റെ ശരീരത്തിലെ അവയവങ്ങളെല്ലാം അത് ചെയ്തതാണെന്ന് ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്നു.[46] ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നതിന്റെ ഭാഗമായി പഠിപ്പിച്ചതായിരുന്നു അത് (പ്രവൃ. 8:35–39; 1 കൊ. 2:2; പ്രവൃ. 18:8 നോക്കുക).

ക്രിസ്ത്യാനികൾ അതിന്റെ പ്രാധാന്യം മനസിലാക്കുകയും, "മരണത്തോട് ഏകീഭവിക്കുന്ന" സ്നാനത്തിൽ എന്തു സംഭവിക്കുന്നു എന്ന് ഓർപ്പിച്ച് അതിൽനിന്ന് ഒരിക്കലും പിന്മാറി പോകരുത് എന്ന് അവരെ പ്രബോധിപ്പിക്കുവാൻ പൗലൊസ് എല്ലാം ചെയ്തിരിക്കുന്നു (റോമ. 6:3, 4). അവർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റപ്പോൾ പാപസംബന്ധമായിരുന്നു ആ "മരണം" നോഹയുടെ രക്ഷയിൽ അത് നിഴലായിരുന്നു എങ്കിൽ, നമ്മുടെ രക്ഷയിൽ അത് പൊരുളായി തീരുകയാണ് (1 പത്രൊ. 3:20, 21). അത്, ചില ആളുകൾ പറയുന്നതുപോലെ "ആന്തരികമായ അനുഭവത്തിന്റെ ബാഹ്യപ്രകടനത്തേക്കാൾ" ഉപരിയായിരുന്നു എന്ന് അവർക്ക് അറിയാമായിരുന്നു. അവർ വിശ്വാസത്താൽ ക്രിസ്തുവിനെ ധരിക്കുവാനായി ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായിരുന്നു (ഗലാ. 3:26, 27). പുതിയനിയമത്തിൽ സ്നാനം കൽപിച്ചിരിക്കുന്നതിലധികമായിട്ട് ഒന്നും വിശദമാക്കുന്നില്ല. യോഹന്നാൻ സ്നാപകന്റെ കാലത്തും ആളുകൾ സ്നാനം ഏറ്റിരുന്നു (മത്താ. 3:1–5), യേശുവും യോഹന്നാനാൽ സ്നാനം ഏറ്റിരുന്നു (യോഹ. 4:1–3), പരിവർത്തനങ്ങളുടെ വിശദീകരണം പ്രവൃത്തികളുടെ പുസ്തകത്തിൽ കാണാം. സ്നാനം ഏറ്റ എല്ലാവർക്കും അത് "ക്രിസ്തുവിനോട് ചേരുവാനുള്ള" കൽപനയാണെന്ന് എല്ലാവർക്കും മനസിലായിരുന്നു (റോമ. 6:3; ഗലാ. 3:27), അതിന്റെ പ്രവർത്തനത്തെ കുറിച്ച് വിശദമാക്കേണ്ട ആവശ്യമില്ല.

## പ്രായോഗികത

### തികവിലേക്ക് (6:1)

ആത്മാവിൽ വളരുന്നതിനുള്ള പ്രധാന പോയിന്റ് പൗലൊസ് തിമൊഥെയൊസിന് നൽകിയിരിക്കുന്നു: "നീയോ ഇന്നവരോട് പഠിച്ചു എന്നു ഓർക്കുന്നതും ക്രിസ്തുവേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ പഠിക്കയും ചെയ്തു" (2 തിമൊ. 3:14). പൂർവ്വഭ്രംശം സംഭവിക്കാതിരിക്കുവാൻ ഓരോരുത്തരും വിശ്വാസത്തിൽ വളരണം. വിശ്വാസത്യാഗം സംഭവിക്കാതിരിപ്പാൻ അതിന്റെ അപകടത്തെ നാം ഭയപ്പെടണം. തിമൊഥെയൊസ് പഠിച്ചതും തീർച്ചയാക്കിയതുമായ കാര്യങ്ങളിൽനിന്ന്, ദുഷ്ടമനുഷ്യരുടെ ചതിയിൽ അകപ്പെടാതിരിക്കുവാനായിരുന്നു പൗലൊസ് അവനെ മുന്നറിയിച്ചത്. പൗലൊസ് അവനെ എന്തെല്ലാമാണ് ഓർപ്പിച്ചത്? അവൻ തുടരുന്നു,

> നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക, എല്ലാ തിരുവെഴുത്തും ദൈവശ്വാസിയം ആകയാൽ, ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്ന് ഉപദേശത്തിന്നും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു (2 തിമൊ. 3:15–17).

ദൈവശ്വാസിയമായ എഴുത്തുകളായ പഴയ നിയമവും പുതിയ നിയമവും വിശുദ്ധമായ എഴുത്തുകളാണ്. വളരുവാനായി തിമൊഥെയൊസ് അവ രണ്ടും പഠിക്കണമായിരുന്നു. ഒരു യുവാവായ തിമൊഥെയൊസിനെ പൗലൊസ് സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നതുവരെ പുതിയനിയമ തത്വങ്ങൾ അധികവും പഠിച്ചിരിക്കുവാനിടയില്ല. എന്നാൽ പൗലൊസ് ഇവിടെ "തിരുവെഴുത്ത്" എന്നു പറഞ്ഞിരിക്കുന്നത് പുതിയ നിയമമാണ്. പഴയ നിയമം ഉദ്ധരിച്ചതിനു പുറമെ, അവൻ ലൂക്കൊസ് 10:7 ഉം അല്ലെങ്കിൽ മത്തായി 10:10, ഉം ഉദ്ധരിച്ച് 1 തിമൊഥെയൊസ് 5:18 ൽ "തിരുവെഴുത്ത്" എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട്, 2 തിമൊഥെയൊസ് 3:16 ൽ പറഞ്ഞ തിരുവെഴുത്തുകൾ പഴയനിയമവും പുതിയനിയമവും ഉൾപ്പെടുന്നതാണ്.

ആത്മിയ വളർച്ച ക്രമേണ നടക്കുന്ന പ്രക്രിയയാണ്. ഓരോ ദിവസവും ഒരു പ്രത്യേക അളവിൽ വളർച്ച ലഭിക്കുന്നില്ലെങ്കിൽ നിരാശപെടേണ്ട ആവശ്യമില്ല, പക്ഷെ നാം തികവിലെത്തുവാൻ നിരന്തരം തിരുവെഴുത്തു പഠിച്ചുകൊണ്ടിരിക്കണം.

### നമ്മുടെ "പ്രാഥമിക ഉപദേശം" (6:1, 2)

യേശുക്രിസ്തു ദൈവ പുത്രനാണ് എന്നതാണ് ഏറ്റവും അടിസ്ഥാനപരമായ സത്യം (മത്താ. 3:17; 16:13–17; 1 കൊ. 3:11 നോക്കുക). ഈ ലളിതമായ സത്യത്തെ നാം ഉൾക്കൊള്ളുന്നതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള നമ്മുടെ എല്ലാ വിശ്വാസവും. ഒരാൾ ഇത് സ്വീകരിച്ചാൽ, പിന്നീട് പുതിയ നിയമത്തിൽ ക്രിസ്തുവും അപ്പോസ്തലന്മാരും പഠിപ്പിക്കുന്നതെല്ലാം വിശ്വസിക്കും. ക്രിസ്തു അവരെ ശക്തീകരിച്ച് നമ്മിലേക്ക് സത്യം എത്തിക്കുമാറാക്കി (യോഹ. 16:12, 13) തിരുവെഴുത്തിലെ വെളിപ്പാടുകളെ അവൻ സംരക്ഷിക്കുമെന്ന് പറഞ്ഞിരിക്കുന്നു (മത്താ. 24:35). ദൈവശ്വാസീയരായിരുന്ന പ്ര

വാചകന്മാർ, അപ്പൊസ്തലന്മാർ തുടങ്ങിയവർ മുഖേന വെളിപ്പെടുത്തിയത് കൊണ്ടാണ് നാം യേശുവിൽ വിശ്വസിക്കുന്നത്. അവർ എഴുതിയതെല്ലാം സ്വീകരിക്കാതെ നമുക്ക് യേശുവിൽ വിശ്വസിക്കുവാൻ സാധ്യമല്ല. തന്റെ "വാക്കുകളെ" പ്രമാണിക്കുന്നവൻ ബുദ്ധിയുള്ളവൻ എന്നാണ് യേശു പറഞ്ഞത് (മത്താ. 7:24, 25). തീർച്ചയായും, എല്ലാ സ്ഥലങ്ങളിലുമുള്ള ആളുകളിലേക്ക് വചനം എങ്ങനെ എത്തിക്കണമെന്ന് അവനറിയാമായിരുന്നു. അത് കൊണ്ട് "നല്ല മനസ്സാക്ഷി" (1 തിമൊ. 6:12), അന്തർലീനമാക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്.

**കൈവയ്പ്പ് (6:2)**

"ആത്മീയ വരങ്ങളും," ആയി ബന്ധപ്പെട്ടതാണ് പ്രവൃത്തികളുടെ പുസ്തകത്തിലെ കൈവയ്പ്പ്, അത് അമാനുഷ ശക്തിക്കുള്ള മാർഗ്ഗമായിരുന്നു. ഏഴ് പേരിൽ അപ്പൊസ്തലന്മാരിൽ കൈവച്ച ഉടനെ (പ്രവൃ. 6), സ്തെഫാനോസിനും ഫിലിപ്പോസിനും അത്ഭുതം ചെയ്വാൻ കഴിഞ്ഞു (പ്രവൃ. 6:6, 8; 8:4–8, 12, 13). ആധുനിക കാലത്ത് "ആത്മീയ വരങ്ങൾ" അത്ഭുതശക്തിയിൽ നിന്ന് (1 കൊ. 12:4–11 ൽ വിവരിച്ചിരിക്കുന്നത് പോലെ) വിപുലമാക്കുകയും വീര്യം കുറയ്ക്കുകയും ചെയ്തിരിക്കുന്നു. ഒരാൾക്ക് ഏതുതരത്തിലുള്ള താലന്ത് നൽകിയിരിക്കുന്നു എങ്കിലും, അതിൽ പണമുണ്ടാക്കുവാനും ദരിദ്രർക്ക് കൊടുക്കുവാനും കഴിയണം എന്നത് റോമർ 12:6–8 തെറ്റിദ്ധരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. വരങ്ങളുടെ ആദ്യ വിഭജന ഭാഗം 1 കൊരിന്ത്യർ 12:4–11 ലേതു പോലെയാണ്, അവിടെ പ്രവചനം, ശുശ്രൂഷിക്കൽ, ഉപദേശം, പ്രബോധനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ആ വരങ്ങൾ 1 കൊരിന്ത്യർ 12 ലും എഫെസ്യർ 4:11 ലും പറഞ്ഞിരിക്കുന്നതുമായി യോജിക്കുന്നു. അപ്പൊസ്തലന്മാരും പ്രവാചകന്മാരും (ദൈവേഷ്ടം സംസാരിച്ചവർ), സുവിശേഷകന്മാർ ഇടയന്മാർ (മൂപ്പന്മാർ/അദ്ധ്യക്ഷന്മാർ), ഉപദേഷ്ടാക്കന്മാർ എന്നിവർക്ക് പ്രത്യേക വരങ്ങൾ ആത്മീയമായി-നയിക്കപ്പെടേണ്ടതിന് നൽകിയിരുന്നു.

റോമർ 12 ലെ ലിസ്റ്റിൽ "പ്രവചനം" കഴിഞ്ഞ് ഉടനെ വരുന്നത് "ശുശ്രൂഷ" (*ഡയാകോണിയ*). പ്രവൃത്തികൾ 6:2 ലെ ഏഴ് പേരുടെ പ്രവർത്തനത്തിൽ ഈ വാക്കിന്റെ അർത്ഥം അന്തർലീനമായിരിക്കുന്നു. അപ്പൊസ്തലന്മാരുടെ കൈവയ്പ്പ് ലഭിച്ച ശേഷമാണ് ആ ഏഴുപേർക്ക് അത്തരം വരങ്ങൾ ലഭിച്ചത്. റോമർ 12 നെ കുറിച്ച്, മോസസ് ലാർഡ് നിരീക്ഷിച്ചത് ആ വാക്കുകളുടെ ഗ്രീക്ക് ഘടനയിൽ, "നൽകുന്നവൻ ഔദാര്യമായി" എന്ന മാറ്റം ഉണ്ടെന്നാണ് (12:8):

> ["എങ്കിൽ"] *എയ്റ്റ്* എന്ന് എടുത്താൽ, യാദൃശ്ചികമായിട്ടല്ല, ആ ക്ലോസിന് മുൻപ് വന്നിരിക്കുന്നത്. അത് മുൻപ് വന്നിരിക്കുന്നത് നാല് ക്ലാസുകൾക്ക് മുൻപാണ്; ഓരോന്നും പ്രത്യേക വരത്തിന്റെ സാന്നിദ്ധ്യത്തെയാണ് പറയുന്നത്. എന്നാൽ ആ നാല് ക്ലോസുകൾക്ക് അപ്പുറമായി, പ്രത്യേക വരങ്ങൾ വിപുലമാക്കുന്നില്ല. അഞ്ചാമത്തെ ക്ലോസോടുകൂടി [ലേഖകൻ ] പറഞ്ഞു തുടങ്ങുന്നത് പ്രത്യേക ശക്തിയില്ലാത്ത ചുമതലകളെയാണ്; അങ്ങനെ *എയ്റ്റ്* എന്നതിന്റെ ഉപയോഗം നിർത്തി.[47]

തിരുവെഴുത്തുകളുടെ സമാന്തര പ്രയോഗങ്ങൾ ഉള്ള വെർഷനുകൾ വായിക്കുമ്പോൾ ഉണ്ടാകുന്ന അപകടത്തെയാണ് അത് പറയുന്നത്, കാ

രണം അതിൽ പ്രാധാന്യമുള്ള വാക്കുകൾ ഒഴിവാക്കിയേക്കാം റോമർ 12:6 ലെ "വെതർ" (*എയ്റ്റ്*) എന്ന വാക്കിന്റെ ആവശ്യകത കാണണമെങ്കിൽ പഴയ എഎസ്‌വി വായിക്കണം. റോമർ വേദഭാഗത്തിന്റെ രണ്ടാം ഭാഗം പറയുന്നത് സാധാരണ കടമകളെയാണ്. നാം അവയെ താലന്തുകൾ എന്ന് വിശേഷിപ്പിക്കുന്നു, അത് ക്രിസ്ത്യാനികളെ, അത്ഭുതം കൂടാതെ മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ പ്രാപ്തരാക്കുന്നു. ദൈവത്തിന്റെ "വരം" ലഭിച്ചവർക്ക് പണം ധാരാളം ലഭിക്കുകയും, അവർ അത് മറ്റുള്ളവർക്ക് നൽകുകയും ചെയ്യുന്നത് "ആത്മീയവരം" (*നുമാറ്റികോസ് കരിസ്മ*, അക്ഷരീകമായി "ആത്മീയ വരം") ആയിട്ടാണ് ബൈബിളിൽ പറയുന്നത്.

കൂടാതെ പൗലൊസ് മുൻപ് റോമിൽ പോയിരുന്നു എങ്കിലും, അവൻ അവിടെ പോകുവാൻ ആഗ്രഹിച്ചത്, അവർക്ക് ആത്മീയ വരങ്ങൾ നല്കുക എന്ന ഉദ്ദേശത്തിനായിരുന്നു (റോമർ. 1:11). അവന് ഉപദേശത്താൽ അവർക്ക് കൊടുത്താൽ മതിയായിരുന്നു എങ്കിൽ, റോമർക്ക് ഒരു ലേഖനം എഴുതി അയച്ചാൽ മതിയായിരുന്നു. "ആത്മീയ വരങ്ങളുടെ" അർത്ഥം പലർക്കും ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. തത്ഫലമായി തങ്ങൾക്ക് "ആത്മീയ വരങ്ങൾ" ഉണ്ടെന്ന് അവകാശപ്പെടുന്നു. അവർക്കുള്ളത് വാസ്തവത്തിൽ, വളർത്തിയെടുത്ത താലന്തുകളാണ്. മറ്റു പലർക്കും അഭ്യാസത്താൽ അത്തരം താലന്തുകൾ വളർത്തിയെടുക്കാൻ കഴിയും.

### നിത്യന്യായ വിധി (6:2)

ആധുനിക പ്രസംഗങ്ങളിൽ പലപ്പോഴും നിത്യ ന്യായ വിധി എന്ന ആശയം അവഗണിക്കപ്പെടുകയാണ്. ന്യായവിധി നാളിൽ എന്ന് മത്തായി 25:31–46 ൽ പറഞ്ഞിരിക്കുന്ന "സകല ജാതികളും" (എന്നതിന്റെ അർത്ഥം "സകല ജനവും") ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപാകെ നിൽക്കും. യോഹന്നാൻ 5:28, 29 പറയുന്നത് "ജീവങ്കലേക്കുള്ള പുനരുത്ഥാനവും," "ന്യായവിധിക്കായുള്ള പുനരുത്ഥാനവും" എന്നാണ്. നമുക്ക് ഏതു വിധത്തിലുള്ള പുനരുത്ഥാനമാണ് ലഭിക്കുക എന്ന് നിർണ്ണയിക്കുന്നത് ന്യായവിധിയാണ്.

വരുവാനുള്ള ന്യായവിധിയെ കുറിച്ച് നാം പ്രസംഗിക്കണം. പൗലൊസ് റോമൻ നാടുവാഴിയായിരുന്ന ഫേലിക്സിനോട് ഫലപ്രദമായി അറിയിക്കുകയും, അവൻ അത് കേട്ട് ഭയപ്പെടുകയും ചെയ്തു (പ്രവൃ. 24:25). എബ്രായർ 12:29 പറയുന്നത് "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്." 10:30, 31 ൽ നാം വായിക്കുന്നു, "കർത്താവ് തന്റെ ജനത്തെ ന്യായംവിധിക്കും. ... ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് ഭയങ്കരം." വരുവാനുള്ള ന്യായവിധിയെ കുറിച്ച് തിരുവെഴുത്തുകളിൽ ധാരാളം മുന്നറിയിപ്പുകൾ ഉണ്ട്: വായിക്കുക മത്തായി 12:41, 42; യോഹന്നാൻ 12:48; പ്രവൃത്തികൾ 17:30, 31; റോമർ 2:4, 5; 14:10–12; 2 കൊരിന്ത്യർ 5:10; എബ്രായർ 9:27; വെളിപ്പാട് 20:11–15.

### "ദൈവം അനുവദിച്ചാൽ" (6:3)

ദൈവത്തിന്റെ വചനം കൂടാതെ തങ്ങളെ ആത്മീയ തികവിലേക്ക് പരിശുദ്ധാത്മാവ് നടത്തുമെന്ന് ചില ആളുകൾ അവകാശപ്പെടുന്നു. അത് വാസ്തവം ആണെങ്കിൽ, വചനം പഠിക്കേണ്ട ആവശ്യമില്ലല്ലോ. ഒരാൾക്ക് തിരുവെഴുത്ത് വായിച്ച് മനസ്സിലാക്കുവാനുള്ള താല്പര്യം ഇല്ലായ്മ അയാളുടെ ജീവിതത്തെ തന്നെ ചോദ്യ ചിഹ്നമാക്കുകയാണ്, എന്നാൽ വചനത്തിലേക്ക്

തുടർച്ചയായി തിരിഞ്ഞ് ദൈവം ആഗ്രഹിക്കുന്നത് പോലെ ആയിത്തീരുവാൻ കഴിയുന്നതും കാണാം (2 കൊ. 3:18; യാക്കൊ. 1:23-25 നോക്കുക). വചനം തുടർച്ചയായി ധ്യാനിച്ചാൽ മാത്രമേ, അതിൽ ദൈവം ഉദ്ദേശിച്ച ഫലം നമുക്ക് ലഭിക്കുകയുള്ളു.

ആത്മീയ വളർച്ച ഒരു അത്ഭുതമല്ല, എന്നാൽ സ്വാഭാവിക നടപടിയാണ്. ചില ആളുകൾ, വീണ്ടും ജനനം അടക്കം, എല്ലാം അത്ഭുതമാണെന്ന് വിശ്വസിക്കുന്നു. എന്നാൽ യേശു പറഞ്ഞത് ചില കാര്യങ്ങൾ "വിസ്മയം" ജനിപ്പിക്കാത്തത് ഉണ്ട് എന്നാണ് (യോഹ. 3:7). അത്ഭുതങ്ങൾ രൂപപ്പെടുത്തിയത് ആളുകളെ വിസ്മയിപ്പിക്കുന്നതിന് ആയിരുന്നു. പുതിയ ജനനം അത്ഭുതമാണെങ്കിൽ ഒരു ദിവസം ഒരു തരത്തിലും, മറ്റൊരു ദിവസം വേറൊരു തരത്തിലും ആയിരിക്കും. നേരെ മറിച്ച്, അത് എല്ലായ്പ്പോഴും സുവിശേഷത്താലാണ് സംഭവിക്കുന്നത് (1 കൊ. 4:15; യാക്കൊ. 1:18; 1 പത്രൊ. 1:22, 23). ആധുനിക ശാസ്ത്രം തടസ്സപ്പെടുത്തിയില്ലാ എങ്കിൽ സ്വാഭാവികമായ ജനനം സ്ഥിരമായി നടക്കും. ഗർഭധാരണവും ജനനവും നമ്മെ വിസ്മയപ്പെടുത്തിയേക്കാം, അത് പ്രതീക്ഷിക്കാവുന്നതാണ് പക്ഷെ അത്ഭുതമല്ല. അത് ദൈവീകമായി ആരംഭിച്ചതും ദൈവ നിയമപ്രകാരം തുടരുന്നതുമാണ്. അത് പോലെയാണ് പുതിയ ജനനവും (യോഹ. 3:7, 8). അത് സംഭവിക്കുന്നത് (നല്ല തർജിമ "കാറ്റ്") ദൈവ വചനം മുഖാന്തരം ആളുകളുടെ ഹൃദയത്തിനും ജീവിതത്തിനും മാറ്റമുണ്ടാകുമ്പോഴാണ് ക്രിസ്തുവിലുള്ള പുതു സൃഷ്ടികളായി തീരുന്നത്.

"ദൈവം അനുവദിച്ചാൽ" എന്ന ഉപയോഗത്തിൽ നിന്ന്, പുതിയ നിയമ എഴുത്തുകാർക്ക് ഭാവിയിൽ എന്ത് സംഭവിക്കുമെന്ന് അറിഞ്ഞിരുന്നില്ല എന്ന് വ്യക്തം, അതു പോലെ ദൈവത്തിന്റെ പ്രവൃത്തി എല്ലായ്പ്പോഴും, പ്രത്യേകമായി സംഭവിക്കുന്നത് അവർക്ക് അജ്ഞാതമായിരുന്നു. "ദൈവം ഈ സഭയെ ഇപ്പോൾ അനുഗ്രഹിക്കുന്നു," എന്ന് അവകാശപ്പെടുന്നത്, പ്രശംസയായിരിക്കും അല്ലാതെ അതു ശരിയായിരിക്കയില്ല. സഭയുടെ വളർച്ച എല്ലായ്പ്പോഴും നല്ലതാണ് എന്ന് നാം വിചാരിക്കും; എന്നാൽ പലർക്കും തെറ്റിൽ വളരുവാനും സാധിക്കും. ചിലത് സാത്താന്റെ ഇഷ്ടമാണ് (ലൂക്കൊ. 13:16; 1 തെസ്സ. 2:18) അല്ലാതെ ദൈവേഷ്ടമല്ല. സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നത് അവൻ അധികാരപ്പെടുത്തിയിട്ടായിരിക്കണമെന്നില്ല.

ഒനേസിമോസ് ഫിലെമോന്റെ അടുക്കലേക്ക് മടങ്ങിപ്പോകുന്നത് ദൈവേഷ്ടമാണോ എന്ന് പൗലൊസിന് തീർച്ചയില്ലായിരുന്നു (ഫിലെ. 15). അവൻ പറഞ്ഞു, "അവൻ അല്പകാലം വേർവിട്ട് പോയത് അവനെ സദാകാലത്തേക്കും നിനക്ക് ലഭിക്കേണ്ടതിന് ആയിരിക്കും." പൗലൊസിന്, ദൈവീക വെളിപ്പാടും ഉൾബുദ്ധിയും ഉണ്ടായിരുന്നെങ്കിലും, ചില കാര്യങ്ങളിൽ ദൈവത്തിന്റെ കരുണാധിക്യ പ്രകാരമുള്ള പ്രവൃത്തിയെ കുറിച്ച് അവന് അറിയില്ലായിരുന്നു. അത് നമ്മുടെ ഗുണത്തിനാണ്, "ദൈവം അനുവദിച്ചാൽ," എന്നാണ്, അല്ലാതെ "ഇത് കർത്താവിന്റെ അനുഗ്രഹമാണ് എന്ന് എനിക്കറിയാം" എന്നല്ല. ആദ്യത്തേത് കാണിക്കുന്നത് ആശ്രയമാണ്, രണ്ടാമത്തേത് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ അറിയാമെന്ന് പറയുന്നത് അഹങ്കാരമാണ്.

ആ പ്രയോഗം ഭക്തിയുടെ ശൈലി ആയിരുന്നില്ല, എന്നാൽ പുതിയ നിയമ ക്രിസ്ത്യാനികളുടെ വിശ്വാസം പ്രതിഫലിപ്പിക്കുന്ന ആത്മാർത്ഥ പോയിന്റായിരുന്നു. ദൈവം മനുഷ്യരുടെ കാര്യങ്ങളെ നിയന്ത്രിക്കും എന്ന് അവർ സമ്മതിച്ചിരുന്നു. ദൈവത്തിന്റെ കരുണാധിക്യ പ്രകാരമുള്ള ഭരണത്തെ

ബോധ്യപ്പെട്ട് വിശ്വസിച്ചില്ലായെങ്കിൽ, നമുക്ക് ദൈവത്തോട് വ്യക്തിപരമായ വിശ്വാസം ബലപ്പെടുകയില്ല. ജീവിതത്തിന്റെ താല്ക്കാലിക സ്വഭാവം നമ്മെ കാണിക്കുന്ന വേദഭാഗമാണ് യാക്കോബ് 4:13-16:

> ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു. ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ: നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ. കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടത്. നിങ്ങളോ വമ്പു പറഞ്ഞു പ്രശംസിക്കുന്നു; ഈവക പ്രശംസ എല്ലാം ദോഷം ആകുന്നു. നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ.

**പ്രകാശിപ്പിക്കലും സ്നാനവും (6:4)**

സ്നാനപ്പെടുന്ന സമയം "പ്രകാശിപ്പിക്കൽ" എന്ന് സഭാ പിതാക്കന്മാർ രണ്ടാം നൂറ്റാണ്ടിൽ പറയുവാൻ കാരണമെന്ത്? ആ സമയത്താണ് ഒരാൾ ക്രിസ്തുവിനോട് ചേർന്ന് "വെളിച്ചത്തിൽ നടക്കുന്നത്" (1 യോഹ. 1:7) എന്ന് അവർ അംഗീകരിച്ചിരുന്നോ? തീർച്ചയായും, അത് അങ്ങനെ തന്നെ ആയിരുന്നു. ആധുനിക വേദശാസ്ത്രജ്ഞൻമാർക്ക് അറിയാതിരിക്കുന്നത്, അവർ അറിഞ്ഞിരുന്നു, ആ പ്രവൃത്തിയാണ് ഒരാളെ "ക്രിസ്തുവിനോട്" ചേർക്കുന്നത് (റോമ. 6:3; ഗലാ. 3:26, 27) അങ്ങനെ പുതിയ ക്രിസ്ത്യാനി വെളിച്ചത്തിൽ നടക്കുന്നു. ആ സമയത്താണ് ഒരാൾ സത്യം അനുസരിക്കുന്നതും പരിജ്ഞാന പൂർത്തിയിലേക്ക് നടക്കുവാൻ തുടങ്ങുന്നതും. അപ്പോഴാണ് "ഒരാൾ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് ... തന്റെ പുത്രന്റെ ... രാജ്യത്തിലേക്ക് പ്രവേശിക്കുന്നത്" (കൊലൊ. 1:13).

"വെളിച്ചം" പരിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും അടയാളമാണ്, എന്നാൽ "ഇരുട്ട്" അജ്ഞതയുടെയും പാപത്തിന്റെയും അടയാളമാണ്. ക്രിസ്ത്യാനികൾ "ഇരുട്ടിന്റെ മക്കളല്ല," മറിച്ച് "വെളിച്ചത്തിന്റെ മക്കൾ" ആണ് (1 തെസ്സ. 5:4, 5). അങ്ങനെയാകുമ്പോൾ, ക്രിസ്തുവിലായ ഒരാൾ അപകടങ്ങളെ ജാഗ്രതയോടെ കാണണം (വാ. 6).

**സ്വർഗ്ഗീയ ദാനം (6:4)**

റോമർ 6:23 പറയുന്നത്, "ദൈവത്തിന്റെ കൃപാവരമോ കർത്താവായ യേശുക്രിസ്തുവിൽ നിത്യ ജീവൻ തന്നെ." ഈ വിലയേറിയ ദാനം സജീവമായ വിശ്വാസത്തിന്റെ ഫലമായി ലഭിക്കുന്നതാണ്. അത് വിശ്വസിക്കുന്ന സമയത്ത് ലഭിക്കുന്നതല്ല എന്നും, ആ വരം വിശ്വാസത്താൽ പ്രാപ്തമാകുന്നതാണെന്നും യോഹന്നാൻ പറഞ്ഞു (യോഹ. 1:11, 12). ആ വരം വിശ്വസിക്കുന്നവർക്ക് ഉള്ളതാണ്: "അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകുവാൻ അവൻ അവകാശം നൽകി." "അവകാശം ലഭിക്കുക" എന്ന് പറയുന്നത് "ലഭിച്ചു കഴിഞ്ഞതല്ല." ഒരു യാത്രക്കാരൻ, വിമാന ടിക്കറ്റ് വാങ്ങിയാൽ, അതിൽ കയറി ലക്ഷ്യ സ്ഥാനത്തേക്ക് യാത്ര ചെയ്യാൻ അവകാശമുണ്ട്. എങ്ങനെയായാലും, ടിക്കറ്റ് കയ്യിലുള്ളപ്പോൾ ലക്ഷ്യസ്ഥാനത്തേക്ക് യാത്ര ചെയ്തു എന്നു പറയുവാൻ സാധ്യമല്ല. വിശ്വാസം എന്നുള്ളത് മഹ

ത്വത്തിലേക്കുള്ള നമ്മുടെ ടിക്കറ്റ് ആണ്, എന്നാൽ സ്വർഗ്ഗത്തിൽ എത്തുവാൻ അത് കരുതുകയും സൂക്ഷിക്കുകയും വേണം.

**മാനസാന്തരത്തിലേക്ക് ഒരിക്കലും തിരിച്ച് വരാതിരിക്കൽ (6:6)**

ദൈവം നമ്മെ ധാർമ്മിക സ്വതന്ത്രരായി നിർമ്മിച്ചിരിക്കയാൽ, നാം ക്രിസ്തുവിനെ അനുഗമിക്കുന്നത് തിരഞ്ഞെടുക്കണമോ അതോ അവനിൽ നിന്ന് പിന്മാറി പോകുന്നത് തിരഞ്ഞെടുക്കണമോ എന്നുള്ള അവകാശം നമുക്ക് നൽകിയിരിക്കയാണ്. എബ്രായർ 6:6 കാണിക്കുന്നത് ആ സ്വാതന്ത്ര്യം നമുക്ക് അനുവദിച്ചിരിക്കുന്നതായിട്ടാണ്. ഒരാൾക്ക് ക്രിസ്തുവിലുള്ള വ്യക്തിപരമായ വിശ്വാസം ക്രൂശിക്കുവാനും, അങ്ങനെയുള്ള പ്രത്യാശ നഷ്ടപ്പെടുത്തുവാനും കഴിയും. വേദഭാഗം പറയുന്നത് കുഞ്ഞാടിന്റെ രക്തത്താൽ ഒരാൾ രക്ഷിക്കപ്പെട്ട ശേഷം, അതിൽ നിന്ന് വീണുപോകുവാൻ സാധ്യതയുണ്ട് എന്നാണ്.

ഒരാൾക്ക് ഒരു രോഗത്തിന്റെ ലക്ഷണം കണ്ടാൽ ആ വ്യക്തിക്ക് പ്രതിരോധ ശക്തി ആവശ്യമാണ്, അതിനായി ചെറിയ തോതിലുള്ള മരുന്ന് നൽകും. അതുപോലെ, ഒരു വ്യക്തിക്ക് ക്രിസ്തീയ അനുഭവത്തിന്റെ ചെറിയ ഭാഗം വിശ്വാസത്താൽ ലഭിച്ചിട്ട് വീണ്ടും ലോകത്തിലേക്ക് പോയാൽ ക്രിസ്തുവിന്റെ അനുഗ്രഹങ്ങൾ സ്പർശിക്കുവാൻ പോലും അയാൾക്ക് കഴിയില്ല. പക്ഷെ ആ വീഴ്ചയിൽ നിന്നും മാനസാന്തരപ്പെട്ട്, ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ അനുഗ്രഹങ്ങൾ തുടർന്ന് ലഭിക്കും; അതേസമയത്ത് വിശ്വാസം നഷ്ടപ്പെടുത്തി തിരിച്ച് വരാതെയുമിരിക്കാം. അപ്പോൾ ഒരിക്കൽ അനുഗ്രഹമായി കണക്കാക്കിയത്, അയാൾക്ക് വീണ്ടും ലഭിക്കാതിരിക്കുകയും ചെയ്തേക്കാം. ആ സമയം എത്തുന്നത്, ദൈവത്തിന് മാത്രമേ അറിയാവു; എന്നാൽ തങ്ങൾക്ക് മാനസാന്തരപ്പെടുവാൻ കഴിയുന്നതിന് അപ്പുറം എത്തി എന്ന് ചില വ്യക്തികൾക്ക് അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. "അതിനെ പരിശുദ്ധാത്മാവിന് എതിരായുള്ള പാപം എന്ന് പറയാം. ..."[48] ഒരാൾക്ക് ആ രീതിയിലുള്ള പാപം ചെയ്തു എന്ന് ബോധ്യമായാൽ അയാൾ അത് ചെയ്തു എന്ന് തെളിയിക്കുന്നു. അത്തരം ഭയം ഒരാളുടെ മനസ്സിനെ തകർക്കുന്നു എങ്കിലും അയാൾ മാനസാന്തരപ്പെടുന്നില്ലെങ്കിൽ അയാളിൽ രക്ഷിക്കുന്ന അനുസരണം ഇല്ല എന്ന് വ്യക്തം.

**നാല് അസാധ്യങ്ങൾ (6:6)**

എബ്രായ ലേഖനത്തിൽ നാല് "അസാധ്യങ്ങൾ" നൽകിയിരിക്കുന്നു. ആദ്യത്തേത് വാക്യം 6 ൽ കാണാം. ഒരാൾ "തെറ്റിപ്പോയാൽ" അയാളെ മാനസാന്തരത്തിലേക്ക് തിരിച്ചു വരുത്തുവാൻ അസാധ്യമാണ് എന്ന് ദൈവം പറയുന്നു. ദൈവത്തിന് ഭോഷ്ക് പറയുന്നത് അസാധ്യം എന്നാണ് അടുത്തത് (6:18). മൂന്നാമത്തെ അസാധ്യം ആട്ടുകൊറ്റന്മാരുടെയും കാളകിടാങ്ങളുടേയും രക്തത്തിന് പാപം മോചിക്കുവാൻ കഴിയുകയില്ല എന്നതാണ് (10:4). അവസാനത്തെ "അസാധ്യം" വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നതാണ് (11:6).

**നമ്മുടെ രക്ഷയുടെ ഉദ്ദേശം (6:6)**

സ്വർഗ്ഗത്തിലേക്ക് എടുക്കുവാൻ മാത്രമാണോ യേശു നമ്മെ രക്ഷിച്ചത്?

അങ്ങനെയെങ്കിൽ എന്തുകൊണ്ട് നാം ഇതുവരെ അവിടെ എത്തിയില്ല? നാം രക്ഷിക്കപ്പെട്ടത് ആത്മീയ തികവിലെത്തുവാനും മറ്റുള്ളവരുടെ രക്ഷയ്ക്ക് അവരെ സഹായിക്കുന്നതിനും ആണ്. ദൈവ ഭയത്തിൽ നാം വിശുദ്ധിയെ തികച്ച് തികവിലെത്തുവാൻ ശ്രമിക്കണം (2 കൊ. 7:1). നമ്മുടെ രക്ഷയ്ക്ക് വേണ്ടി പ്രവർത്തിപ്പാൻ ആണ് പൗലൊസ് നമ്മോട് അപേക്ഷിച്ചത് (ഫിലി. 2:12). നമ്മുടെ കർത്താവ് പാപത്തിൽ നിന്ന് വിടുവിച്ച് ആത്മീയമായി തികവി ലേക്ക് വളരുവാൻ ആണ് അവൻ നമ്മെ വിളിച്ചത്, അല്ലാതെ ക്രിസ്തുവിൽ ശിശുക്കളായി തന്നെ ഇരിക്കുവാനല്ല. ദൈവത്തിന് നമ്മുടെ തലയിലെ മുടി പോലും എണ്ണുവാൻ കഴിയും (മത്താ. 10:30) തീർച്ചയായും നാം ഏതു ദിശ യിലേക്ക് സഞ്ചരിക്കുന്നുവെന്ന് അവനറിയാം. അവന് നമ്മുടെ ആവശ്യങ്ങള റിയാം, ചോദിക്കുന്നതിന് മുൻപ് തന്നെ നമ്മുടെ ആഗ്രഹങ്ങളും ദുഃഖങ്ങളും സന്തോഷവും അവനറിയാം.

**ഫലമുള്ളവരാകൽ (6:7, 8)**

വിതക്കാരന്റെ ഉപമയിൽ യേശു തന്റെ കേൾവിക്കാരെ മുന്നറിയിച്ചത് ചിലർ കുറേക്കാലത്തേക്ക് മാത്രം "വിശ്വസിക്കുകയും" പിന്നെ "പിന്മാറി പോകയും ചെയ്യും" എന്നാണ് (ലൂക്കൊ. 8:5–15). അവസാനമായി പറയുന്നു, "കേൾക്കുന്നത് ശ്രദ്ധിച്ചുകൊൾവിൻ" (ലൂക്കൊ. 8:18). വചനം കേൾക്കുന്നതി നും അല്ലെങ്കിൽ "വിത്ത് കൈക്കൊള്ളുന്നതിനും" ഓരോരുത്തർക്കും ഉത്ത രവാദിത്തമുണ്ട്. ദൈവ വചനത്തിലെ ഓരോ ചിന്തയും ശ്രദ്ധയോടെ കേട്ടു വേണം അതിന് കീഴ്പ്പെടുവാൻ. കേൾക്കുന്നത് മനസിലാക്കുവാനും അനുസ രിക്കുവാനുമുള്ള വലിയ ഉത്തരവാദിത്തമാണ് കേൾവിക്കാരന് ഉള്ളത് (മത്താ. 13:23). നാം ഒന്നുകിൽ "ജഡത്തിന്റെ പ്രവൃത്തി" അല്ലെങ്കിൽ "ആത്മാവിന്റെ ഫലങ്ങൾ" തിരഞ്ഞെടുക്കണം (ഗലാ. 5:19–23). ദൈവ വചനം മനസിലാക്കി ഹൃദയംഗമമായി പാലിച്ചാൽ, ആത്മാവിന്റെ ഫലവും അല്ലെങ്കിൽ ജഡത്തിന്റെ പ്രവൃത്തികളുമായിരിക്കും ഫലം. അപ്രകാരം ആണ് ഒരാൾക്ക് ദൈവത്തിൽ നിന്ന് വാസ്തവത്തിലുള്ള അനുഗ്രഹം ലഭിക്കുന്നത്. ലൂക്കൊ. 8:15 പറയുന്നത് "നല്ല മണ്ണിലുള്ളതോ വചനം കേട്ട് ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ച് ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ." ഓരോ വിശുദ്ധനും തന്റെ "വിളി യും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ ശ്രമിക്കണം" (2 പത്രൊ. 1:10; കെജെവി).

**സഹോദരന്മാരെ പ്രശംസിക്കൽ (6:9)**

ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് ഉപദേഷ്ടാക്കന്മാർ അന്യോന്യം പ്രശം സിക്കണം. നമ്മുടെ സഹോദരങ്ങൾ കർത്താവിനെ പ്രസാദിപ്പിക്കുവാൻ കഠിന പരിശ്രമം നടത്തുകയായതിനാൽ, നാം ശകാരിക്കുന്നവരാകരുത്. നാം എല്ലാവരെയും ആശ്വസിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്താൽ നാമെല്ലാവരും ബർന്നബാസുമാർ ആയി തീരും (പ്രവൃ. 4:36). സഭയിൽ അത് കൂടുതലായി വേണം! ക്രിസ്തുവിലുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ നന്മയായിരിക്കണം നമ്മുടെ ലക്ഷ്യം. നാം അവരെ ബഹുമാനിക്കുന്നുണ്ടെന്നും അവരിൽ അഭിമാനിക്കുന്നുണ്ടെന്നും അവർ അറിയണം. മനുഷ്യ മനസ് അറി യാവുന്നതിനാലാണ് ലേഖകൻ തന്റെ വായനക്കാരെ പ്രോൽസാഹിപ്പിച്ചത്. ശാസന ആവശ്യമാണ്, പക്ഷെ നമുക്ക് പ്രസംഗത്തിൽ ഒരു തുല്യതയാണ് ആവശ്യം. നാം മറ്റുള്ളവരുടെ നിഷേധമായവയെ മാത്രം നോക്കി കാണുവാൻ

ശ്രമിക്കുമ്പോൾ, അവരുടെ നന്മ കാണാതിരിക്കുകയും, അവർ നമ്മുടെ നന്മ കാണാതിരിക്കുകയും ചെയ്യും. തുല്യത എബ്രായ ലേഖനത്തിൽ മാത്രമല്ല, ബൈബിളിലുടനീളം കാണാം.

**"രക്ഷക്ക് ഉതകുന്ന കാര്യങ്ങൾ (6:9, 10)**

രക്ഷക്ക് ഉതകുന്ന മനോഹരമായ ധാരാളം അനുഗ്രഹങ്ങൾ ഉണ്ട്. അവയിൽ ചിലത് പ്രാഥമികമായി രക്ഷയുടെ ഭാഗമല്ല, എന്നാൽ അവ യാദൃശ്ചികമായി കണ്ടെത്തുന്നതോ അല്ലെങ്കിൽ, അതിനോടുകൂടെ ലഭിക്കുന്ന ഉപരിതല ഗുണങ്ങളോ ആകാം. നമ്മുടെ പേര് സ്വർഗത്തിൽ എഴുതുന്നതു മുതൽ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ എന്തെല്ലാമാണ് (12:23)?

മറ്റുള്ളവരെ സേവിക്കുന്നതും ജീവിതത്തിൽ നമുക്ക് ഒരു ഉദ്ദേശം ഉണ്ടെന്നു മനസിലാക്കുന്നതും, ദൈവരാജ്യത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങളാണ്. നാം മറ്റുള്ളവരെ സഹായിക്കുമ്പോൾ, നാം നമ്മിലേക്ക് തന്നെ നോക്കുന്നതിനുപകരം, യേശുവിന്റെ മഹത്തായ മനോഭാവത്തിലേക്കാണ് നോക്കുന്നത്. അത് നമ്മെ തൃപ്തിയുടെ മറ്റൊരു ഉയരത്തിലേക്ക് എത്തിക്കും. നമ്മുടെ രക്ഷ പ്രവൃത്തിയിലേക്ക് വിപുലമാക്കുകയാണ്, കാരണം നമ്മെ "ക്രിസ്തുയേശുവിൽ സൃഷ്ടിച്ചിരിക്കുന്നത്" അതിനായിട്ടാണ് (എഫെ. 2:10). തങ്ങളുടെ ജീവിതത്തിൽ പ്രത്യേക പ്രത്യാശയില്ലാത്തതിനാൽ, അവർക്ക് ജീവിതത്തിൽ ഉദ്ദേശമൊന്നും കാണുകയില്ല. മറ്റുള്ളവരെ സഹായിക്കൽ നമ്മുടെ വ്യക്തിപരമായ ഉപകാരത്തിലേക്ക് നയിക്കുന്നതാണ്.

അനുസരണമുള്ള വിശ്വാസത്താൽ നമുക്ക് ദൈവം രക്ഷ നൽകുമ്പോൾ (എബ്രാ. 5:8, 9), അവൻ നമ്മെ എത്രമാത്രം സ്നേഹിച്ചു എന്നും നാം എത്രമാത്രം മറ്റുള്ളവരെ സ്നേഹിക്കേണ്ടതാണെന്നും അറിയുന്നു (1 യോഹ. 4:19). ഈ സ്നേഹം നമ്മൾ കൂടുതൽ നൽകുന്തോറും നമ്മിലേക്ക് അധികമായി ദൈവം പകർന്നു തരും. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഭാഗ്യം (പ്രവൃ. 20:35). നമുക്ക് ലഭിക്കുന്നതിലധികം നൽകുവാൻ നമുക്ക് കഴിയുകയില്ല, ധാരാളമായി നൽകിയാൽ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കും (2 കൊ. 9:6–11). നീതിമാന്മാർ വീണ്ടും വീണ്ടും പഠിക്കുന്ന പാഠമാണ് ഇത്.

ദൈവം നമ്മെ ഓർക്കുന്നു എന്ന ചിന്തയാണ് ദിവസവും ധ്യാനിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് (വാ. 10). എല്ലാറ്റിലും ഉപരിയായി, നാം പ്രദർശിപ്പിക്കുന്ന ദയവിനനുസരിച്ച് അവൻ നമ്മെ ന്യായമായി കരുതും. നാം അവന്റെ നാമത്തിൽ ചെയ്യുന്ന പ്രവർത്തികൾ ദൈവം മറക്കുകയില്ല, കാരണം അവയെല്ലാം ചെയ്തത് അവന്നു വേണ്ടിയാണ്! ആ വസ്തുതയുടെ അടിസ്ഥാനത്തിലാണ് ന്യായവിധി എന്ന് യേശു പറഞ്ഞു: ആവശ്യമുള്ള ഒരു സഹോദരനെ സഹായിക്കുന്നത് നാം അവനെ സഹായിക്കുന്നതിന് തുല്യമാണ് (മത്താ. 25:40). കഷ്ടത അനുഭവിക്കുന്ന സഹോദരനെ നാം സഹായിക്കുമ്പോൾ, വാസ്തവത്തിൽ നാം "ക്രിസ്തുവിനെ" ആ വ്യക്തിയിൽ കാണുന്നു. "ദരിദ്രരെ സഹായിക്കുമ്പോൾ, നാം ക്രിസ്തുവിനെ പോലെ ആയി" എന്നു വിചാരിക്കരുത്, മറിച്ച്, "അത് കർത്താവിനെ ശുശ്രൂഷിപ്പാൻ എനിക്ക് ലഭിച്ചിരിക്കുന്ന അവസരമാണ്, ആവശ്യമുള്ള സഹോദരൻ ക്രിസ്തുവായിട്ടാണ് എന്റെ മുൻപിൽ നിൽക്കുന്നത്" എന്നാണ് കരുതേണ്ടത്.

നമ്മുടെ ആവശ്യങ്ങൾ അവഗണിക്കപ്പെടുന്നു എന്നു കരുതി നാം ഒരിക്കലും നിരാശപ്പെടരുത്. ദൈവം മറക്കുന്നവനല്ല! "ഞാൻ ചെയ്യുന്നതിനെ

കുറിച്ച് ആരും ചിന്തിക്കുന്നില്ലല്ലോ, ഞാൻ ചെയ്യുന്നതിനൊന്നും പ്രതിഫലം ലഭിക്കുന്നില്ലല്ലോ" എന്ന് ഒന്നും വിചാരിക്കരുത്. ആരും നമ്മെ കരുതുന്നില്ല എന്ന ചിന്ത ദൈവത്തെ മറക്കുവാനേ കാരണം ആകയുള്ളു!

**"ഒരിക്കലും വിട്ടുകളയരുത്" (6:11, 12)**

മറ്റുള്ളവരെ സേവിക്കുന്നതിനാൽ (6:9, 10), നാം വിശ്വാസത്തിൽ വളർന്ന് "പ്രത്യാശയിൽ ഉറപ്പുള്ളവരാകും" (വാ. 11). ഇത് നമ്മെ പത്രൊസ് ക്രിസ്തീയ മനോഗുണങ്ങളെ വർദ്ധിപ്പിച്ച് രക്ഷയുടെ പ്രതിഫലം വാങ്ങുവാൻ പറയുന്നതിനെ ഓർപ്പിക്കുന്നു (2 പത്രൊ. 1:5-11). വിശ്വാസത്തിന്റെ അടിസ്ഥാനമായി ഏഴു തീർച്ചയുള്ള പടികൾ വളർത്തുവാനാണ് പത്രൊസ് ഇവിടെ പറയുന്നത്: ധാർമ്മിക ശ്രേഷ്ഠത, പരിജ്ഞാനം, ഇന്ദ്രിയജയം, സ്ഥിരോൽസാഹം, ദൈവഭക്തി, സഹോദരപ്രീതി, സ്നേഹം എന്നിവയാണ് (2 പത്രൊ. 1:8, 10, 11). ഇടറിപ്പോയാൽ മാനസാന്തരം ആവശ്യമാണ്, നാം ആദ്യം സ്നേഹപ്രയത്നത്തിലേക്ക് തിരിച്ചു വരണം (വെളി. 2:5).

വാക്യങ്ങൾ 11 ഉം 12 ഉം വില്യം ബാർക്ലേ സമാന്തര പ്രയോഗം നടത്തുന്നത് ഇങ്ങനെയാണ്:

> പ്രത്യാശ യാഥാർത്ഥ്യമാക്കി തീർക്കുവാൻ അതേ എരിവ് ഹൃദയംഗമമായി പ്രായോഗികമാക്കണം, അങ്ങനെ അവസാനം വരെ അതിൽ തുടരുകയും ചെയ്താൽ നാം നിരുത്സാഹപ്പെട്ട് അലസരായി തീരുകയില്ല; വിശ്വാസത്താൽ മുൻപ് വിശ്വസ്തരായവരെ അനുകരിച്ച് ക്ഷമയോടെ നമുക്ക് വാഗ്ദാനങ്ങൾ അവകാശമാക്കാം.[49]

ആരാധന മന്ദതയുള്ളതായി തോന്നിയാൽ നമുക്ക് എന്തു ചെയ്യുവാൻ കഴിയും, പ്രസംഗം പ്രചോദന രഹിതമാകുന്നു, ബൈബിൾ പഠനം നമ്മെ മാറ്റുകയില്ലേ? "ഒരേ എരിവ് കാണിക്കുവാൻ," ക്രിസ്തു നമ്മെ നയിക്കണം, അതിന് ആരാധനയിൽ നാം തുടർച്ചയായി സംബന്ധിക്കുകയും, സഭാ പ്രവൃത്തികൾ നടത്തുകയും വേണം. നാം കർത്തൃസേവയിൽ സ്ഥിരോത്സാഹമുള്ളവരാണെങ്കിൽ, വീണ്ടും നമുക്ക് സന്തോഷിക്കാൻ കഴിയും. നമുക്ക് മുൻപ് പലർക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ട്.

"ശമിപ്പിൻ" അർത്ഥം "സൂക്ഷിക്കുക" എന്നാണ്, രാജ്യത്തിലെ സേവനത്തിൽ നാം ഒരിക്കലും അലസരായി തീരരുത്. നമുക്ക് മുൻപേ തേജസ്സിലേക്ക് പോയവരെ നാം ഓർക്കണം; അവർ പകുതി-വഴിയിൽ ഉപേക്ഷിച്ചു പോയില്ല. അവരെ പോലെ, നാമും സ്ഥിരോത്സാഹം ഉള്ളവരാകണം. എബ്രായർ 11 ലെ വിവരണം നോക്കിയാൽ, വിശ്വസ്തരായ അനേകരുടെ കഴിഞ്ഞ കാല ജീവിതം മറക്കാതെ ഇരിപ്പാൻ കഴിയണം. ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം ഓരോ ദിവസവും അനുഗ്രഹിച്ചത് നമ്മെ ഓർപ്പിച്ച്, നമ്മുടെ ഉൾക്കണ്ണുകൾക്ക് പ്രകാശം നൽകുന്നു. അവൻ ഇപ്പോഴും നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നു (റോമ. 8:28). സഹായത്തിനായി തുടർച്ചയായി അവനെ അന്വേഷിക്കുന്നവർക്ക്, കർത്താവ് എപ്പോഴും സഹായം നൽകും. എബ്രായർ 13:5, ഉദ്ധരിച്ചിരിക്കുന്നത് ആവർത്തനപുസ്തകം 31:6 ആണ്. അതിൽ പറയുന്നത്, "ഞാൻ നിന്നെ ഒരുനാളും ഉപേക്ഷിക്കയില്ല, കൈവിടുകയുമില്ല" എന്നാണ്. എബ്രായർ 13:6 ആ ആശയത്തിന് മറ്റൊരു പതിപ്പ് നൽകുന്നു, ഉദ്ധരിച്ചിരിക്കു

ന്നത് സങ്കീർത്തനങ്ങൾ 118:6 ആണ്: "യഹോവ എന്റെ പക്ഷത്തുണ്ട്; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്തു ചെയ്യും?" ദൈവത്തിന്റെ സാന്നിദ്ധ്യം, അവനോട് അടുത്തുള്ളവർക്കാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്.

**ഒരു ആണ: എല്ലാ തർക്കത്തിന്റെയും അവസാനം (6:15, 16)**

മനുഷ്യൻ പലപ്പോഴും വാഗ്ദാനം ചെയ്യുന്നത് മറന്നുപോകും, അതുകൊണ്ട് നമുക്ക് സാക്ഷികൾ ആവശ്യമാണ്. എങ്ങനെയായാലും, സാക്ഷികളും മറന്നു പോകുവാൻ ഇടയുണ്ട്, അതുകൊണ്ട് നിയമപരമായി രേഖകൾ നമുക്ക് ആവശ്യമാണ്. ആ വാഗ്ദാനങ്ങൾ ശ്രദ്ധയോടെ എഴുതി, വാഗ്ദാനത്തിന്റെ നിബന്ധനകൾ സംശയ രഹിതമായി പാലിക്കപ്പെടേണ്ടതിന് സൂക്ഷിക്കുന്നു. ചിലപ്പോൾ ഒരു മനുഷ്യന്റെ വാക്ക് പലപ്പോഴും കെട്ടപ്പെട്ടിരിക്കുന്നു, എന്ത് തന്നെയായാലും അയാൾ തന്റെ വാക്ക് പാലിക്കുന്നു! എല്ലാ മനുഷ്യരും മാന്യതയും സത്യസന്ധതയും ഉള്ളവരാണെങ്കിൽ, നാം തന്നെ ക്രിസ്തുവിന്റെ രാജ്യമാകും അപ്പോൾ ഒരാളുടെ വാക്ക് പൂർണ്ണമായി വിശ്വസിക്കുവാൻ കഴിയും. എല്ലാ ആളുകളും പൂർണ്ണമായി അന്യോന്യം വിശ്വസ്തത കാണിച്ചാൽ ഇന്ന് സമൂഹത്തിലുള്ള പ്രശ്നങ്ങളും പല വഴക്കുകളും ഒഴിവാക്കാവുന്നതാണ്. സഭയിലും ലൗകിക സമൂഹത്തിലും-അത് വാസ്തവമാണ്. അത്തരം സമയം വരുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

**ആണ-ഇടൽ (6:16)**

മത്തായി 5:34 ൽ എല്ലാ ആണയിടലും യേശു വിലക്കിയിരിക്കുന്നു എന്നാണ് കരുതിയിരിക്കുന്നത്, എന്നാൽ ആ വീക്ഷണം വളരെ ഇടുങ്ങിയതായിരിക്കാം. യേശു തന്റെ ദൈവീക പുത്രത്വത്തെ കുറിച്ച് ആണയിട്ടാണ് പറഞ്ഞത് (മത്താ. 26:63, 64); പൗലൊസും 2 കൊരിന്ത്യർ 1:23 ലും 11:30 ലും ആണയിട്ട് പറഞ്ഞിരിക്കുന്നു. യാക്കൊബ് 5:12 ൽ അതേ ഭാഷ ഉപയോഗിച്ച് "മറ്റ് ആണകളെ" പറഞ്ഞിരിക്കുന്നു (എംഫസിസ് ആഡഡ്). ആ വാക്ക് *അലോസ്* എന്നതിൽ നിന്നാണ് വന്നിരിക്കുന്നത്, "ഒരേ തരത്തിലുള്ള മറ്റൊന്ന്," അല്ലാതെ *ഹെറ്ററോസ്* അല്ല, അതിന്റെ അർത്ഥം "വേറെ വിധത്തിലുള്ള മറ്റൊന്ന്" എന്നാണ്. പരീശന്മാർ തങ്ങളുടെ സംഘത്തിലെ ഏതെങ്കിലും ഒരു അംഗം ആണയിട്ടാൽ അതിന് സാധുതയുള്ളതും അവന്റെ വാക്ക് ആണയനുസരിച്ച് നിവൃത്തിച്ചില്ലെങ്കിലും സാരമില്ലെന്ന ഒരു വ്യവസ്ഥ വളർത്തിയെടുത്തിരുന്നു. ഫലത്തിൽ യേശു പറഞ്ഞു, "എല്ലായ്പ്പോഴും സത്യം പറവിൻ, എന്നാൽ ആണയുടെ ആവശ്യമില്ല." ക്രിസ്തുവിന്റെ ശിഷ്യന്മാർ സത്യസന്ധരാകയാൽ അവർക്ക് ആണയിടേണ്ട ആവശ്യം ഇല്ല. അമേരിക്കൻ കോടതികളിൽ "ഞാൻ പ്രതിജ്ഞ ചെയ്യുന്നു" അല്ലെങ്കിൽ "ഞാൻ ഉറപ്പിച്ച് പറയുന്നു" എന്ന് ഒരാളെ കൊണ്ട് പറയിപ്പിക്കുന്നതിന്റെ കാരണം അവ തമ്മിൽ വ്യത്യാസമില്ലാത്തതു കൊണ്ടാണ്. "ഞാൻ ഉറപ്പിച്ച് പറയുന്നു," എന്ന് പറഞ്ഞിട്ട് കോടതിയിൽ നുണ പറഞ്ഞാൽ അയാൾ കള്ള സാക്ഷ്യമാണ് പറയുന്നത്, "ഞാൻ സത്യം പറയുന്നു" എന്ന് പറഞ്ഞിട്ടായാലും നുണയാണെങ്കിൽ അത് കള്ള സാക്ഷ്യമാകുന്നു.

ഒരു ക്രിസ്ത്യാനി വാക്കു പാലിക്കുന്നവൻ ആയിട്ടാണ് അറിയപ്പെടേണ്ടത്. എങ്ങനെയായാലും, ന്യായ പ്രമാണ സംബന്ധമായി ഒരാളുടെ വാക്കു മാത്രം പോരായിരുന്നു; ഒരു ആണയും ആവശ്യമായിരുന്നു. ഒരു പ്രത്യേക ജോലി

ഒരാൾക്ക് നിബന്ധനയോടുകൂടി ചെയ്യാൻ ആവശ്യപ്പെട്ടാൽ, അയാൾ തന്റെ വാക്കു പാലിക്കണം. 1984 ൽ അമേരിക്കയിലെ ഒരു സ്ഥാപനത്തിലെ ജോലിക്കാർ നല്ല ശമ്പളത്തിനും ജോലി നിബന്ധനകൾക്കുമായി സമരം ചെയ്തു. അവരുടെ ഉടമ്പടിയും ദേശത്തിലെ നിയമവും അനുസരിച്ച് അത് കുറ്റ കൃത്യമായിരുന്നു. നിയമം നിമിത്തം പൊതു സുരക്ഷ ആവശ്യമായിരുന്നു, അതിനാൽ സമരം ചെയ്ത എല്ലാ ജോലിക്കാരെയും ജോലിയിൽ നിന്ന് പിരിച്ച് വിട്ടു. അദ്ദേഹം അങ്ങനെ ചെയ്യുമെന്ന് ജോലിക്കാർ ആരും പ്രതീക്ഷിച്ചില്ല. എന്നാൽ ജോലിക്കാർ തുടർച്ചയായി ജോലി ചെയ്യാമെന്ന് വാഗ്ദാനം ചെയ്തവരാണ്, പക്ഷെ ആ മാന്യത അവർ ലംഘിക്കുകയാണ് ചെയ്തത്.

## ദൈവത്തിന്റെ വചനം സത്യവും മാറാത്തതുമാണ് (6:18)

ദൈവത്തിന്റെ വചനം എല്ലായ്പ്പോഴും സത്യമാണ്; ആ വസ്തുതയുടെ അടിസ്ഥാനത്തിൽ അവന്റെ നിത്യമായ ഉറപ്പിൽ നമുക്ക് വിശ്വസിക്കാം. അവൻ ഭോഷ്ക് പറയുകയോ തന്റെ വാഗ്ദാനങ്ങളിൽ നിന്ന് പുറകോട്ട് പോവുകയോ ചെയ്യുകയില്ല. ദൈവത്തിന്റെ ക്ഷമാപണ നിബന്ധനകളിൽ ചില ഒഴികഴിവുകൾ നാം പ്രതീക്ഷിക്കുന്നു, എന്നാൽ അത് നമ്മുടെ പ്രത്യേക അവകാശമല്ല. നമ്മുടെ കടമ ക്ഷമാപണ നിബന്ധനകൾ അങ്ങനെ തന്നെ പ്രസംഗിക്കുക എന്നതാണ്. അവൻ അത് തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു, നാം അതിൽ ആശ്രയിച്ച് അതിനോട് സത്യസന്ധത പുലർത്തണം.

പാതാളത്തിലെ യാതനാ സ്ഥലത്ത് നിന്ന് ("ധനവാൻ") തന്നോടും തന്റെ ഭൂമിയിലുള്ള സഹോദരന്മാരോടും കരുണ കാണിക്കാനായി അപേക്ഷിച്ചു (അത് സൂചിപ്പിക്കുന്നത് അവൻ ഇടയ്ക്കുള്ള സ്ഥലത്ത് ആയിരുന്നു എന്നാണ്). ഫലത്തിൽ, പ്രതികരണം ഇതായിരുന്നു, "ദൈവം തന്റെ വചനത്തിൽ മോശയും പ്രവാചകന്മാരും മുഖേന ആവശ്യമായത് വെളിപ്പെടുത്തിയിരിക്കുന്നു. ദരിദ്രരോട് നീ ചെയ്യാതിരുന്നത്, നിന്റെ സഹോദരന്മാർക്ക് ഇപ്പോൾ ചെയ്യാനുള്ള അവസരം ഉണ്ട്. എന്നാൽ ഹൃദയ കാഠിന്യത്തിൽ ആയി ജീവിക്കുന്ന മനുഷ്യരോട്, മരിച്ചവരിൽ നിന്ന് ആരെങ്കിലും പോയി അറിയിച്ചാലും അവർക്ക് മാറ്റം ഉണ്ടാവുകയില്ല. അവർ പ്രത്യാശ ഇല്ലാത്തവരാണ്, അതുകൊണ്ട് പ്രത്യേക അത്ഭുതത്തിലൂടെ എന്തെങ്കിലും അറിയിക്കുന്നത് പാഴ് ശ്രമമായിരിക്കും" (ലൂക്കൊ. 16:27–31).

## നങ്കൂരവും മറ്റു അടയാളങ്ങളും (6:19)

രണ്ടാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും പ്രാവ് ആത്മാവിന്റെ അടയാളമായി തീർന്നത് പോലെ, നങ്കൂരം, ക്രിസ്ത്യാനിയുടെ പ്രത്യാശയുടെ അടയാളമായി തീർന്നിരുന്നു. വിശ്വാസത്തിന്റെ ചിത്രമായി മത്സ്യത്തെ എടുത്തത് ഗ്രീക്കിലെ "മത്സ്യം" (*ഇക്തുസ്*), അത് അക്ഷരീകമായി "യേശുക്രിസ്തു ദൈവപുത്രൻ രക്ഷകൻ" എന്നു പറയുന്നതാണ്.[50] ക്രിസ്തീയ കല്ലറ അടയാളപ്പെടുത്തുന്നവർക്ക് ആരംഭത്തിൽ പ്രത്യാശയെ സൂചിപ്പിക്കുന്നതായിരുന്നു നങ്കൂരം. ദൈവത്തിന്റെ വചനത്തിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർക്ക് അത്തരം കാര്യങ്ങൾ ആവശ്യമില്ല. ക്രിസ്തു നമുക്ക് രണ്ടു അടയാളങ്ങൾ തന്നിരിക്കുന്നു-സ്നാനവും കർത്തൃമേശയും. ഒരാൾ "ക്രിസ്തുവിനോട് ചേരുവാൻ" സ്നാനം ഏൽക്കുമ്പോൾ സ്നാനം രക്ഷയുടെ അടയാളമായി തീരും. പൗലൊസ് ആ സത്യം റോമയിലുള്ളവരെ റോമർ 6:3 ൽ ഓർമ്മിപ്പി

ച്ചിരിക്കുന്നു (ഗലാ. 3:26, 27 നോക്കുക); അതേ സത്യം അന്തർലീനമാക്കിയിരിക്കുന്നു 1 പത്രൊസ് 3:20, 21 ൽ. കർത്തൃമേശയിൽ നാം പങ്കിടുന്ന അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും പ്രതിനിധീകരിക്കുന്നതാണ് (1 കൊ. 10:16). കർത്തൃ മേശയിൽ പങ്കെടുത്ത് കൊണ്ട്, നാം ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുകയും അവന്റെ രണ്ടാം വരവ് പ്രതീക്ഷിക്കുകയും ചെയ്യുന്നു (1 കൊ. 11:26). മറ്റൊന്ന്, അനധികൃതമായ അടയാളങ്ങൾ എടുത്താൽ അതിന്റെ പ്രാധാന്യം കുറയ്ക്കുകയായിരിക്കും ചെയ്യുക. തീർച്ചയായും, മനുഷ്യന്റെ ചിന്തയാൽ ദൈവത്തിന്റെ ജ്ഞാനത്തെ വികസിപ്പിക്കാവുന്നതല്ല.

ഒരു കുരിശു ധരിക്കുക എന്നത് ഒരു നങ്കൂരം ധരിക്കുന്നതിനേക്കാൾ വിലയുള്ളതല്ല. ഏതെങ്കിലും വിധത്തിൽ ഒരു അടയാളം തന്നെ "സന്തോഷിപ്പിക്കും" എന്ന് വിചാരിച്ചാൽ ആ പരിശീലനം വാസ്തവത്തിൽ ഉപദ്രവകരമാകും. കർത്താവിലുള്ള നമ്മുടെ ശക്തമായ ജീവിതത്തെ ഓർപ്പിക്കുന്നത് ഒഴിച്ചാൽ അടയാളങ്ങൾക്ക് വലിയ പ്രാധാന്യമില്ല.

ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയാണ് നമുക്കുള്ള നങ്കൂരം. ഒരു പഴയ കീർത്തനം ആ സത്യത്തെ വ്യക്തമാക്കുന്നു:

> ആത്മാവിനെ സൂക്ഷിക്കുന്ന ഒരു നങ്കൂരം നമുക്ക് ഉണ്ട്,
> തിരമാലയിൽ ഉറച്ച് സ്ഥിരമായി നിൽക്കുവാൻ
> ഇളകാത്ത പാറയിൽ കെട്ടി ഉറപ്പിക്കേണം,
> രക്ഷകന്റെ സ്നേഹത്തിന്റെ ആഴത്തിൽ വേരൂന്നി ഇരിക്കേണം.[51]

നമ്മുടെ വിശ്വാസവും പ്രത്യാശയും, പലപ്പോഴും നേരിടുന്ന അവിശ്വാസ കൊടുങ്കാറ്റിൽ നിന്ന് ഇളകാതെ ഉറപ്പിക്കുന്നു. എബ്രായ ലേഖകൻ ആ രൂപകാലങ്കാരം കൂടുതൽ വിശദമാക്കുന്നില്ല; ക്രിസ്ത്യാനികൾ അവരുടെ ജീവിത കൊടുങ്കാറ്റിൽ നങ്കൂരമിട്ട് ഭദ്രമാക്കുവാനായിരുന്നു ചിത്രീകരിച്ചത്.

**നമ്മുടെ പ്രത്യാശയുടെ വിശ്രമ സ്ഥലം (6:20)**

നമ്മുടെ പ്രത്യാശ, നമ്മുടെ വഴികാട്ടിയായ യേശുവിലാണ്. അവൻ നമുക്ക് മുൻപായി വഴി ഒരുക്കുവാൻ പോയി. മറ്റെല്ലാവരെക്കാളും ഉപരിയായി നാം അവനെ നോക്കണം (12:1, 2). "ദൈവത്തിനും നമുക്കും മദ്ധ്യേ തടസ്സമായി നില്ക്കുന്നത്, നമ്മുടെ ജീവിതം അവന് നൽകുവാൻ മടിക്കുന്നതല്ലാതെ മറ്റൊന്നുമല്ല."[52] അവൻ സ്വർഗ്ഗത്തിലേക്ക് പോയിരിക്കയാൽ, നമുക്ക് അവനെ പിൻപറ്റുവാനുള്ള വഴി ഉണ്ട്. സ്വർഗ്ഗത്തിൽ നമുക്കുള്ള പ്രത്യാശ ഭൂമിയിലുള്ള വസ്തുക്കളേക്കാൾ വലുതല്ലേ? കൊലൊസ്സ്യർ 3:1–4 ൽ നമ്മോട് പ്രബോധിപ്പിച്ചിരിക്കുന്നത് "ഉയരത്തിലുള്ളത്" ചിന്തിപ്പിൻ എന്നാണ്. നീതിമാൻമാരായി മരിച്ചവർ ക്രിസ്തുവിനോട് കൂടെ തേജസ്സിൽ പ്രത്യക്ഷരാകും. ക്രിസ്തു അവിടെ പോയിരിക്കയാൽ, നമ്മുടെ പ്രത്യാശ അവിടെ പോകുന്നതിൽ ആയിരിക്കണം.

---

കുറിപ്പുകൾ

[1]ഫിലിപ്പ് എഡ്കുംമ്പേ ഹൂഗ്സ്, *എ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി.,

1977), 195, എൻ. 33. [2]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് ആന്റ് ഓഫ് ദ എപ്പിസ്റ്റിൽ ഓഫ് ജെയിംസ്* (കൊളംമ്പസ്, ഓഹിയോ: വാർട്ട്ബർഗ് പ്രസ്സ്, 1946), 176. [3]എഫ്. എഫ്. ബ്രുസ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 112. [4]ജെയിംസ് റ്റി. ട്രാപ്പർ, ജൂനിയർ., *ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ്* (വീറ്റൺ, Ill.: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 140. [5]ഡൊണാൾഡ് ഗത്രി. , *ദ ലെറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി*, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 137. [6]ഗരേത്ത് എൽ. റീസ്, *എ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (മൊബെർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992), 84, എൻ. 12. [7]9:14 ലെ സന്ദർഭം വ്യക്തമാക്കുന്നത് ന്യായപ്രമാണ പ്രവൃത്തികളെയാണ്. അത്തരം പ്രവൃത്തികൾ ജഡികശുദ്ധി വരുത്തുന്നില്ല. ആ വാക്ക് പറയുന്നത്, "ന്യായപ്രമാണത്തിൽ നിന്ന് ക്രിസ്തുവിലേക്ക് തിരിയുക എന്നാണ്." [8]സൈമൺ ജെ. കിസ്റ്റേമേക്കർ, *എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ,ഹീബ്രൂസ്*,, ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 250. [9]മുൻപ് യഹൂദ മതാനുസാരികളുടെ സ്നാനം നടന്നിരുന്നോ എന്ന് വ്യക്തമല്ല. [10]ബ്രുസ്, 114 -16.

[11]ജോസെഫസ് *ആന്റിക്യുറ്റീസ്* 18.5.2. [12]കിസ്റ്റേമേക്കർ, 155. [13]നീൽ ആർ. ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ: എ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 122. [14]ജെയിംസ് ബർട്ടൺ കോഫ്മാൻ, പുതിയ നിയമത്തിൽ ഏഴ് സ്നാനമുള്ളതായി പറഞ്ഞിരിക്കുന്നു, ഒന്ന് പരിശുദ്ധാത്മാവിന്റെയും മറ്റൊന്ന് തീയാലുള്ളതുമാണ് (മത്താ. 3:11). വേറൊന്ന് യോഹന്നാന്റെതും (മത്താ. 3:16) മോശയുടേതും (1 കൊ. 10:2); കഷ്ടതയുടേയും (ലൂക്കൊ. 12:50); മരിച്ചവർക്കുള്ളതും (1 കൊ. 15:29); പിന്നീടുള്ളത് മഹത്തായ ആജ്ഞയിൽ വരുന്നതാണ് (മത്താ. 28:18–20). (ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ഹീബ്രൂസ്* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971], 117.) [15]2:4 ലെ ചർച്ച നോക്കുക. [16]ബ്രുസ്, 118. [17]പ്രവൃത്തി 18:21; 1 കൊ. 16:7; യാക്കൊ. 4:15 നോക്കുക. ജോസെഫസ് *ആന്റിക്യുറ്റീസ്* 20.11.3; ജോർജ്ജ് വെസ്ലീ ബക്കനാൻ, *ടു ദ ഹീബ്രൂസ്: ട്രാൻസിലേഷൻ, കമന്റ്, ആന്റ് കൺക്ലൂഷൻസ്*, ദ ആങ്കർ ബൈബിൾ, വാല്യം. 36 (ഗാർഡൻ സിറ്റി, എൻ. വൈ.: ഡബിൾഡേ, 1972), 105. [18]ആർതർ ഡബ്ളിയൂ. പിൻക്, (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 286. [19]ട്രാപ്പർ, 149. [20]ഹ്യൂഗ്സ്, 206.

[21]മോസസ് സ്റ്റുവർട്ട്, *എ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ലണ്ടൺ: വില്യം റ്റെഗ്ഗ് & കമ്പനി., 1856), 372. [22]ഗത്രി, 142. [23]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 124. [24]നീൽ ആർ. ലൈറ്റ്ഫുട്, *എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 2002), 8. [25]ആൽബർട്ട് ബാർണസ്, *നോട്ട്സ് ഓൺ ദ* ന്യൂ ടെസ്റ്റമെന്റ്: ഹീബ്രൂസ് ടു ജൂഡ് (ലണ്ടൻ: ബ്ലാക്കി & സൺ, 1884–85; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1985), 134. [26]ലെൻസ്കി, 186. [27]റോബർട്ട് മിലിഗൺ, *എ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയ്സ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്‌വില്ലേ: ഗോസ്പൽ അഡ്വാകേറ്റ് കമ്പനി., 1975), 223. [28]എറാസ്മുസ്

16 ാം നൂറ്റാണ്ടിൽ ഈ രീതിയിലാണ് പറഞ്ഞത്. (ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 125.) [29]"ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ലേഖകൻ വിവരിക്കുന്ന 'വീണുപേ ായവർ' തീർച്ചയായും മുൻപ് വാസ്തവത്തിലുള്ള ക്രിസ്ത്യാനികൾ ആയിരുന്നു" (ജെ റാൾഡ് എഫ്. ഹാവ്ത്രോൺ, "ഹീബ്രൂസ്," ഇൻ ദ ന്യൂ ഇന്റർനാഷണൽ ബൈബിൾ കമെന്ററി, എഡി. എഫ്. എഫ്. ബ്രൂസ്, എച്ച്. എൽ. എല്ലിസൺ, ആന്റ് ജി. സി. ഡി. ഹൗലീ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1986], 1515). [30]"സൂചിക്കുഴ" എന്ന ചിന്ത വലിയ ഒരു വസ്തുവോ ജീവിയോ ചെറിയ ഗെയിറ്റിൽ കൂടെ കടക്കുന്നതിനെയാണ് ചിത്രീകരിക്കുന്നത്.

[31]കൊലപാതകം, ഭോഷ്ക്ക്, മുതലായ പ്രത്യേക പാപത്തെ കുറിച്ച് പറയാതിരി ക്കുന്നതിനാൽ, പാപക്ഷമാപണത്തിനപ്പുറമായതും മാനസാന്തരത്തിന് തടസമായിരി ക്കുന്നതുമായ "ദൈവ ദൂഷണം" എന്ന ഹൃദയ മനോഭാവം ആയിരിക്കാം പറയുന്നത്. [32]മത്താ. 3:11, 12; 13:40–42, 50; 18:8; 25:41; മർ. 9:43, 48; ലൂക്കൊ. 3:16, 17; എബ്രാ. 10:27; 12:29; 2 പത്രൊ. 3:10–13; യൂദാ 7, 23; വെളി. 14:10; 20:10, 14, 15; 21:8; നോക്കുക 2 തെസ്സ. 1:7. [33]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 128. [34]ലെൻസ്കി, 195. [35]പിൻക്, 337. [36]ബ്രൂസ്, 129. [37]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 134; ഫിലൊ *ദ സാക്രിഫൈസസ് ഓഫ് ആബേൽ ആന്റ് കെയ്ൻ* 29.94–96; *എലിഗോറിക്കൽ ഇന്റർപ്രിറ്റേഷൻ* 3.72–73. [38]ലൈറ്റ്ഫുട്, *എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ്*, 83. [39]അഡോൾ ഡീസ്മാൻ, *ബൈബിൾ സ്റ്റഡീസ്*, ട്രാൻസ്. അലക്സാണ്ടർ ഗ്രീവ് (എഡിൻബർഗ്: റ്റി. & റ്റി. ക്ലാർക്, 1901), 104–9. [40]ലെൻസ്കി, 203.

[41]സങ്കേത പട്ടണം അപ്പോഴും ഒരു തടവ് പോലെയാണ്; ഒരു ചെറിയ തെളി വെങ്കിലും വിട്ടുപോയാൽ, "രക്ത പാതകത്തിന്" അയാളെ കൊന്നുകളയും. അതേ അർത്ഥം വരുന്ന "തടവ്" എന്ന വാക്കിന്റെ അർത്ഥം, "അഭയത്തിലേക്ക് ഓടുക" എന്നാണ്. (ഏഎസ്വി) LXX ൽ ആവർത്തനപുസ്തകം 4:42 ലും യോശുവ 20:6 ലും (ഇംഗ്ലീഷിൽ 20:9). (റീസ്, 100, എൻ. 78.) [42]ക്വോട്ടഡ് ഇൻ ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 131. എൻ. 27. [43]ഹാവ്ത്രോൺ, 1517. [44]ഡ്രാപ്പർ, 174. ക്രെയിഗ് ആർ. കോയെസ്റ്റർ പറഞ്ഞത്, അത് സൈന്യത്തിന്റെയോ കപ്പലിന്റെയോ മുന്നേറ്റത്തെ സൂചിപ്പിച്ചും, അല്ലെങ്കിൽ ജയിക്കുന്നതിന് ഓട്ടക്കാരൻ കൂട്ടം വിട്ട് ഓടുന്നതിനെയും സൂചിപ്പിക്കുന്നതാണ്. (ക്രെയിഗ് ആർ. കോയെസ്റ്റർ, *ഹീബ്രൂസ്: ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി*, ദ ആങ്കർ ബൈബിൾ, വാല്യം 36 [ന്യു യോർക്ക്: ഡബിൾഡേ, 2001], 330.) [45]ബ്രൂസ്, 132, എൻ. 83. [46]നോക്കുക, റോമർ. 6:3–5; 1 കൊ. 12:13; എഫെ. 5:26; കൊലൊ. 2:11, 12; തിത്തൊ. 3:5; എബ്രാ. 10:22; 1 പത്രൊ. 3:21. [47]മോസെസ് ഈ. ലാർഡ്, *കമെന്ററി ഓൺ പോൾസ് ലെറ്റർ ടു റോമൻസ്* (ലെ ക്സിങ്ടൺ, കീ.: എൻ. പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 386. [48]പിങ്ക്, 293. [49]വില്യം ബാർക്ലേ, *ദ ലെറ്റർ ടു ദ ഹീബ്രൂസ്,* 2 ഡ്. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1957), 60. [50]ഈ അക്രോണിം എന്ന വാക്ക് പ്രതിനിധീകരിക്കു ന്നത്, *ലെസസ്* ആണ് ("ജീസസ്"), *ക്രിസ്റ്റോസ്* ("ക്രിസ്തു"), തെയോസ് ("ദൈവം") ലൂയിയോസ് ("പുത്രൻ"), സോട്ടർ ("രക്ഷകൻ").

[51]പ്രെസില്ല ജെ. ഓവെൻസ്, "നമുക്ക് ഒരു നങ്കൂരം ഉണ്ട്," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* കോമ്പ് ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ: ഹോവർഡ് പബ്ലിഷിങ് കമ്പനി., 1994). [52]ഡ്രാപ്പർ, 174.